# കരയോഗ സൗഹൃദം

*സത്യം പരം ധീമഹീ*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 44

വാല്യം - 15 ലക്കം - 1 ധനു - 1198 ജനുവരി 2023



97-ാമത് എറണാകുളം കരയോഗം സ്ഥാപകദിനത്തോടനുബന്ധിച്ച് വിഘ്നേശ്വരക്ഷേത്രത്തിൽ നടത്തിയ വിശേഷാൽ പൂജകളും തുടർന്ന് 2022 ലെ കരയോഗ കുടുംബസംഗമത്തിൽ നടത്തപ്പെട്ട പരിപാടികളും













# ഉള്ളടക്കം

വാല്യം 15 | ലക്കം 1 | 2023


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 8 |
| ക്ഷേത്രങ്ങളിലൂടെ. | 9 |
| ശ്രീമഹാഭാഗവതം | 12 |
| കാശ്മീർ-മരുഭൂമിയിലെ പറുദീസ | 17 |
| യൂറോപ്പിലെ വ്യാവസായിക വിപ്ലവം | 19 |
| കർമ്മോത്തേജനം | 21 |
| ചർമ്മം | 24 |
| കൈകേയി | 26 |
| ജീവിത ചിന്തകൾ | 29 |
| ആത്മാനാം ചേൽ വിജാനീയത് | 31 |
| ശുഭദിനം | 34 |
| ഈശ്വരൻ നമ്മളിൽ | 37 |
| ഉത്സവ കേളി | 40 |
| മാസഫലം | 41 |
| മാട്രിമോണിയൽ. | 42 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**




## എഡിറ്റോറിയൽ

# സ്വാഗതാർഹം അഭിനന്ദനീയം ഈ വിധി

**ത**മിഴ്നാട്ടിൽ ഒരു വില്ലേജുണ്ട് പേര് ഓഡൻതുറൈ. ഒരു സ്വയം പര്യാപ്ത വികസിതവില്ലേജ്. ഭാരതം മാത്രമല്ല, മുഴുവൻ ലോകവും മാതൃകയാക്കേണ്ട ഒരു മോഡൽ വില്ലേജ്. 1996ന് മുമ്പ് മറ്റ് വില്ലേജുകളെ പോലെ വൈദ്യുതിയില്ലാത്ത, കുടിവെള്ളത്തിനു വേണ്ടി ഏറെ കഷ്ടപ്പെട്ടിരുന്ന, ഗതാഗതത്തിന് മതിയായ റോഡുകളില്ലാത്ത, തലചായ്ച്ചുറങ്ങാൻ കൂടുതലും ചെറിയകുടിലുകൾ മാത്രമുണ്ടായിരുന്ന ഒരു വില്ലേജായിരുന്നു ഓഡൻതുറൈയും. എന്നാൽ അവിടെ 96നുശേഷം വന്ന വില്ലേജ് സമിതികൾ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവെച്ചത്. ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ഭരിക്കേണ്ടത് എങ്ങനെ എന്നവർ കാട്ടിക്കൊടുത്തു. സാധാരണ എല്ലാ വില്ലേജുകൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ മാത്രമാണ് സർക്കാരിൽ നിന്ന് അവർക്കും ലഭിച്ചിരുന്നത്. എന്നാൽ മറ്റ് പലയിടത്തുമുള്ളതുപോലെ കമ്മീഷനും കൈക്കൂലിയുമില്ലാതെ, കിട്ടുന്ന പണം മുഴുവനും നാടിനുവേണ്ടി ചിലവഴിച്ചു-അഴിമതിയില്ലാതെ ധൂർത്തില്ലാതെ. ഇന്ന് അവിടെ പണ്ടുണ്ടായിരുന്ന കുടിലുകളുടെ സ്ഥാനത്ത് സാമാന്യം ഭേദമായ വീടുകൾ. എല്ലാ വീട്ടിലും സോളാർ എനർജി, എല്ലാവർക്കും നല്ല ശുദ്ധമായ കുടിവെള്ളം. റോഡുസൗകര്യം പറയുകയും വേണ്ട. എങ്ങനെ ഇത് സാധിച്ചു എന്ന മീഡിയായുടെ ചോദ്യത്തിന് ഒറ്റ ഉത്തരമാണ്. അഴിമതിയില്ലാതെ, കിട്ടുന്ന പണം മുഴുവനും ജനനന്മക്കായി ഉപയോഗിക്കുന്നു, അത്രമാത്രം. ഇതിപ്പോൾ ഇവിടെ പറയുവാൻ കാരണം അഴിമതിരഹിതമായ ഭരണ സംവിധാനം നിലവിൽ വന്നാൽ എത്ര വേഗം നാട് പുരോഗമിക്കും എന്ന് കാ

ണിക്കുന്നതിന് വേണ്ടിയാണ്. അതിനുവേണ്ടി നമ്മുടെ നാടിന്റെ ശാപമായി മാറിക്കഴിഞ്ഞിരിക്കുന്ന, നാടിനെ ആകെ ഗ്രസിച്ചിരിക്കുന്ന സർക്കാർ അഴിമതിക്കും രാഷ്ട്രീയ കമ്മീഷനും ഉദ്യോഗസ്തതല കൈക്കൂലിക്കും അന്ത്യം കുറിക്കുവാൻ പര്യാപ്തമായ ഒരു വിധി നമ്മുടെ ബഹു. സുപ്രീംകോടയിൽ നിന്നുമുണ്ടായിരിക്കുന്നു. നാടിനെ അഴിമതിമുക്തമാക്കണമെന്നാഗ്രഹിക്കുന്നവർക്ക് ആഹ്ലാദം പകരുന്ന ഒരു വിധി. നമ്മുടെ നാട്ടിൽ നിലവിലുണ്ടായിരുന്നത് 1988ലെ അഴിമതിനിരോധന നിയമമാണല്ലോ അതിൽ പലപ്പോഴായി പല കൂട്ടിച്ചേർക്കലുകളും വരുത്തിയിട്ടുമുണ്ട്. എന്നിരുന്നാലും നിലവിലുണ്ടായിരുന്ന ഈ നിയമത്തിൽ അഴിമതിക്കാർക്ക് രക്ഷപെടാൻ തക്കവണ്ണം ധാരാളം പഴുതുകളുള്ളതായിരുന്നതുകൊണ്ട് കൈക്കൂലിക്കാരായ സർക്കാർ ഉദ്യോഗസ്ഥരും കമ്മീഷൻ കാരായ രാഷ്ട്രീയക്കാരും ഒക്കെ വല്ലപ്പോഴും ഒന്നു പിടിക്കപ്പെടാറുണ്ടായിരുന്നെങ്കിലും മിക്കവരും ശിക്ഷിക്കപ്പെടാതെ രക്ഷപെടുകയായിരുന്നല്ലോ. വീടുവെയ്ക്കുന്നതിന് വേണ്ടിയുള്ള അനുവാദത്തിനാകട്ടെ, വൈദ്യുതി കണക്ഷനു വേണ്ടിയാകട്ടെ സർക്കാർ ആനുകൂല്യങ്ങൾക്കു വേണ്ടിയുള്ളതാകട്ടെ ഏതപേക്ഷയായാലും ശരി അതൊടൊപ്പം "വേണ്ടത്" ചെല്ലാതെ പാസ്സാക്കി കിട്ടില്ല എന്ന അവസ്ഥയാണ് പല ഓഫീസുകളിലും നിലവിലുള്ളത്. ഈ കാരണം തന്നെയാണ് സ്വാതന്ത്ര്യം കിട്ടിയ കാലം മുതൽ ഇതുവരെയും ഭരിച്ച പല സർക്കാരുകളും നടപ്പാക്കിയ പദ്ധതികളിൽ പലതും പരാജയപ്പെടുകയോ അപൂർണ്ണമായി അവിടവിടെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുകയോ ചെയ്യുന്നത് നമ്മുടെ പഞ്ചവത്സരപദ്ധതികൾ ഇതിന് സാക്ഷ്യം വഹിക്കുന്നു. പോരെങ്കിൽ കാണൂ, നമ്മുടെ പാലാരിവട്ടം പാലവും പണികഴിഞ്ഞ് ദിവസങ്ങൾക്കുള്ളിൽ താറുമാറാകുന്ന റോഡുകളും ഒക്കെ അഴിമതിയുടെ ഇരുണ്ട ഭൂതമായി അതിന്റെ നീണ്ട ദംഷ്ട്രവും കാട്ടി നമ്മെ നോക്കി പുച്ഛിച്ചു ചിരിച്ചുകൊണ്ട് നില്ക്കുന്നത്. ഇങ്ങനെയുള്ള പല പദ്ധതികൾ കൊണ്ട് കുറെ അഴിമതിക്കാർ തടിച്ചുകൊഴുത്തു എന്നതല്ലാതെ ഈ നാട്ടിലെ സാധാരണക്കാരായ പൗരന്മാർക്ക് എന്തു ഗുണമാണുണ്ടായിട്ടുള്ളത്.?

പിന്നെ നിലവിലുള്ള ലോകായുക്ത നിയമവും അതിന്മേൽ നടക്കുന്ന വാദകോലാഹലങ്ങളും നിയമത്തെ ചിലരുടെ കൈപ്പിടിയിലൊതുക്കാനുള്ള ശ്രമങ്ങളും എല്ലാം എല്ലാവർക്കും അറിവുള്ളതാണല്ലോ? ഇത്തരക്കാർക്കെല്ലാം കൂച്ചു വിലങ്ങിടുവാൻ പര്യാപ്തമായ വിധത്തിലാണ് ബഹു. സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ചിൽ നിന്നും ഉണ്ടായിരിക്കുന്ന വിധി. മുമ്പുണ്ടായിരുന്ന ലൂപ്ഹോൾസ് എല്ലാം അടച്ചുകൊണ്ട്, പരാതിക്കാരൻ പരാതി പിൻവലിച്ചാലും സാക്ഷി കൂറുമാറിയാലും പെറ്റീഷണർ മരണമടഞ്ഞാലും ഒന്നും കേസ് റദ്ദാക്കപ്പെടുകയില്ല. മാത്രവുമല്ല കൈക്കൂലി ചോദിച്ചത് തെളിയിക്കണം. ചോദിക്കാതെ കൊടുക്കുന്നത് ഗിഫ്റ്റ് ആയി കണക്കാക്കാം. ഇങ്ങനയൊക്കെയുള്ള പണ്ടുണ്ടായിരുന്ന പഴുതുകളൊക്കെ അടച്ചുകൊണ്ടുള്ള ഒരു വിധി. ഇതു മാത്രമല്ല സാഹചര്യതെളിവുകളുണ്ടെങ്കിലും ഇനി മുതൽ ശിക്ഷിക്കപ്പെടാം എന്തായാലും ശരി, ഈ നാടിനെ അഴിമതിയുടെ നീരാളി പിടുത്തത്തിൽ നിന്നും മോചിപ്പിക്കുവാൻ ഉതകും ഈ വിധി എന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഇവിടെ ആദ്യം പ്രതിപാദിച്ച മാതൃകാഗ്രാമം പോലെ, അഴിമതിരഹിതമായ പ്രവർത്തനം ഉണ്ടാകുമ്പോൾ അല്ലലില്ലാത്ത, സുഖസമൃദ്ധിയിൽ ജീവിക്കുന്ന ഒരു സമൂഹമാകും നമ്മുടേത്. അതിന് വഴിയൊരുക്കിയിരിക്കുന്ന ബഹു. സുപ്രീം കോടതിക്ക് ഞങ്ങളുടെ അഭിനന്ദനങ്ങൾ.

അഴിമതിയില്ലാത്ത, അക്രമമില്ലാത്ത ജാതിമതരാഷ്ട്രീയപക്ഷപാതമില്ലാത്ത ഒരു നല്ല നാളെ സ്വപ്നം കാണുന്ന നല്ലവരായ എല്ലാ അംഗങ്ങൾക്കും വായനക്കാർക്കും നവവത്സരാശംസകൾ നേരുന്നു. 2023 രോഗപീഡകളില്ലാത്ത, പ്രകൃതിക്ഷോഭങ്ങളില്ലാത്ത, ശാന്തിയുടെയും സമാധാനത്തിന്റെയും സമൃദ്ധിയുടെയും നാളുകളായിരിക്കട്ടെ! വരും വർഷങ്ങളിൽ നമ്മുടെ രാജ്യം ഉന്നതിയിൽ നിന്നും ഉന്നതിയിലേക്കുയരട്ടെ! നാടിനും നാട്ടാർക്കും നന്മകൾ മാത്രം ഭവിക്കട്ടെ.!

വന്ദേ മാതരം

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

## ഏവർക്കും പുതുവത്സരാശംസകൾ

*പ്രിയ കരയോഗാംഗങ്ങളെ,*

**2023** സമാധാനത്തിന്റെയും സന്തോഷത്തിന്റേയും ദിവസങ്ങൾ ആയിരിക്കട്ടെ എന്നാശംസിക്കുന്നു.

ഇലക്ട്രോണിക് യുഗത്തിൽ ജീവിക്കുന്ന ഈ തലമുറയും അവരോടൊപ്പം മത്സരിച്ച് കടന്നുപോകുന്ന പഴയ തലമുറയും. ബന്ധങ്ങളുടേയും സ്നേഹത്തിന്റേയും കാര്യത്തിൽ, നാം ഈ നവയുഗത്തിൽ പുറകോട്ടു തന്നെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ആരോടു ചോദിച്ചാലും സമയം ഇല്ല, തിരക്കാണ് എന്ന് സൂചിപ്പിക്കുകയും കിട്ടുന്ന സമയം മുഴുവൻ പഴയ നമ്മുടെ മുൻ തലമുറക്കാരുടെ മുറുക്കാൻ ചെല്ലത്തിലെ ചുണ്ണാമ്പ് എടുത്ത് വെറ്റിലയിൽ തേയ്ക്കുന്നത് പോലെ പരിസരം പോലും മറന്ന് മൊബൈലിൽ, ഈ ലോകത്തെ തന്റെ വിരൽ തുമ്പിലൂടേ തന്റെ അധീനതയിൽ ആക്കിയെന്ന വിശ്വാസത്തോടെ, കണ്ടതും കേട്ടതും അറിവുള്ളതും അറിവില്ലാത്തതും സത്യവും സത്യവിരുദ്ധവുമായ വാർത്തകൾ പരസ്പരം കൈമാറുവാനും അതിലൂടെ ലൈക്കുകൾ സംഭരിക്കുവാനുമുള്ള വ്യഗ്രതയിലാണ്. അങ്ങനെ ആത്മസംതൃപ്തിയും നേടുന്നു.

സ്വന്തം കുടുംബാംഗങ്ങളുമായി ദിവസത്തിൽ ഒരു മണിക്കൂറെങ്കിലും സംസാരിക്കുവാനോ തങ്ങളുടെ പ്രശ്നങ്ങളേയും അതിനുള്ള പരിഹാരമാർഗ്ഗങ്ങളേയും പറ്റി ചർച്ച ചെയ്യുവാനോ കുടുംബാംഗങ്ങളുമായി ഒത്തൊരുമിച്ച് ഇരുന്ന് ഭക്ഷണം കഴിക്കുവാനോ നമ്മളിൽ എത്ര പേർക്ക് കഴിയുന്നുണ്ട്? കഴിയുന്നില്ല എന്നതാണ് വാസ്തവം. നമ്മുടെ കുട്ടികളെ കുറ്റം പറയുവാൻ കഴിയുമോ? യുവതലമുറയുടെ ചിന്താഗതികളും ജീവിതശൈലിയും കൂട്ടുകെട്ടും സസൂക്ഷ്മം ശ്രദ്ധിക്കുവാൻ എത്ര മാതാപിതാക്കൾക്ക് കഴിയുന്നുണ്ട് എന്ന് ചിന്തിക്കണം. ഇന്ന് ലോകം മദ്യത്തിനും ലഹരിമരുന്നുകൾക്കും അടിമപ്പെട്ടിരിക്കുന്നു. വിശാലമായ ഈ ഭൂമിയുടെ ഒരു കോണിൽ പടവലങ്ങ നീളത്തിൽ കിടക്കുന്ന കൊച്ചു കേരളം ഇന്നു ലഹരിയടേയും കള്ളക്കടത്തിന്റേയും തീവ്രവാദത്തിന്റേയും പേരിൽ കുപ്രസിദ്ധി നേടിയിരിക്കുന്നു. അമിതമായ രാഷ്ട്രീയവൽക്കരണശൈഥില്യവും നമ്മുടെ യുവതലമുറയിലെ ഒരു വിഭാഗം തീവ്രമായ മതചിന്തകൾക്ക് അടിമപ്പെട്ട് തെറ്റായ വഴിയിലൂടെ സഞ്ചരിക്കാനും ഇടയായിട്ടുള്ളതും തീർത്തും അനഭിലഷണീയമാണ്. ഇതിൽ നിന്നും ഒരു മോചനം അ

നിവാര്യമാണ്. എന്ന് എങ്ങനെ, എപ്പോൾ എന്ന കാര്യത്തിൽ മാത്രമാണ് നമുക്ക് ചിന്താകുഴപ്പം. സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞാൽ ഒരു ശരാശരി മലയാളിയുടെ ആദ്യത്തെ ആഗ്രഹം എങ്ങനെ എങ്കിലും ഇന്ത്യ വിട്ട് യുറോപ്യൻ രാജ്യങ്ങൾ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് ജോലി തേടി പോകണമെന്ന് ആയിരിക്കുന്നു. എന്തുകൊണ്ട് നമ്മുടെ കുട്ടികൾക്ക് ഈ ചിന്താഗതി വന്നു എന്ന് നമ്മൾ ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? പഠിക്കുവാൻ ശ്രമിച്ചിട്ടുണ്ടോ? എന്തെങ്കിലും പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ? ഇവിടുത്തെ ഭരണകർത്താക്കളും അവരെ നിലനിർത്തുന്ന രാഷ്ട്രീയക്കാരും അവരെ നിലനിർത്തുന്ന വോട്ടർമാരായ ഞാനും നിങ്ങളും അടങ്ങുന്ന ഈ സമൂഹമാണ് അതിനു കാരണം.

സാമാന്യം വിദ്യാഭ്യാസം നേടി ഉന്നത നിലവാരമുള്ള ഉദ്യാഗാർത്ഥികളായ നമ്മുടെ കുട്ടികൾക്ക് ഈ നാട്ടിൽ ഒരു നല്ല ജോലി കിട്ടുമെന്ന യാതൊരു ഉറപ്പുമില്ല. അതല്ലെങ്കിൽ സ്വന്തം കഴിവനുസരിച്ച് സ്വയം തൊഴിൽ എന്ന രീതിയിൽ ചെറുകിടയോ വൻകിടയോ ആയ വ്യാപാരവ്യവസായ പ്രസ്ഥാനം തുടങ്ങണമെന്നു വച്ചാൽ അതിന് ഇവിടുത്തെ ധനകാര്യസ്ഥാപനങ്ങൾ, സർക്കാർ, രാഷ്ട്രീയ മേലാളന്മാർ എന്നിവരുടെ കാരുണ്യവും കടാക്ഷവും വേണം. അല്ലെങ്കിൽ സ്ഥാപനം പൂർത്തിയാകുന്നതിനു മുമ്പ് ആത്മഹൂതിയായിരിക്കും ഫലം. നാം മാറി ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്ഥിരമായുള്ള വ്യവസ്ഥാപിത രാഷ്ട്രീയ താല്പര്യങ്ങൾക്കപ്പുറമായി ഒരു പുതിയ കേരളത്തെ കെട്ടിപ്പെടുക്കുവാനും നമ്മുടെ മക്കളെ നമ്മോടു ചേർത്തു നിർത്തുവാനും സ്ഥായിയായ താൽപര്യം നമുക്കുണ്ടാകണം ഇല്ലെങ്കിൽ മക്കളുണ്ടായിട്ടും മക്കളില്ലാതെ ജീവിക്കുന്ന ഒരു വൃദ്ധസമൂഹമായി കേരളം മാറുന്നത് അധികവിദൂരമല്ലാതെ കാണുവാൻ കഴിയും. അതിന്റെ അവസ്ഥ ഭീകരവുമായിരിക്കും. കേരളമനസ്സാക്ഷിക്ക് അലിവും കാരുണ്യവും സ്നേഹവും ഉണ്ടാകട്ടേയെന്നും എല്ലാവരേയും ചേർത്തു പിടിക്കുവാനും "വസുധൈവകുടുംബകം" എന്ന സങ്കൽപത്തിൽ ഊന്നി ജീവിക്കുവാനും കഴിയട്ടേ എന്നും ആത്മാർത്ഥമായി ഈ പുതുവത്സരത്തിൽ ആശംസിക്കുന്നു.

2023 ജനുവരി 15-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് എറണാകുളം കരയോഗം സാംസ്ക്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അയ്യപ്പഭക്തിഗാനങ്ങൾ ടി.ഡി.എം. ഹാളിൽ നടത്തുന്നു.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ ജനുവരി 24 ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ഭരതനാട്യം ടിഡിഎം ഹാളിൽനടത്തുന്നതാണ്.

ജനുവരി 28-ാം തീയതി വൈകുന്നേരം 5 മണിക്ക് ടി.ഡി.എം. ഹാളിൽ വച്ച് എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിലെ പൈതൃക മന്ദിരങ്ങൾ, പിന്നാമ്പുറങ്ങൾ എന്ന വിഷയത്തെ അധികരിച്ച് ശ്രീ. വി.എൻ. വേണുഗോപാൽ സംസാരിക്കുന്നു.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## പുരാണേതിഹാസങ്ങൾ

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

ലോകസാഹിത്യത്തിൽ ഭാരതീയ സംസ്കാരത്തിന്റെ ഉറവിടങ്ങളാണ് ഇതിഹാസങ്ങളും പുരാണങ്ങളും. ജനങ്ങളുടെ ജീവിതാനുഭവങ്ങളുമായി ചേർന്നു നിൽക്കുന്ന കഥാസന്ദർഭങ്ങൾ ഇവയിലുള്ളത് കൊണ്ടാണ് അവയുടെ പ്രസക്തി ഇന്നും നിലനിൽക്കുന്നത്. പുരാണമെന്നാൽ പുരാണകാലം മുതൽ ഉള്ളത് എന്നാണ്. ഭാരതീയ സംസ്കൃതിയിലും സാഹിത്യത്തിലും പുരാണങ്ങൾക്ക് പ്രമുഖമായ സ്ഥാനം തന്നെയാണുള്ളത്. നമ്മുടെ പ്രാചീന സംസ്കാരത്തെയും സനാതനധർമ്മത്തെയും ചരിത്രവിജ്ഞാനത്തേയും പ്രകാശിപ്പിക്കുന്ന തേജഃപുഞ്ജങ്ങളാണ് ഇവ. ഇതിഹാസപുരാണങ്ങളെ പഞ്ചമവേദമെന്നും പറയുന്നു. പുരാണങ്ങളാണ് ജനമനസ്സുകളെ കൂടുതൽ സ്വാധീനിച്ചിട്ടുള്ളത്. ധർമ്മാനുഷ്ഠാനത്തിൽ പ്രമാണങ്ങളായി ഹിന്ദുക്കൾ കാണുന്നതും പുരാണങ്ങളെയാണ്. ഹിന്ദുമതത്തിന്റെ നവോത്ഥാന കാലഘട്ടത്തിലാണ് പുരാണങ്ങൾ രചിക്കപ്പെട്ടത്. വ്യാസനാണ് ഇതെല്ലാം രചിച്ചതെന്നാണ് ബഹുപണ്ഡിതപക്ഷം.

വ്യാസപുത്രനായ ശ്രീശുക മഹർഷി പരീക്ഷിത്തുമഹാരാജാവിനു ഉപദേശിച്ചുകൊടുത്ത ഈശ്വരമാഹാത്മ്യമാണ് ശ്രീമഹാഭാഗവതം. മുനിശാപമേറ്റ രാജാവിനെ മരണഭയത്തിൽ നിന്ന് രക്ഷിക്കാനുള്ള മാർഗ്ഗോപദേശമായിരുന്നു ഇത്. ഇത് അവിടെയിരുന്ന ഒരു സൂതൻ കേൾക്കുകയുണ്ടായി. ഈ സൂതൻ ശൗനകാദി മുനിമാർക്ക് പറഞ്ഞുകൊടുക്കുന്നതാണ് ഭാഗവതകഥ. സമസ്ത ജീവജാലങ്ങൾക്കും മാനവരാശിയെ തന്നെയും മരണഭയത്തിൽ നിന്നു രക്ഷനേടാനുള്ള മന്ത്രമായി ഈ മഹാപുരാണം ഗണിക്കപ്പെടുന്നു.

ആത്മാവിന്റെ ക്ഷേത്രമാണ് ജഗത്ത്. ക്ഷേത്രം ശരീരമാണ് അങ്ങനെയെങ്കിൽ ബ്രഹ്മശരീരമാണ് ജഗത്ത്. ഈ ജഗത്താണ് ഭാഗവതത്തിലെ നൈമിശാരണ്യം. ഈ ജഗത്തിൽ കാമക്രോധലോഭമോഹാദികളാകുന്ന ക്രൂരമൃഗങ്ങൾ കുടി പാർക്കുന്നു. മനുഷ്യജീവിതത്തിലെ കർമ്മമാണ് യജ്ഞം. ആ യജ്ഞം തത്ത്വചിന്തയിലേക്ക് വഴിതുറക്കുന്നു. അവിടെയാണ് സൂതൻ എത്തുന്നത്. ഈ ശാസ്ത്രമാണ് ഭാഗവതം വെളിച്ചത്തു കൊണ്ടുവരുന്നത്.

കലിയുഗപീഡയാൽ വലയുന്ന ജനത്തിന് പ്രയോജനപ്രദമായി ഭാഗവതം പോലൊരു ഗ്രന്ഥമില്ല. മഹാഭാരതം രചിച്ച വേദവ്യാസന് തൃപ്തിയില്ലായ്മ തോന്നിയതുകൊണ്ടാണ് അദ്ദേഹം സമാധിയിലിരുന്നുകൊണ്ട് ഭാഗവതം രചിച്ചത് എന്ന് വിശ്വസിക്കപ്പെടുന്നു.

ഭാഗവതമാകുന്ന മഹാസമുദ്രത്തെ ഭക്തിയാകുന്ന കടകോൽ കൊണ്ട് കടഞ്ഞെടുത്ത അമൃതാണ് നാരായണീയം. ഇതിൽ നിന്നും നാരായണീയവും ഭാഗവതവും തമ്മിലുള്ള ബന്ധത്തെ നമുക്ക് വായിച്ചെടുക്കാം. തന്റെ ഇഷ്ടദേവനായ കൃഷ്ണന്റെ അവതാരകഥ ഇത്രയും ഭക്തിഭാവം മുൻനിർത്തി വർണ്ണിച്ചിട്ടുള്ള ഭാഗവതം പോലെ മറ്റൊരു പുരാണവും ഇല്ലതന്നെ.

സൂത്രങ്ങളും സൂത്രഭാഷ്യങ്ങളും രചിക്കപ്പെട്ടതോടെയാണ് പുരാണങ്ങൾക്ക് വ്യക്തത കൈവരുന്നത്. ലൗകികവും അലൗകികവുമായ ആഖ്യാനോപാഖ്യാനങ്ങൾ വഴി പണ്ഡിതർക്കും പാമരർക്കും ഒരു പോലെ രസിക്കത്തക്കവിധം ലളിതമായ ഭാഷയിൽ പ്രതിപാദിക്കുന്ന ഗ്രന്ഥസമുച്ചയമാണ് പുരാണങ്ങൾ. മഹാപുരാണവും ഉപപുരാണവും സ്ഥലപുരാണവും കുലപുരാണവും പുരാണങ്ങളുടെ രേഖകളിൽപെടുന്നു. പത്തു ലക്ഷണങ്ങളോടു കൂടിയ പതിനെട്ട് മഹാപുരാണങ്ങളും അഞ്ചു ലക്ഷണങ്ങളോടുകൂടിയ ഉപപുരാണങ്ങളും നമുക്കുണ്ട്.

ഇനി ഒരു പുരാണകഥയായാലോ? വായിച്ചോളു– അമ്പാടി ലീല ശ്രീകൃഷ്ണാവതാര കഥയിൽ, രാമായണത്തിലെ പരമഭക്തയായ ശബരി ഒരു പഴക്കച്ചവടക്കാരിയായി അമ്പാടിയിൽ ചെന്നെത്തുന്ന ഒരു രംഗമുണ്ട്.

ഉണ്ണികൃഷ്ണന്റെ രണ്ടുകൈകളിലും ശബരി പഴങ്ങൾ നൽകി സന്തോഷിപ്പിച്ചു. എല്ലാവർക്കും സദ്ഫലങ്ങൾ അനുഗ്രഹങ്ങളായി നൽകുന്ന ശ്രീകൃഷ്ണ ഭഗവാൻ ഫലാർത്ഥിയായി, ഫലം ആഗ്രഹിച്ചവനായി മാറി. പഴങ്ങൾ സ്വീകരിച്ചുകൊണ്ട് ഭഗവാൻ കുറച്ചു ധാന്യമണികൾ പഴക്കാരിയുടെ പാത്രത്തിൽ ഇട്ടുകൊടുത്തു.

'നല്ലതുവരട്ടെ!' – ഭഗവാൻ അനുഗ്രഹിച്ചു. എന്തായിരുന്നുവെന്നോ ആ അനുഗ്രഹത്തിന്റെ ഫലം? പഴങ്ങൾകൊണ്ടുവന്ന പാത്രങ്ങൾ നവരത്നങ്ങളെക്കൊണ്ട് നിറഞ്ഞു.

ആയുരാരോഗ്യസൗഖ്യവും അന്ത്യത്തിൽ മോക്ഷവും നൽകി കൃഷ്ണൻ ശബരിയെ അനുഗ്രഹിച്ചു.

ഭഗവാന് എന്തു സമർപ്പിക്കുമ്പോഴും പിശുക്ക് പാടില്ല. സമർപ്പിക്കുന്നതിന്റെ പതിൻമടങ്ങ് സദ്ഫലങ്ങളായി കൃപയായി അദ്ദേഹം മടക്കി നൽകും.

ശ്രീകൃഷ്ണഭഗവാന്റെ അമ്പ് ആടിയ ലീലയാണ് അമ്പാടിയിൽ തന്നെ വധിക്കാൻ വന്നെത്തിയ പൂതന, തൃണാവർത്തൻ, ശകടാസുരൻ എന്നിവർക്ക് ഭഗവാൻ അൻപ്, ദയ, കരുണ, മോക്ഷം എന്നിവയെല്ലാം നൽകിയ സ്ഥലം അമ്പാടി.

കടപ്പാട്: ശ്രീമദ് ഭാഗവതം ദശമസ്ക്കന്ധം
11–ാം അദ്ധ്യായം, 11–ാം ശ്ലോകം

***എല്ലാകൂട്ടുകാർക്കും പുതുവർഷാശംസകൾ!***

*****





# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

**അ**ടുത്ത കാലത്ത് കൊച്ചിയിലെ ഒരു കട പരിശോധിക്കേണ്ടതായി വന്നു. സാമാന്യം വലിയകടയാണ്. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന കട കൊറോണയ്ക്കുശേഷം വലിയ നഷ്ടത്തിലാണ്. കട പരിശോധിച്ചപ്പോൾ യാതൊരു കുഴപ്പങ്ങളും കണ്ടില്ല. ധാരാളം കാർ പാർക്കിങ്ങും, മറ്റു സൗകര്യങ്ങളും ഉള്ള കടയാണ്. കടയെ നിയന്ത്രിച്ചിരുന്ന കോർപ്പറേറ്റ് ഓഫീസ് മറ്റൊരു സ്ഥലത്തായിരുന്നത് കൊറോണ തുടങ്ങിയപ്പോൾ കടയുടെ രണ്ടാം നിലയിൽ ശരിയാക്കി എടുത്തതാണ്. ഇതു നല്ല ഓഫീസാണെങ്കിലും അവിടെ ഓരോ സീറ്റും ശരിയായ തീരുമാനങ്ങൾ എടുക്കുവാൻ പറ്റാത്ത സ്ഥലത്താണ്. ഇതിനോടു കൂടി കൊടുത്തിരിക്കുന്ന Sketch 'A' നോക്കുക. Lift വഴിയും, Stair വഴിയും വന്നാലും ഓഫീസിലേക്കുള്ള കയറുന്ന വാതിൽ ഓഫീസിന്റെ കിഴക്കുവടക്കാണ്. വാതിൽതുറന്നു കയറുന്ന മുറിയിൽ മാനേജറും, അക്കൗണ്ടന്റും ഇരിക്കുന്നു. മാനേജർ തെക്കോട്ടുതിരിഞ്ഞും, അക്കൗണ്ടന്റ് വടക്കുപടിഞ്ഞാറും ഇരിക്കുന്നു. രണ്ടുപേരും ചുമരിനോട് നോക്കിയാണ് ഇരിക്കുന്നത്. കംമ്പ്യൂട്ടറും മറ്റുസാധനങ്ങളും സൗകര്യമായി വയ്ക്കുന്നതിനാണ് ഇങ്ങനെ ഇരിക്കുന്നത്. അടുത്ത മുറിയിലേക്കു കടന്നാൽ രണ്ട് ഡയറക്ടർമാർ ഇരിക്കുന്നുണ്ട്. ഒരാൾ കിഴക്കുതെക്ക് മൂലയിൽ വടക്കോട്ടുതിരിഞ്ഞിരിക്കുന്നു. മറ്റൊരാൾ വടക്കുപടിഞ്ഞാറുമൂലയിൽ കിഴക്കോട്ടു തിരിഞ്ഞിരിക്കുന്നു. ഒരാളുടെ മേശ കിഴക്കെ ചുമരിലും, മറ്റെയാളുടെ മേശ വടക്കെ ചുമരിലും മുട്ടിയിരിക്കുന്നു. മുറിയുടെ തെക്കുപടിഞ്ഞാറു ഭാഗത്ത് ധാരാളം സ്ഥലം ഒഴിച്ചിട്ടിരിക്കുന്നു. വാതിൽ തുറന്നു വരുന്നവർക്ക് രണ്ടുപേരെയും കാണുന്നതിനും, വരുന്നവരെ വേഗം സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്.

ചിത്രം 'B' നോക്കുക. Lift ഇറങ്ങി വന്നാലും, Stair വഴി വന്നാലും ഓഫീസിന്റെ വാതിൽ കിഴക്കു വടക്കാണുള്ളത്. വാതിൽ ഇപ്പോൾ നിൽക്കുന്നത് നല്ല സ്ഥലത്താണ്. മാനേജറെ തെക്കുപടിഞ്ഞാറെ മൂലയിൽ കിഴക്കോട്ടു തിരിച്ച് മേശ തെക്കെചുമരിൽ ചേർത്ത് ഇട്ടു. അക്കൗണ്ടന്റിനെ പടിഞ്ഞാറുവശത്ത് കിഴക്കോട്ടു തിരിച്ച് വടക്കുവശത്തുകൂടി കടക്കുവാൻ പാകത്തിന് ഇരുത്തി. ഡയറക്ടറുമ്മാരുടെ റൂമിൽ കടന്നാൽ രണ്ടു പേരെയും പടിഞ്ഞാറുവശത്ത് കിഴക്കോട്ടു തിരിച്ചിരുത്തി. സീനിയർ ആളെ ചിത്രത്തിൽ കാണുന്നതുപോലെ തെക്കുപടിഞ്ഞാറെ മൂലയിൽ കിഴക്കോട്ടുതിരിഞ്ഞ് മേശ തെക്കെ ചുമരിനോടു ചേർത്തിട്ടു. അടുത്തയാളെ കിഴക്കോട്ടുതിരിഞ്ഞ് മേശയുടെ വടക്കുകിഴക്കു ഭാഗത്തുകൂടി കടന്നിരിക്കാൻ പാകത്തിന് ഇരുത്തി. ഏത് ഓഫീസുകളിലായാലും മേശ, കസേര എന്നിവ കിഴക്കെ ചുമരിലും, വടക്കെ ചുമരിലും അരികിൽ നിന്നും ഒരാൾക്ക് കടക്കുവാൻ പാകത്തിന് സ്ഥലം ഒഴിവാക്കി ഇടണം. എല്ലാ മേശകളുടെയും തെക്കുപടിഞ്ഞാറ് അടഞ്ഞിരിക്കണം.




ഈ കടയുടെ ഓഫീസിൽ, മുകളിൽ പറഞ്ഞതുപോലെ മാറ്റിയിരുത്തിയിട്ട് 20 ദിവസമായിട്ടുള്ളു എങ്കിലും ആശ്വാസകരമായ മാറ്റമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

****

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

ക്ഷേത്രങ്ങളിലൂടെ

# വേളം ശ്രീമഹാഗണപതിക്ഷേത്രം



ഇന്ദിരാഭായി ഫോൺ : 8078552892

**അജം നിർവ്വികല്പം നിരാകാരമേകം
നിരാതങ്കമദ്വൈതമാനന്ദപൂർണ്ണം
പരംനിർഗ്ഗുണം നിർവ്വിശേഷം നിരീഹം
പരബ്രഹ്മരൂപം ഗണേശം ഭജേമ**

ആദ്യനാദമായ പ്രണവസ്വരൂപമാണ് ഗണപതി. ഗണപതിയെന്നാൽ ചൈതന്യത്തിന്റെ കണങ്ങളെ കാത്തു രക്ഷിക്കുന്നവൻ എന്നാണ് അർത്ഥം കല്പിക്കുന്നത്. ഹൈന്ദവ വിശ്വാസപ്രകാരം വിഘ്നങ്ങളുടെ നിവാരകനായ ദേവനാണ് ഗണപതി. ബുദ്ധിയുടേയും സിദ്ധിയുടേയും ഇരിപ്പിടമെന്നാണ് ഗണപതിയെ വിശേഷിപ്പിക്കുന്നത്. ജ്ഞാനദേവനായും വിഘ്നവിനായകനായും ഭക്തസഹസ്രം ഗണപതിയെ ആരാധിക്കുന്നു. വേദവ്യാസന്റെ സർഗ്ഗശക്തിയിൽ ഉദയം ചെയ്ത ലക്ഷക്കണക്കിന് സ്തോത്രങ്ങളുള്ള മഹാഭാരതം ഒറ്റ ഇരുപ്പിൽ എഴുതിതീർത്ത മഹാപ്രതിഭയാണല്ലോ മഹാഗണപതി. ഗണപതിഭഗവാന്റെ രൂപ ഭാവങ്ങളെല്ലാം അർത്ഥസമ്പൂർണ്ണമാണ്. വളഞ്ഞ തുമ്പിക്കൈ പ്രണവാകാരത്തെയും ഒറ്റക്കൊമ്പ് അദ്വൈതചിന്തയെയും സൂചിപ്പിക്കുന്നു. ഒടിഞ്ഞകൊമ്പ് ജീവാത്മാവാകുന്ന ഭക്തനും ഒടിയാത്തകൊമ്പ് പരമാത്മാവായ ഭഗവാനുമെന്നു സങ്കല്പിക്കുന്നു. രണ്ടാത്മാക്കളും വെവ്വേറെയല്ല, ഭക്തൻ ഭഗവാന്റെ ഒരംശം തന്നെ എന്ന ബോധത്തോടുകൂടി ജീവിക്കുക എന്ന സന്ദേശമാണ് ഇതു നൽകുന്നത്. പ്രപഞ്ചജീവരാശിയാകുന്ന മഹാഗണത്തിന്റെ അധിപതിയാണ് മഹാഗണപതിഭഗവാൻ. ഭഗവാന്റെ വാഹനമായ എലി ദുഖാർത്തരായി സഞ്ചരിക്കുന്ന ജീവരാശിയുടെ ദുഖങ്ങളാകുന്ന ചരട് കടിച്ചു മുറിച്ച് നമ്മുടെ ഓരോ തടസ്സങ്ങളുടേയും കെട്ടറുക്കുന്നു എന്നാണ് വിശ്വാസം. വിഘ്നവിനായകൻ പ്രസാദിച്ചാൽ ഈ പ്രപഞ്ചത്തിൽ നേടാനാവാത്തതായി ഒന്നും തന്നെ ഇല്ല. ഗണപതിക്ക് പ്രധാന ദേവനായോ ഉപദേവനായോ സ്ഥാനം നൽകിയിട്ടില്ലാത്ത ക്ഷേത്രങ്ങൾ കേരളത്തിൽ വളരെ വിരളമാണ്. വിഘ്നങ്ങൾ ഗണപതിക്കു മുന്നിൽ നാളികേരമായി വീണുടയുമ്പോൾ ഭക്തൻ ആത്മീയ നിർവൃതി അനുഭവിക്കുന്നു. സാധാരണയായി ഗണപതിഭഗവാന് പുഷ്പങ്ങളും ഹാരങ്ങളും മറ്റു നിവേദ്യവസ്തുക്കളും സമർപ്പിച്ച് നാം ഗണപതിഭഗവാനെ പ്രാർത്ഥിക്കുന്നു എന്നാൽ ഒറ്റക്കൊമ്പനായ ഗണപതിഭഗവാന് ഒരു കൊമ്പ് സമർപ്പിച്ച് പ്രാർത്ഥിച്ചാലോ അതൊരുഅപൂർവ്വതയായിരിക്കില്ലേ, അതെ ഗണപതിക്ക് ഇഷ്ടവഴിപാടായി കൊമ്പുസമർപ്പിക്കുന്ന ആ അപൂർവ്വതിരുസന്നിധിയാണ് വേളം ശ്രീമഹാഗണപതി സന്നിനാധം.

കണ്ണൂർ ജില്ലയിലെ മയ്യിൽ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഒരു മഹാക്ഷേത്രമാണ് വേളം ശ്രീമഹാഗണപതിക്ഷേത്രം. കാടും മേടും പുഴയും പാടവും കുളങ്ങളും ചേർന്ന് മനോഹരമാക്കിയ വേളം ഗ്രാമത്തിന്റെ മുഖമുദ്രയാകുന്ന ഒരു ക്ഷേത്രം. ശ്രീമഹാദേവൻ രണ്ടു വ്യത്യസ്തങ്ങളായ ഭാവങ്ങളിൽ വിരാജിക്കുന്ന ക്ഷേത്രമാണ് ശ്രീ മഹാഗണപതി ക്ഷേത്രം. ഇവിടെ പരമശിവൻ രാജരാജേശ്വരനായും വൈദ്യനാഥനായും കുടികൊള്ളുന്ന ക്ഷേത്രമാണെങ്കിലും ശ്രീമഹാഗണപതിക്ഷേത്രം എന്നാണ് അറിയപ്പെടുന്നത്.

ഗണപതിഭഗവാന് ഇവിടെ കൂടുതൽ

പ്രാധാന്യം കല്പിച്ചിരിക്കുന്നതിനാൽ ഈ ശിവക്ഷേത്രം വേളം ശ്രീമഹാഗണപതിക്ഷേത്രം എന്ന പേരിൽ പ്രസിദ്ധമായി. പരശുരാമൻ സ്ഥാപിച്ച ബ്രാഹ്മണ ഗ്രാമങ്ങളിലൊന്നാണ് വേളം. പണ്ട് ആദ്യത്തെ ബ്രാഹ്മണഗ്രാമമായ പെരിഞ്ചെല്ലൂർ ഗ്രാമവുമായും അവിടെ സ്ഥിതി ചെയ്യുന്ന രാജരാജേശ്വരക്ഷേത്രവുമായി വേളം ഗ്രാമവാസികൾ സഹകരണത്തോടെ കഴിഞ്ഞിരുന്നു. കണ്ണൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന മിക്ക ക്ഷേത്രങ്ങൾക്കും തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രവുമായി ഒരു സാമ്യമോ മറ്റെന്തെങ്കിലും ഒരു ബന്ധമോ പൊ തുവേ കാണാറുണ്ട്.

മയ്യിൽ എന്ന സ്ഥലത്ത് വേളം ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന വേളം ശ്രീമഹാഗണപതിക്ഷേത്രത്തിനും പെരിഞ്ചെല്ലൂർനാഥനായ രാജരാജേശ്വരഭഗവാനുമായും രാജരാജേശ്വരക്ഷേത്രവുമായും ബന്ധപ്പെട്ട ഐതിഹ്യമുണ്ട്. പുരാതനകാലം മുതൽ തന്നെ പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ പണ്ഡിതസദസ്സുകളും വിദ്വൽസദസ്സ് അക്ഷരശ്ലോകസദസ്സ് തുടങ്ങി പല വിശേഷങ്ങളും നടന്നിരുന്നു. വേളം ഗ്രാമവാസികളും അവരോടൊപ്പം ഇത്തരം സദസ്സുകളിലൊക്കെ പങ്കെടുക്കാറുമുണ്ടായിരുന്നു. രാജരാജേശ്വര ക്ഷേത്രത്തോടനുബന്ധിച്ച് നടത്തിയിരുന്ന ഇത്തരം സദസ്സുകൾക്ക് അക്കാലത്ത് അതീവ പ്രാധാന്യവും കൽപിച്ചിരുന്നു. വേളം ഗ്രാമവാസികളായ രാജരാജേശ്വര ഭക്തർ തളിപറമ്പ് രാജരാജേശ്വര ദർശനം നടത്തുവാൻ എത്തിയിരുന്നു. പെരിഞ്ഞെല്ലൂർ നാഥനായ രാജരാജേശ്വര ഭഗവാൻ കുടികൊള്ളുന്ന രാജരാജേശ്വരക്ഷേത്രത്തിൽ പണ്ടു കാലത്ത് ക്ഷേത്രകാര്യങ്ങളിൽ പ്രത്യേക ചിട്ടകളും ഊരാളന്മാർക്ക് പ്രത്യേക അവകാശങ്ങളും നിബന്ധനകളും കല്പിച്ചിരുന്നു. അക്കാലത്ത് വേളം ഗ്രാമത്തിൽ നിന്നും കുറച്ചു ബ്രാഹ്മണർ രാജരാജേശ്വരദർശനത്തിനെത്തി. അവർക്ക് അവിടുത്തെ പ്രത്യേക ചിട്ടകളെക്കുറിച്ചൊന്നും അറിവുണ്ടായിരുന്നില്ല. വേളത്തു നിന്നെത്തിയ ഒരു ഭക്തൻ ക്ഷേത്രമണി മുഴക്കി ഭഗവാനെ പ്രാർത്ഥിച്ചു. ഊരാളന്മാർ തങ്ങളുടെ അവകാശത്തിൽ കൈകടത്തി എന്നാരോപിച്ച്, എന്തോ മഹാപരാധം ചെയ്തു എന്ന മട്ടിൽ ആ ഭക്തബ്രാഹ്മണനെ വളരെയധികം പരിഹസിക്കുകയും ക്ഷേത്രത്തിൽ നിന്നും പുറത്താക്കി വാതിലടക്കുകയും ചെയ്തു. അപമാനിതനായ ആ ഭക്തൻ വളരെയധികം ദുഖിതനായി അവിടെ നിന്നു പോരുകയും ചെയ്തു. പെരിഞ്ചെല്ലൂരുകാർക്കുമാത്രമേ മണിമുഴക്കുവാൻ അവകാശമുള്ളൂ എന്ന നിബന്ധന അദ്ദേഹത്തിന് അറിയുമായിരുന്നില്ല. അദ്ദേഹം ഇതറിയാതെയാണ് മണി മുഴക്കിയത്. അറിയാതെ പറ്റിയ തെറ്റിന് അപമാനിതനായ ആ ബ്രാഹ്മണൻ തനിക്കു നേരിട്ട അപമാനത്തിന് എങ്ങനെ പകരം വീട്ടാം എന്നാലോചിച്ചു. രാജരാജേശ്വരദർശനം മുടങ്ങുക എന്നത് അദ്ദേഹത്തിന് ആലോചിക്കുവാൻ പോലും കഴിയുമായിരുന്നില്ല. അദ്ദേഹം അതിനു പരിഹാരമായി തൻെറ ഗ്രാമത്തിലും ഒരു രാജരാജേശ്വക്ഷേത്രം സ്ഥാപിച്ചാലോ എന്നാലോചിച്ചു. വേളം ഗ്രാമത്തിലെ വൈദ്യനാഥസ്വാമിക്കുമുന്നിൽ തന്റെ സങ്കടങ്ങളെല്ലാം ഉണർത്തിച്ചു പ്രാർത്ഥിച്ചു. ഭഗവാൻ അദ്ദേഹത്തിന്റെ പ്രാ ർത്ഥന കേട്ടു. താൻ സങ്കടങ്ങളുണർത്തിച്ച ഭഗവാന്റെ സന്നിധിക്കടുത്തുതന്നെ ഇഷ്ട ദേവനായ രാജരാജേശ്വരന് ക്ഷേത്രം സ്ഥാപിക്കുന്നതിനുള്ള അനുവാദം അദ്ദേഹത്തിനു ലഭിക്കുകയും ചെയ്തു. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തേക്കാൾ കേമമായി ക്ഷേത്രം നിർമ്മിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

വൈദ്യനാഥഭാവത്തിൽ പരമശിവൻ കുടികൊള്ളുന്ന വേളം ക്ഷേത്രത്തിന്റെ വടക്കുഭാഗത്തായി രാജരാജേശ്വരക്ഷേത്രനിർമ്മാണം ആരംഭിക്കുകയുംചെയ്തു. ക്ഷേത്ര നിർമ്മാണം

പൂർത്തിയാകാറായി പ്രതിഷ്ഠാദിനവും അടുക്കാറായപ്പോൾ വേളത്തുതന്നെയുള്ള ചില ബ്രാഹ്മണർ തളിപ്പറമ്പുക്ഷേത്രത്തിലെ ഊരാളന്മാരുമായി ചേർന്ന് പല തടസ്സങ്ങളും സൃഷ്ടിച്ചുകൊണ്ടിരുന്നു. രാജരാജക്ഷേത്രത്തോടൊപ്പം നില്ക്കുന്ന മറ്റൊരു ക്ഷേത്രം ഉയരുവാൻ പാടില്ല എന്നതായിരുന്നു അതിനു പിന്നിലെ ഉദ്ദേശം. എന്നാൽ തടസ്സങ്ങളെല്ലാം മറികടന്ന് ക്ഷേത്രനിർമ്മാണം പൂർത്തിയായി. ഭഗവാന്റെ അനുഗ്രഹത്താൽ പ്രതിഷ്ഠാകർമ്മം നടത്തുവാനും നിശ്ചയിച്ചു. പ്രതിഷ്ഠാകർമ്മം നടത്തുവാൻ നിശ്ചയിച്ച ദിവസം കർമ്മങ്ങൾ നടത്തുന്നതിനായി തന്ത്രിമുഖ്യൻ ക്ഷേത്രക്കുളത്തിലിറങ്ങി ദേഹശുദ്ധി വരുത്തി വരുമ്പോഴേക്കും ശത്രുപക്ഷത്തുള്ള നമ്പൂതിരിമാർ അദ്ദേഹത്തെ തടയുകയും ക്ഷേത്രനട അടക്കുകയും ചെയ്തു. ശത്രുപക്ഷത്തുള്ളവരിൽ ചിലർ പ്രതിഷ്ഠാകർമ്മങ്ങളും കലശാദിപൂജകളും നടത്തുകയും ചെയ്തു. പ്രതിഷ്ഠാകർമ്മം നടത്തുന്നതിനായി തയ്യാറായി വന്ന തന്ത്രി തന്നെ പൂജകളിൽ നിന്നും മാറ്റി നിർത്തിയതിന്റെ സങ്കടത്തോടെ രാജരാജേശ്വരക്ഷേത്രത്തിന്റെ തെക്കുവശത്തുള്ള ഇടനാഴിയിലൂടെ ഗണപതിഭഗവാന്റെ മുന്നിലെത്തിയപ്പോൾ പെട്ടന്നുണ്ടായ ഉൾപ്രേരണയാൽ ഒരു നിമിഷം തന്റെ സങ്കടങ്ങളെയെല്ലാം മറന്ന് തയ്യാറാക്കിക്കൊണ്ടുവന്നകലശം മനം നിറഞ്ഞപ്രാർത്ഥനയോടെ ഗണപതി ഭഗവാനുസമർപ്പിച്ചു. ഗണപതിഭഗവാന് പ്രസിദ്ധിയുണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് അഭിഷേകവും നടത്തിയശേഷം അദ്ദേഹം ക്ഷേത്രത്തിൽ നിന്നും പോവുകയും ചെയ്തു. അതിനുശേഷം ശിവക്ഷേത്രം മഹാഗണപതിക്ഷേത്രമായി പ്രസിദ്ധമാവുകയും ചെയ്തു. അങ്ങനെ ഖരമഹർഷിയാൽ പ്രതിഷ്ഠിതമായതും 2000ത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ളതുമായ ശ്രീമഹാദേവക്ഷേത്രം വേളം ശ്രീമഹാഗണപതിക്ഷേത്രം എന്നറിയപ്പെട്ടു. കാലങ്ങൾക്കുശേഷം ഈ ക്ഷേത്രത്തിനു ജീർണ്ണതബാധിച്ചു. ക്ഷേത്രപാലകർ ക്ഷേത്രത്തിന്റെ ജീർണ്ണാവസ്ഥയുടെ കാരണങ്ങൾ ആരായുകയും പിണങ്ങിപ്പോയ തന്ത്രിയെ തിരികെയെത്തിച്ചാൽ മാത്രമേ ക്ഷേത്രത്തിന്റെ ജീർണ്ണാവസ്ഥയ്ക്കു പരിഹാരമാകുകയുള്ളൂ എന്നും മനസ്സിലാക്കി. പിന്നീട് തന്ത്രിയെ തിരികെ കൊണ്ടുവരാൻ തീരുമാനിച്ചു. അദ്ദേഹം എല്ലാ പിണക്കങ്ങളും മറന്ന് ഭഗവാന്റെ സന്നിധിയിലെത്തുകയും തന്ത്രിസ്ഥാനം ഏറ്റെടുക്കുകയുംചെയ്തു. തന്ത്രിയുടെ തിരിച്ചുവരവിനെ ഗണപതിഭഗവാൻ തന്റെ പ്രിയഭക്തനെ തിരികെയെത്തിച്ചതാണ് എന്നു തന്നെ വിശ്വസിക്കാം.

(തുടരും)

*****

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***



# ശ്രീമഹാഭാഗവതം

ആധുനിക യുഗത്തിന്റെ ദിവ്യ ഔഷധം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ഭാര്യഭർത്തൃബന്ധത്തിൽ അനുഷ്ഠിക്കേണ്ട ധർമ്മങ്ങളെ കടപ്പാടുകളെ നമുക്കിവിടെ കാണാം. നമ്മളിൽ വലിയവരെ ബഹുമാനിക്കണമെന്ന തത്ത്വവും ഇവിടെ കാണാം. ധർമ്മമെന്താണെന്നറിയണം. ഈശ്വരപൂജ അല്ലെങ്കിൽ മമത ഉപേക്ഷിച്ചു ചെയ്യുന്ന ഏതു കർമ്മവും ധർമ്മമാണ്. ദക്ഷയാഗം പൂർത്തിയാക്കാൻ സഹായിച്ചപ്പോൾ അത് ധർമ്മമായി. യക്ഷൻ ആദ്യം തുടങ്ങിയപ്പോൾ സ്വന്തം മഹത്ത്വം കാണിക്കാൻ ശ്രമിച്ചു. അപ്പോൾ അതു ധർമ്മമല്ലാതായി.

അതുപോലെ ചെറിയമ്മയുടെ അപമാനം സഹിക്കാതെ വന്ന മകനോട് അമ്മ പറയുന്നത്:

മാമംഗളം താനപരേഷുമംസ്ഥാ ഭുംക്തേ
ജനോ യത് പര ദുഃഖദസ്തത്

ആരിലും ദോഷമാരോപിക്കരുത്. എല്ലാം കർമ്മഫലമാണ്.

സാക്ഷാൽ മുകുന്ദനെ സേവിച്ചുകൊൾക യെന്നാക്ഷേപമാകിലും ചൊന്നതവളല്ലോ.

നല്ല വചനങ്ങളെല്ലാവരും ചൊല്ലു
മെല്ലാവർക്കും ആശ്രയമല്ലോ ജഗന്മയൻ

സുനീതി എന്ന മാതാവ് കുട്ടിയോട് ഉപദേശിച്ചത് ധർമ്മമാർഗ്ഗമാണ്.

ഒരു നല്ല രാജാവ് എങ്ങനെയായിരിക്കണമെന്നത് പൃഥു ചക്രവർത്തിയിലൂടെ കാണിച്ചുതരുന്നു. രാജാവിന് നാലു ധർമ്മങ്ങളുണ്ട്. ഒന്നാമത്തേത് സർവ്വരുടേയും രക്ഷ. രണ്ടാമത്തേത് ജീവിക്കുവാനുള്ള വക നൽകുക. മൂന്നാമത്തേത് നീതി ധർമ്മങ്ങൾ, കർത്തവ്യങ്ങൾ പാലിക്കുന്നുണ്ടോ എന്നു നോക്കുക. നാലാമതായി കർത്തവ്യങ്ങൾ പാലിക്കാത്തവരെ ശിക്ഷിക്കുക. പ്രജകൾക്കു ധാർമ്മിക ബോധം ഉണ്ടാക്കുന്നതും രാജാവാണ്.

രാജ പരിപാലനാചാരമാർഗ്ഗങ്ങൾ
പൂജനീയാകാരമായിരുന്നാകിലോ
കേവലം തത് പ്രജാവൃന്ദവുമൊക്കവേ
പാവനാ ചാര സന്മാർഗ്ഗികളായ് വരും

രാജാവിന്റെ ധർമ്മവും പ്രജാധർമ്മവും ഇവിടെ വിവരിക്കുന്നു.

പുരഞ്ജനോചരിതം നാരദൻ നൽകുന്നുണ്ട്. അവിടെ 9 കവാടങ്ങളേക്കുറിച്ചു പ്രതിപാദിക്കുന്നു. ഇവിടെ മനസിലാക്കേണ്ടത് നമ്മുടെ മനോവൃത്തികൾക്കനുസരിച്ച് നാം നമ്മളായി മാറുന്നു. വൃത്തിയായ കണ്ണാടിയിൽ നോക്കിയാൽ പ്രതിബിംബം വൃത്തിയായി കാണാം. ചെളിപിടിച്ചതായാലോ പ്രതിബിംബം വ്യക്തമാകില്ല. പുണ്യം ചെയ്തവർക്കാണ് മനുഷ്യജന്മം കിട്ടുന്നത്. അത് സത്സംഗത്തിലൂടെ ലഭിക്കും. ഞാനെന്ന ഭാവം ഒരു വ്യക്തിയിൽ രൂഢമൂലമായിരിക്കുന്നിടത്തോളം കാലം ആത്മാവിനെ അറിയില്ല. അതുകൊണ്ട് മനസിനെ ഏകാഗ്രമാക്കി ബ്രഹ്മസാക്ഷാത്കാരം നേടുകയെന്നതായിരിക്കണം ഒരുവന്റെ ലക്ഷ്യം.

പഞ്ചമസ്കന്ധത്തിൽ തന്നെ ഋഷഭദേവൻ മനുഷ്യജന്മത്തിന്റെ മൂല്യത്തെക്കുറിച്ചു പറയുന്നു. ക്ഷുദ്രജന്തുക്കൾക്കു കൂടി ലഭിക്കുന്ന വിഷയസുഖങ്ങൾ അനുഭവിക്കാനുള്ളതല്ല മനുഷ്യജന്മം. അത് മഹാന്മാരെ സേവിക്കുകയും സ്ത്രീകളെ ബഹുമാനിക്കുകയും സദാചാരികളായിട്ടിരിക്കാനുമുള്ളതാണ്. ഇതൊന്നും ചെയ്യാതെ ഇന്ദ്രിയപ്രീതിയിലേക്കു തിരിഞ്ഞാൽ ജനനമരണങ്ങൾ ഉണ്ടാകും. അദ്ദേഹം പറയുന്നത് ഞാനെന്ന ഭാവം കൊണ്ട് എന്റേതെന്ന മമത ഉണ്ടാകുന്നു. അഹന്ത ഇല്ലാതായാൽ മമത ഇല്ലാതാ കും. ഋഷഭദേവൻ പുത്രന്മാരോടു പറയുന്ന ഭാഗം

പ്രത്യേകം പ്രസ്താവ്യമാണ്. മഹാപുരുഷന്മാർ നിറഞ്ഞു നിൽക്കുന്ന മഹാസദസ്സിലാണ് ഇതു നടന്നത്.

നായം, ദേഹം, ദേഹഭാജാം നൃലോകേ
കഷ്ടാൻ, കാമനാർ ഹതേ, വിഡ്ഭുജം, യേ
നപോ ദിവ്യം, പുത്രകായേന സത്വം
ശുദ്ധ്യേദ്യ സ്മാത്, ബ്രഹ്മസൗഖ്യം, ത്വനന്തം

ഭോഗങ്ങളനുഭവിക്കാനല്ല ശരീരം. മരിച്ചു കഴിഞ്ഞാൽ നശിക്കും. അതുകൊണ്ട് മനോശുദ്ധി ഉണ്ടാക്കി കർമ്മം ചെയ്യണം. ശരീരം കൊണ്ടുണ്ടാകേണ്ടത് ബ്രഹ്മസുഖമാണ്. അതുകൊണ്ട് മഹാന്മാരുടെ സംഗമം മോക്ഷദായകമാണ്. സ്ത്രീയിൽ ആസക്തി പൂണ്ട പുരുഷനും പുരുഷനിൽ ആസക്തി പൂണ്ട സ്ത്രീയ്ക്കും മനക്ലേശമുണ്ടാകും. മനസ് മനുഷ്യനെ വല്ലാതെ വലക്കുന്നു. അതുകൊണ്ട് പിതാവിന്റെയും ഗുരുവിന്റെയും കർത്തവ്യം പുത്രന്മാരേയും ശിഷ്യന്മാരേയും ജ്ഞാനികളാക്കുകയെന്നതാണ്.

ഗുരുർ ന സസ്യാത് സ്വജനോ നസന്യാത്
പിതാ ന സ സ്യാത് ജനനീ ന സാ സ്യാത്
ദൈവം ന തസ്യാന്ന പതിശ്യ സസ്യാ
ന്ന മോചയേദ്യഃ സമുപേത മൃത്യും

തന്നെ ആശ്രയിക്കുന്നവരെ സംസാരിക ബന്ധനത്തിൽ നിന്നും മോചിപ്പിക്കാത്ത മാതാവ് മാതാവല്ല, പിതാവ് പിതാവുമല്ല, ഗുരു ഗുരുവുമല്ല, ബന്ധു ബന്ധുവുമല്ല, ഭർത്താവ് ഭർത്താവുമല്ല. അഛനുമമ്മയും ധർമ്മപരിപാലനമാണ് മക്കളെ പഠിപ്പിക്കേണ്ടത്. കുട്ടികൾ മോശമാകുന്നെങ്കിൽ അതു മാതാപിതാക്കളുടെ കുററമാണ്.

ഒരിക്കലും വിശ്വസിക്കാൻ പാടില്ലാത്ത ഒന്നു മനസ്സാണെന്നു വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു.

ന മനസോ ള ദ്ധാ വിശ്രംഭമനവ സ്ഥാനസ്യ
ശഠ കിരാത ഇവ സംഗഛന്തേ

മനസ് കുടില ചിന്തയോടുകൂടിയതാണ്. വിശ്വസിച്ചാൽ നമ്മെ ബുദ്ധിമുട്ടിക്കും. അതുകൊണ്ട് മരണം വരെ അതിനെ വിശ്വസിക്കരുത്. ഇതുതന്നെയാണ് മനശാസ്ത്രവും പറയുന്നത്. മനസ് നിയന്ത്രണവിധേയമാക്കൂ. മനസ് ചഞ്ചലമാണ്. വിശ്വസിച്ചാൽ അത് തള്ളി താഴെയിടും. അറിവ് നേടിയാൽ മനസിനെ നിയന്ത്രിക്കാം. ഋഷഭദേവൻ ഗ്രഹസ്ഥാശ്രമം സ്വീകരിച്ചുകൊണ്ട് മനുഷ്യന്റെ കുടുംബജീവിതത്തിൽ പാലിക്കേണ്ട തെല്ലാം പറഞ്ഞുകൊടുത്തു.

വീണ്ടും ഭരതന്റെ ആസക്തി മൂലമുണ്ടായ ജന്മങ്ങളേക്കുറിച്ച് പറയുന്നു. ഭരതൻ മാൻകിടാവിൽ ആസക്തനായ കാരണം മരണ സമയത്തുപോലും മാനിനേക്കുറിച്ചുള്ള ചിന്തയായി. ഫലമോ പുനർജന്മം മാനായി. അടുത്ത ജന്മം ജഡഭരതന്റേതായി. ഒരിക്കൽ രഹുഗുണരാജാവിന്റെ പല്ലക്കു ചുമക്കാനിട വന്ന ജഡ ഭരതന് ശരിയായ രീതിയിൽ ചുമക്കാൻ സാധിക്കാതെ വന്നപ്പോൾ രാജാവ് ശാസിച്ചു. അതിനു മറുപടിയായി പറഞ്ഞ കാര്യങ്ങൾ ചിന്താദ്ദോപകമായ തത്ത്വശാസ്ത്രം തന്നെയാണ്. മഹാരാജാവേ, ഈ ലോകം കറങ്ങിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ രാജാവ് നാളെ ഭൃത്യൻ. ഇന്നത്തെ ഭൃത്യൻ നാളെ രാജാവ്. ഇവിടെ ആര് എപ്പോൾ എന്തായിതീരുമെന്നുറപ്പില്ല. ഒന്നും ശ്രേഷ്ഠമല്ല. ആരാണ് ഭൃത്യനെന്നോ രാജാവെന്നോ പറയാൻ കഴിയില്ല. നമ്മൾ ഈ ശരീരത്തിലിരിക്കുന്ന കാലം വരെ ഇതെല്ലാം കാണും. എന്നാൽ കൂടുതൽ അറിവ് കിട്ടുമ്പോൾ ഇതിന്റെ അർത്ഥശൂന്യത എന്തെന്നു മനസിലാകും. ആത്മതത്ത്വം നേടുന്നതുവരെ മനുഷ്യൻ മായയിൽ ഭ്രമിക്കും. ഭൂമി ജലത്തിൽ നിന്നും വരുന്നു. ജലം അഗ്നിയിൽ നിന്നും അഗ്നി വായുവിൽ നിന്നും വായു ആകാശത്തുനിന്നും ആകാശം മനസ്സിൽ നിന്നും മനസ്സ് പരമാത്മാവിൽ നിന്നും വരുന്നു. ഇവിടെ ജ്ഞാനം വരുമ്പോൾ ഈ ലോകം ഒന്നുമല്ലായെന്നും സത്സംഗം ഉണ്ടാകുമ്പോൾ മോഹങ്ങൾ അകലുകയും ചെയ്യും.

പുണ്യപാപങ്ങൾ തുല്യമാകുമ്പോൾ മനു

ഷ്യജന്മം കിട്ടുന്നുവെങ്കിൽ സുഖദുഖങ്ങളിൽ തുല്യതയില്ലാത്തതെന്താണ്. ഇതിനുത്തരം പുണ്യവും പാപവും ഒരു പോലെയാണെങ്കിൽ ഇവയുടെ കാഠിന്യം ഒരുപോലെയായിരിക്കില്ല. ഗുണത്തിൽ വ്യത്യസ്തത കാണും. അതായത് അവയുടെ തനിരൂപങ്ങൾ വ്യത്യസ്തമായിരിക്കും. മനസ്സിനെ ഉറപ്പിച്ചു നിർത്തി ശുദ്ധമാക്കുകയാണു ചെയ്യേണ്ടത്.

ഭഗവാന്റെ നാമസ്മരണയും ബിംബ പൂജയും ആണ് ഷഷ്ടസ്കന്ധത്തിലെ പ്രതിനപാദ്യം. പാപം ചെയ്തുകൊണ്ടിരിക്കുന്ന മോചനം നേടാനുള്ള വഴിയെന്താണെന്നാണ് അടുത്ത ചോദ്യം. നമ്മുടെ ഈ ജന്മത്തെ പ്രവർത്തനങ്ങൾ കഴിഞ്ഞ ജന്മത്തെ വാസനകൾക്കനുസരിച്ചാണ്. ചെയ്ത തെറ്റു മനസിലാക്കി ക്കഴിഞ്ഞാൽ പ്രായശ്ചത്തം ചെയ്യണം. പൂർവ്വജന്മത്തിൽ ചെയ്ത ദുഷ്പ്രവർത്തിക്ക് പശ്ചാത്തപിക്കണം. സ്വയം ശിക്ഷ മേലിൽ ഇതുപോലെ ചെയ്യില്ലായെന്നുറപ്പിക്കണം. ചിലർ വീണ്ടും വീണ്ടും അതേ തെറ്റുകൾ ആവർത്തിക്കുന്നു. തെറ്റുകൾക്കനുസരിച്ചുള്ള പ്രായശ്ചിത്തം. സാധാരണ ചിലർ തെറ്റുചെയ്യും. പ്രായശ്ചിത്തവും ചെയ്യും. വീണ്ടും തെറ്റ്, പിന്നെ പ്രായശ്ചിത്തം. ഇങ്ങനെ പോകും.

ദുഷ്ട ശ്രുതാഭ്യാം യത് പാപം ജാനന്നപ്യവാത്മനേ ള ഹിതം

കരോതി ഭൂയോ വിവശഃ പ്രായശ്ചിത്തമഥോ കഥം

പ്രായശ്ചിത്തം ചെയ്യുന്നു, പാപകർമ്മം വീണ്ടും ചെയ്യുന്നു. എവിടെ പോയാലും

എന്തു സത്കർമ്മം ചെയ്താലും പാപവാസന പണ്ടത്തേപ്പോലെ നില്ക്കുന്നു. തെറ്റ് ആവർത്തിക്കരുത്. ഭഗവാന്റെ നാമോച്ചാരണത്തിലൂടെ ഭഗവാനിൽ അർപ്പിക്കുക. പാപം എല്ലാം നശിച്ചുപോകണം. അതിനുദാഹരണമായി അജാമിളന്റെ മോക്ഷലബ്ധി വിവരിക്കുന്നു. നമുക്ക് ഭഗവാനിൽ വിശ്വാസമുണ്ടെങ്കിൽ ഭഗവന്നാമം ജപിക്കും.

സപ്തസ്കന്ധത്തിൽ 15 അദ്ധ്യായങ്ങളുണ്ട്. ആസുരീയ വാസനയും ദൈവിക വാസനയും പിന്നീട് യുധിഷ്ഠിര നാരദ സംവാദം വഴി മാനുഷിക ധർമ്മങ്ങളും വാസനകളും വിവരിച്ചിരിക്കുന്നു. ഈ ലോകത്ത് മനുഷ്യരും അസുരരും ദേവന്മാരുമുണ്ട്. ആരോടും പ്രത്യേകതയില്ലാത്ത ഭഗവാൻ സമസ്വഭാവക്കാരനാണ്. നിഷ്പക്ഷനാണ്. പണക്കാരും പാവങ്ങളും തമ്മിൽ ഭേദമില്ല. എന്നാൽ ഭക്തിപൂർവ്വം എന്നെ ഭജിക്കുന്നവരോട് എനിക്കു പ്രത്യേകതയുണ്ട്. ഭഗവാനോട് വിദ്വേഷം വെച്ചുപുലർത്തിയാലും അവർക്ക് മുക്തി ലഭിക്കും. ശിശുപാലന്റെ കഥ ഇവിടെ വിവരിക്കുന്നുണ്ട്. ഏതു ഭാവത്തിലായാലും ഓർമ്മിച്ചാൽ മതി.

സ്നേഹാത് കാമേന വ, യുഞ്ജ്യാത്

കഥ ഞ്ചിന്നേക്ഷതേ പൃഥക്

മിത്രഭാവത്തിലാണോ തന്നെ സ്മരിക്കുന്നതെന്നു ഭഗവാൻ ശ്രദ്ധിക്കാറില്ല., ഏതു തരത്തിലായാലും ഓർക്കുന്നല്ലോയെന്നു മാത്രം. പ്രഹ്ളാദൻ മുഴുവൻ സമയവും നാരായണമന്ത്രം ജപിച്ചു.

ശ്രവണം കീർത്തനം വിഷ്ണോഃ സ്മരണം പാദസേവനം

അർച്ചനം വന്ദനം ദാസ്യം സഖ്യമാത്മ നിവേദനം

9 ലക്ഷണങ്ങളോടുകൂടിയ ഭക്തിയാണ് പ്രഹ്ളാദൻ പഠിച്ചത്. ഭഗവാന്റെ ഗുണം ശ്രവിക്കുക, കീർത്തിക്കുക, സങ്കീർത്തനം ചെയ്യുക, പാദസേവ ചെയ്യുക, രൂപത്തെ പൂജിക്കുക, വന്ദിക്കുക, ദാസനായിരിക്കുക, കൂട്ടുകരനാവുക, പാദങ്ങളിൽ സർവ്വതും അർപ്പിക്കുക. ജനനം മുതൽ തന്നെ ഇതായിരുന്നു പ്രഹ്ളാദൻ. പിതാവിനോട് ഒരു തെറ്റും ചെയ്തില്ലെങ്കിലും മകനെ ഉപദ്രവിച്ചു. പ്രഹ്ളാദന്റെ ഉപദേശം ശ്രദ്ധിക്കുക.

കൗമാര ആചാരേത് പ്രാജ്ഞോ ധർമ്മാൻ ഭാഗവതാനിഹ

ദുർലഭം, മാനുഷം ജന്മ തദപ്യ ധ്രുവ മർത്ഥദം

*(തുടരും)*

ഓം നമ ഃ ശിവായ

# എറണാകുളം ശിവക്ഷേത്ര ഉത്സവം 2023



**26.01.2023 വ്യാഴാഴ്ച (1198 മകരം 12) മുതൽ**
**02.02.2023 വ്യാഴാഴ്ച (1198മകരം 19) വരെ**

**ഒന്നാം ദിവസം 26.01.2023 വ്യാഴാഴ്ച (1198 മകരം 12)**

വൈകുന്നേരം 7.00 ന് : **കൊടിയേറ്റം,** കൂട്ടവെടി
രാത്രി 10.00 ന് : പഞ്ചാരിമേളം
പ്രമാണം : ശ്രീ. പെരുവനം സതീശൻ മാരാർ ക്ഷേത്രത്തിനു പുറത്ത്
രാത്രി 8.00 ന് : കർണ്ണാട്ടിക് സംഗീതകച്ചേരി
രാത്രി 8.00 ന് : ഭക്തിഗാനമേള

**രണ്ടാം ദിവസം 27.01.2023 വെള്ളിയാഴ്ച (1198 മകരം 13)**

രാവിലെ 8.00 ന് : ശിവേലി
വൈകുന്നേരം 5.00: കാഴ്ചശീവേലി, മേളം.
വൈകുന്നരം 8.30 മുതൽ ഡബിൾ തായമ്പക
അവതരണം : ശ്രീ. പനമണ്ണശശി, ശ്രീ ചെറുപ്പുളശ്ശേരി രാജേഷ്
രാത്രി 8.00 ന്: വയലിൻ കച്ചേരി
വൈകുന്നേരം 6. 30ന് മേജർസെറ്റ് കഥകളി
വൈകുന്നേരം 5.30 ന് : എറണാകുളത്തപ്പൻ അന്തർദ്ദേശീയ നൃത്തോത്സവം ഉദ്ഘാടനം
തുടർന്ന് നൃത്തനൃത്യങ്ങൾ

**മൂന്നാം ദിവസം 28.01.2023 ശനിയാഴ്ച (1198 മകരം 14)**

രാവിലെ 8.00 ന് : ശീവേലി
വൈകുന്നേരം : കാഴ്ചശീവേലി, മേളം
പ്രമാണം : പെരുവനം സതീശൻ മാരാർ
വൈകുന്നേരം 8.00 ന് ഡബിൾ തായമ്പക
8.00ന് കർണ്ണാടിക് സംഗീതകച്ചേരി
രാത്രി 7.30 ന്: മേജർസെറ്റ് കഥകളി
അവതരണം : എറണാകുളം കരയോഗം കഥകളിക്ലബ്ബ്
വൈകുന്നേരം 5.30 മുതൽ : എറണാകുളത്തപ്പൻ അന്തർദ്ദേശീയ നൃത്തോത്സവം
ഡി. എച്ച് ഗ്രൗണ്ട് സ്റ്റേജ് 2
വൈകുന്നരം 8.00 സ്മൃതിലയം
ടി.ഡി.എം. ഓർക്കസ്ട്ര എറണാകുളം

**നാലാം ദിവസം 29.01.2023 ഞായറാഴ്ച (1198 മകരം 15)**

രാവിലെ 8.00 ന്: ശീവേലി
വൈകുന്നേരം 5.30ന് : കാഴ്ചശീവേലി, മേളം
വൈകുന്നേരം 8.30 ന് : തായമ്പക
8.00ന് സംഗീതകച്ചേരി
വൈകുന്നേരം 5.30 മുതൽ : എറണാകുളത്തപ്പൻ അന്തർദ്ദേശീയ നൃത്തോത്സവം

**അഞ്ചാം ദിവസം 30.01.2023 തിങ്കളാഴ്ച (1198 മകരം16)**

രാവിലെ 8.00 ന്: ശീവേലി
രാവിലെ 10.30ന് പ്രസാദ് ഊട്ട്
വൈകുന്നേരം 5.30ന് : കാഴ്ചശീവേലി, മേളം പത്മശ്രീ പെരുവനം കുട്ടൻമാരാർ
വൈകുന്നേരം 8.00ന് : സംഗീതകച്ചേരി
ഡി. എച്ച് ഗ്രൗണ്ട് : വൈകുന്നേരം 6.00 മുതൽ : നൃത്തനൃത്ത്യങ്ങൾ- അവതരണം-നവ്യാനായർ

**ആറാം ദിവസം 31.01.2023 ചൊവ്വാഴ്ച (1198 മകരം 17)**

**ചെറിയ വിളക്ക്**

രാവിലെ 7.30 ന് : ശീവേലി, മേളം.
10.00 മുതൽ : ഉത്സവബലി ദർശനം, കൂട്ടവെടി
10.30 പ്രസാദ ഊട്ട്
വൈകുന്നേരം 6.30 ന് സംഗീത കച്ചേരി
വൈകുന്നരം 5.30 മുതൽ : എറണാകുളത്തപ്പൻ അന്തർദ്ദേശീയ നൃത്തോത്സവം
രാത്രി 11.00 ന് : ചെറിയ വിളക്ക്

**ഏഴാം ദിവസം 01.02.2023 ബുധനാഴ്ച (1198 മകരം 18)**

**വലിയ വിളക്ക്**

രാവിലെ 8.00 ന് : ശീവേലി, മേളം
10.30 മുതൽ പ്രസാദ ഊട്ട്
വൈകുന്നേരം 5.30ന് തിരുവാതിരകളി
7.30ന് സംഗീതാർച്ചന
വൈകുന്നേരം 3.00 ന് : **പകൽപ്പൂരം, മേജർസെറ്റ് പഞ്ചവാദ്യം**
7.00 ന് : കൂട്ടവെടിവഴിപാട്
ഡി. എച്ച് ഗ്രൗണ്ട് : വൈകുന്നേരം 6.00 ന് : പകൽപ്പൂരം അണിനിരക്കൽ
തങ്കകുടത്തിൽ കാണിക്കയിടൽ തുടർന്ന് വർണ്ണാഭമായ കുടമാറ്റം
**ഗംഭീര പാണ്ടിമേളം** : പെരുവനം കുട്ടൻ മാരാർ
8.30 ന് : **കരിമരുന്നു പ്രയോഗം**
പകൽപ്പൂരത്തിന് ശേഷം മെഗാ ഷോ
രാത്രി 11.00 മുതൽ : **വലിയ വിളക്ക്, പള്ളിവേട്ട**

**എട്ടാം ദിവസം 02.02.2023 വ്യാഴാഴ്ച (1198 മകരം 19)**

**ആറാട്ട്**

രാവിലെ 7.00 ന് : പള്ളിയുണർത്തൽ
9.00 മുതൽ : ശീവേലി, മേളം
10.30 മുതൽ പ്രസാദ ഊട്ട്
വൈകുന്നേരം 7.00 ന് : കൂട്ടവെടി
വൈകുന്നേരം 7.30 ന് : കൊടിയിറക്കൽ

**ആറാട്ട് പുറപ്പാട്**

രാത്രി 9.30 ന് : ആറാട്ടെഴുന്നള്ളിപ്പ്
മേജർസെറ്റ് പഞ്ചവാദ്യം
വെളുപ്പിന് 2.00 മുതൽ : **ഗംഭീര പാണ്ടിമേളം**
3.00 മുതൽ ഡി. എച്ച് ഗ്രൗണ്ടിൽ : ആറാട്ട് എതിരേൽപ്പ്
വെള്ളിക്കുടത്തിൽ കാണിക്കയിടൽ പ്രധാനം
തുടർന്ന് **കരിമരുന്ന് പ്രയോഗം**
കൊടിക്കൽ പറ, 25 കലശം

*****

# വളഞ്ഞമ്പലം ദേവി ക്ഷേത്ര ഉത്സവം 2023



**ഒന്നാം ദിവസം 2023 ഫെബ്രുവരി 03, വെള്ളിയാഴ്ച**
രാവിലെ 7.00ന് – ദേവീമാഹാത്മ്യ പാരായണം
രാവിലെ 7.00ന് ശേഷം : കലശാഭിഷേകം
വൈകുന്നേരം 7.30ന് : **കൊടിയേറ്റ്**

**രണ്ടാം ദിവസം 2023 ഫെബ്രുവരി 04, ശനിയാഴ്ച**
രാവിലെ 10.30ന് – സമ്പൂർണ്ണ നാരായണീയ പാരായണം
വൈകുന്നേരം 6.45ന് : ഭക്തിഗാനസുധ
വൈകുന്നേരം 8. 30ന് : നൃത്താർച്ചന (ഭരതനാട്യം, മോഹിനിയാട്ടം)

**മൂന്നാം ദിവസം 2023 ഫെബ്രുവരി 05, ഞായറാഴ്ച**
രാവിലെ 10.00ന് – തിരുവാതിരകളി
വൈകുന്നേരം 6.45 ന് : ഒഡിസ്സി, കഥക്
8.40ന് : സ്വരരാഗസുധ

**നാലാം ദിവസം 2023 ഫെബ്രുവരി 06, തിങ്കളാഴ്ച**
രാവിലെ 7.00 ന് : ദേവീമാഹാത്മ്യ പാരായണം
10.30ന് സമ്പൂർണ്ണ നാരായണീയ പാരായണം
വൈകുന്നേരം 8.30ന് : ചലച്ചിത്ര ഭക്തിഗാനസുധ

**അഞ്ചാം ദിവസം 2023 ഫെബ്രുവരി 07, ചൊവ്വാഴ്ച**
രാവിലെ 7.00 ന് : ദേവീമാഹാത്മ്യ പാരായണം
10.30ന് സമ്പൂർണ്ണ നാരായണീയ പാരായണം
വൈകുന്നേരം 5.30ന് : ഭരതനാട്യം
ഫ്യൂഷൻ മ്യൂസിക് പ്രശസ്ത വയലിനിസ്റ്റ്
ശ്രീ. ആറ്റുകാൽ ബാലസുബ്രഹ്മണ്യം

**ആറാം ദിവസം 2023 ഫെബ്രുവരി 08, ബുധനാഴ്ച**
രാവിലെ 7.00 ന് : ദേവീമാഹാത്മ പാരായണം
8.30ന് : സൗന്ദര്യലഹരി പാരായണം
വൈകുന്നേരം 6.45ന്: സോപാനസംഗീതം
10.30ന് ചെറിയവിളക്ക്

**ഏഴാം ദിവസം 2023 ഫെബ്രുവരി 09, വ്യാഴാഴ്ച**
രാവിലെ 7.30 ന് : ഭക്തിഗാനമേള
വൈകുന്നേരം 4.00 ന് : പകൽപ്പൂരം തുടർന്ന് മേജർസെറ്റ് പഞ്ചവാദ്യം
വൈകുന്നേരം 6.30ന് പാണ്ടിമേളം
5.00ന് ഭക്തി ഗാനമേള,
6.00ന് കഥകളി
11.30ന് വലിയവിളക്ക്

**എട്ടാം ദിവസം 2023 ഫെബ്രുവരി 10, വെള്ളിയാഴ്ച**
രാവിലെ 7.00ന് ഗീതാപാരായണം
വൈകുന്നേരം 5.30ന് ഭജൻ
7.15ന് കൊടിയിറക്കം
7.30ന് തിരുവാതിരകളി

*****

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ
5 മണി വരെ

# കാശ്മീർ- ഭൂമിയിലെ പറുദീസാ

**സുമംഗല**

രണ്ടാം ദിനത്തിലെ പ്രഭാതം. തണുപ്പിന്റെ ആധിക്യമുണ്ടായിരുന്നു എങ്കിലും ഞങ്ങൾ സുഖമായി ഉറങ്ങി, ഉണർന്നു. ശ്രീശങ്കരാചാര്യക്ഷേത്രത്തിലെ പ്രാർത്ഥനാശ്ലോകങ്ങളും, പള്ളിയിലെ വാങ്ക് വിളിയും കൂടികലർന്ന ശീതള അന്തരീക്ഷം. ഞങ്ങൾ വാതിൽ തുറന്ന് പുറത്തിറങ്ങി. താപനില $0^0C$ നടുത്തായിരുന്നു. പക്ഷേ, ഞങ്ങൾ പുറത്തേക്കു നടന്നു. മഞ്ഞു മൂടിക്കിടക്കുന്ന മലനിരകളും, ഡാൽതടാകവും അനിർവ്വചനീയമായ ആ അനുഭവം പറഞ്ഞറിയിക്കാനാവില്ല.

യാത്ര പുറപ്പെടാനുള്ള തയ്യാറെടുപ്പ്. സ്വാദിഷ്ടമായ പ്രഭാത ഭക്ഷണം ബോട്ടു ഹൗസ് ഡൈനിംഗ് ഹാളിൽ തന്നെ കിട്ടി. അതു കഴിച്ച് സംതൃപ്തിയോടെ, ഓർമ്മയിൽ സൂക്ഷിക്കാനായി കുറച്ച് ഫോട്ടോകളുമെടുത്ത് ഷിക്കാരയിലേക്ക്. അതിനിടെ ചെറിയ സഹായം ചെയ്തു തന്നവർ പോലും 'ടിപ്പ്' പ്രതീക്ഷയിൽ നമ്മുടെ മുന്നിൽ. അവരെ നിരാശരാക്കാൻ

തോന്നിയില്ല; അവരുടെ പെരുമാറ്റത്തിലെ ആത്മാർത്ഥതയാൽ. ഷിക്കാരയുടെ ഇരുവശവും വഴിവാണിഭക്കാരുടെ തിക്കും തിരക്കും. അവിടെ നിന്നും ടെമ്പോ ട്രാവലറുകളിലേക്ക്. അവിടെയും കച്ചവടക്കാരുടെ തിരക്ക് തന്നെ. ആരൊക്കയോ എന്തൊക്കയോ, ശക്തമായ വിലപേശലിലൂടെ വാങ്ങുന്നുണ്ടായിരിന്നു; നാട്ടിൽ കൂട്ടുകാർക്കും കുട്ടികൾക്കും സമ്മാനിക്കുവാൻ.

അന്ന് ശ്രീനഗറിൽ നിന്ന് - ഐശ്വര്യ ദേവിയുടെ ഇരിപ്പിടമായിടത്തു നിന്ന് - ഞങ്ങൾ പഹൽഗാമിലേക്കാണ് പോകുന്നത്. യാത്ര തുടങ്ങി മുന്നോട്ടുപോകവെ, രണ്ടുവശങ്ങളിലും, പലേടത്തും CRPFന്റെ താവളങ്ങൾ. മന്ത്രിമാരുടെയും, ഗവർണ്ണറുടെയും മറ്റു പ്രധാന വ്യക്തികളുടെയും വാസസ്ഥലവും ഈ താവളങ്ങൾക്കടുത്തു തന്നെ. മുന്നോട്ടു പോകവെ, റോഡിന്റെ ഇരുവശത്തും കൊയ്ത്തു കഴിഞ്ഞ പാടങ്ങൾ. അങ്ങിങ്ങ് കറ്റകൾ കൂട്ടി വച്ചിരിക്കുന്നതും, മെതിക്കുന്നതും കണ്ടു. ഏകദേശം നമ്മുടെ നാട്ടിലെ പോലെ തന്നെ. റോഡിന്റെ ഇരുവശത്തും wellow trees. അതു കൊണ്ടാണത്രെ ക്രിക്കറ്റ് ബാറ്റ് ഉണ്ടാക്കുന്നത്. കുങ്കുമച്ചെടിയുടെ പാടങ്ങൾ നോക്കെത്താദൂരത്തോളം പടർന്നുകിടക്കുന്നു. മഞ്ഞുകാലത്തിന് മുമ്പു തന്നെ വിളവെടുപ്പു കഴിയുമത്രെ. നല്ല ആറു വരിപ്പാതയിലൂടെയാണ് യാത്ര. നല്ല കോൺക്രീറ്റു ചെയ്ത ദൃഢമായ പാതകൾ. ആവശ്യം വന്നാൽ ഹെലികോപ്റ്ററുകൾക്കോ, വിമാനങ്ങൾക്കോ പോലും വന്നിറങ്ങാൻ പാകത്തിൽ ഈയിടെ പണി തീർത്തതാണത്രെ ഈ റോഡുകൾ.

അങ്ങനെ ആസ്വദിച്ചു യാത്ര തുടരവെ, ഞങ്ങളുടെ guide പറഞ്ഞു. "ദാ, ഇതാണ് പുൽവാമ ആക്രമണം നടന്ന സ്ഥലം." എല്ലാവരും ഞെട്ടലോടെ നോക്കിപ്പോയി! ഓർമ്മയിൽ, 2019 feb 14 ന്, ലോകത്തെയാകെ ഞെട്ടിച്ച ആ സംഭവം ഓടിയെത്തി. രാജ്യത്തിന് സുരക്ഷയൊരുക്കാനായി പോയ ആയിരക്കണക്കിന് ധീരജവാന്മാരുടെ വാഹനവ്യൂഹത്തിലേക്ക് ആദിൽ അഹമ്മദ് എന്ന ചാവേർ തന്റെ വാഹനം ഓടിച്ചുകയറ്റി നടത്തിയ ഭീകരാക്രമണം. അന്ന് നമുക്ക് വേണ്ടി ജീവത്യാഗം നടത്തിയ 49 ധീരജവാന്മാർക്ക് ഒരു 'Big salute' നൽകി എല്ലാവരും നിശ്ശബ്ദരായിരുന്നു പോയി.

അനന്തനാഗ് ഡിസ്റ്റിക്ക്ടിലെ NILE BAT FACTORY യുടെ മുമ്പിൽ ഞങ്ങളുടെ ട്രാവലർ നിന്നു. ഫാക്ടറി കാണാൻ ഉത്സുകരായി ഞങ്ങൾ പുറത്തിറങ്ങി. നിർമ്മാണസ്ഥലത്തെ പൊടിപടലം എന്നെ ഉള്ളിൽകയറാനനുവദി

ച്ചില്ല. പലരും കൊച്ചുമക്കൾക്ക് നൽകാൻ ക്രിക്കറ്റ് ബാറ്റ് വാങ്ങി. ഞങ്ങൾ യാത്ര തുടർന്നു.

'Gateway of Jammu Level Cross' കടന്ന് ഞങ്ങൾ മുന്നോട്ടുപോയി. ലിഡർ നദി സാകുതം ഒഴുകുന്നു. ചെമ്മരിയാടുകളുടെ കൂട്ടങ്ങൾ, കുതിരക്കൂട്ടങ്ങൾ, ഇവ ഇങ്ങനെ കടന്നുപോകുന്നു. പലരും രംഗം ക്യാമറയിൽ പകർത്തി. അമർനാഥ് തീർത്ഥയാത്ര കടന്നുപോകുന്ന സ്ഥലങ്ങൾ, അവർ ക്യാമ്പുചെയ്യുന്നിടങ്ങൾ, ഒക്കെ ഈ യാത്രയിലെ വിലപ്പെട്ട കാഴ്ചകളായിരുന്നു.

ഇടയ്ക്ക് ഗവണ്മെന്റ് നേരിട്ടു നടത്തുന്നതായി പറയുന്ന ഒരു Society യിൽ Shopping നായി ഞങ്ങൾ കയറി. 'Red Pearl Saffron' എന്നാണതിന്റെ പേര്. അവിടെ വിലപേശലില്ല. കുങ്കുമപ്പൂവ്, കാശ്മീരി ഷാഗി, കാവ, തേൻ, Spices, Dry fruits, എന്നുവേണ്ട എല്ലാവരും തന്നെ ആവും വിധം വാങ്ങി കൂട്ടി. അവർതന്ന, ബദാം, നട്ട്സ് ഇവ ചേർത്ത കാവ എന്ന പാനീയത്തിന്റെ സ്വാദ് ഇപ്പോഴും നാവിലുണ്ട്.

ഞങ്ങൾ പഹൽഗാമിലെത്തി. ആട്ടിടയന്മാരുടെ താഴ്‌വര എന്നാണത്രെ വാക്കിനർത്ഥം. ജമ്മുകാശ്മീരിലെ പ്രധാന ഹിൽ സ്റ്റേഷനിൽ ഒന്നാണിത്. 2740+m ഉയരം. 12$^0$c ആണത്രെ താപനില. സുന്ദരമായ പ്രദേശം. പരമശിവന്റെ ഗുഹാക്ഷേത്രമായ അമർനാഥിലേക്കുള്ള ലക്ഷക്കണക്കിന് തീർത്ഥാടകർ പങ്കെടുന്ന തീർത്ഥയാത്രയുടെ ആരംഭസ്ഥാനവും ഇതുതന്നെ. മഞ്ഞുമൂടിയ കൂറ്റൻ മലകൾ, പൈൻ, കോർണിഫറസ് തുടങ്ങിയ വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ, നല്ല പച്ചപ്പാർന്ന പ്രദേശം സന്ദർശകരുടെ കണ്ണും, കരളും, ആത്മാവും ഒക്കെ നിറച്ച് സുഖാനുഭൂതി നൽകും.

ഞങ്ങൾ ആദ്യം പോയത് 'ആരു'താഴ്‌വരയിലേക്കാണ് 'Aru valley.' ശരിക്കും ചുറ്റും വന മേഖലപോലെ തോന്നിക്കും, വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ, പച്ചപ്പട്ടുപുതച്ച, മനോഹരപുഷ്പങ്ങൾ നിറഞ്ഞ ഈ പ്രദേശം- കൊച്ചുകൊച്ചരുവികൾ അതിന്റെ മാറ്റുകൂട്ടുന്നു. 2414 m ഉയരത്തിലുള്ള ഇവിടെ River Crossing, Para Gliding ഒക്കെയാണത്രെ വിനോദോപാധികൾ. സമയദൗർലഭ്യം മൂലം ഞങ്ങൾ അതിനൊന്നും മുതിർന്നില്ല.

അടുത്തതായി സന്ദർശിച്ചതും ഒരു താഴ്‌വര തന്നെ : Hagen valley. പക്ഷേ, ഇപ്പോൾ അതിന്റെ പേര് ബേത്താബ് താഴ്‌വര എന്നാണ്. ബോബിഡിയോൾ, സണ്ണിഡിയോൾ, അമൃതാസിംഗ് എന്നിവർ അഭിനയിച്ച് ഹിറ്റായ ബേത്താബ് സിനിമ ഇവിടെ വച്ച് ഷൂട്ട്ചെയ്തതിനാൽ പേരേ മാറി. നദീതടത്തിൽ നി



ന്ന് 7851 അടി ഉയരത്തിൽ വെറും 9$^0$C താപനിലയുള്ള സ്ഥലം; ചുറ്റും കാടുപോലെ തന്നെ. പ്രകൃതീദേവി അനുഗ്രഹിച്ച ആ താഴ്‌വരയേയും മനസ്സിലും ക്യാമറയിലുമെടുത്ത് ഞങ്ങൾ വിടപറഞ്ഞു.

പ്രകൃതിസൗന്ദര്യം ആവോളം ആസ്വദിച്ച് സന്തുഷ്ടരായി പഹൽഗാമിലെ 'Hill top Hotel'ൽ ഞങ്ങൾ ചേക്കേറി. നല്ല വിശാലമായ മുറികൾ. ഒരു പ്രത്യേകത, റൂം ഹീറ്ററിനുപകരം അവിടെ കറണ്ടുകൊണ്ട് ചൂടാക്കുന്ന ബ്ലാങ്കറ്റ് ആയിരുന്നു എന്നതാണ്. അതൊരു പുതുമയായിരുന്നു ഞങ്ങൾക്ക്. അസാമാന്യ ധൈര്യശാലികളായ ഞാനും, എന്റെ റൂംമേറ്റ് സുധയും, ഉറങ്ങും മുമ്പ് അതൊക്കെ off ചെയ്തു. കയറുംമുമ്പ് അടഞ്ഞുപോകുന്ന അവിടത്തെ Lift ആരും മറക്കില്ല എന്നാണെന്റെ വിശ്വാസം. ഏതായാലും പ്രകൃതി സൗന്ദര്യം ആസ്വദിച്ച് മത്തരായി, ക്ഷീണിതരായി ഞങ്ങൾ സുഖമായി ഉറങ്ങി.

****

# യൂറോപ്പിലെ വ്യാവസായിക വിപ്ലവം

സി. രാമചന്ദ്രൻ - 9995820684

യൂറോപ്പ് എന്ന് ഊന്നിപറയുന്നത് മനഃപൂർവമാണ്. 'ആധുനികതയുടെ അട്ടിപ്പേറവകാശം യൂറോപ്പിനല്ല' എന്ന ദീനരോദനം ഏഷ്യൻ രാജ്യങ്ങളിൽ നിന്നുയരാറുണ്ട്. ഇന്ത്യൻ, ചൈനീസ്, അറേബ്യൻ കണ്ടുപിടിത്തങ്ങളെ എണ്ണി ഉദാഹരിച്ചുകൊണ്ട് അത് ന്യായീകരിക്കുവാൻ അതതു സംസ്കൃതികളിലെ പണ്ഡിതന്മാർ കിണഞ്ഞു പരിശ്രമിക്കാറുണ്ട്.

പതിനെട്ടാം നൂറ്റാണ്ടിന്റെ പടിയിൽ നിന്നുകൊണ്ട് ലോകചരിത്രത്തിലേയ്ക്കു പിറകോട്ടു നോക്കുമ്പോൾ ആധുനിക ശാസ്ത്രം പിറന്നത് യൂറോപ്പിലായത് എന്തുകൊണ്ടാണെന്ന് എളുപ്പത്തിൽ മനസ്സിലാകും. ശാസ്ത്രം എന്നത് ഏതാനും ഗണിതക്രിയകളോ, യാന്ത്രിക വിദ്യകളോ അല്ല. അത് ചിന്താഗതിയുടെ ഒരു പ്രത്യേകതയാണ്. പ്രകൃതിയും ഗണിതപരമായി വ്യാഖ്യാനിക്കാവുന്ന പ്രകൃതിനിയമങ്ങളും മനുഷ്യനില്ലെങ്കിലും ഇവിടെയുണ്ട്. എന്നാൽ ഇത് നോക്കി മനസ്സിലാക്കാനും വിലയിരുത്താനും പ്രാപ്തമായ ഒരു മസ്തിഷ്കം മനുഷ്യനിൽ പരിണമിച്ചുണ്ടായി എന്നതാണ് പ്രധാനം. പ്രകൃതിയെ നോക്കികാണുന്ന പുതിയ കണ്ണടകൾ രൂപപ്പെടുന്നത് യൂറോപ്പിലാണെന്നതിനു തർക്കം ഉണ്ടാകാനിടയില്ല. അന്വേഷണത്തിനുള്ള ത്വര, പഴമയെ ചോദ്യം ചെയ്യാനുള്ള ധീരത, സാഹസികമായ സമുദ്രയാത്രകൾക്കുള്ള ആവേശം തുടങ്ങിയവയായിരുന്നു അതിന്റെ അന്തർധാര. സമൂഹത്തിൽ ശക്തമായ സ്വാധീനം ചെലുത്തുന്ന ഒരു മധ്യവർഗ്ഗം സമൂഹത്തിൽ ഉരുത്തിരിഞ്ഞു. തൊഴിലിന് അന്തസ്സുകൈവന്നു. പുതുതായ ഒരു പ്രപഞ്ചബോധത്തിൽ കാര്യങ്ങളെ മൊത്തത്തിലും പ്രത്യേകതയിലും കാണണമെന്ന ധാരണയുണ്ടായി.

എന്നാൽ പലരും കരുതുന്നതുപോലെ വ്യാവസായിക വിപ്ലവത്തിനു തിരികൊളുത്തിയത് ശാസ്ത്രജ്ഞന്മാരായിരുന്നില്ല. തുണിമില്ലുകളിലെ വിദഗ്ധവേലക്കാരാണ് ഉത്പാദനത്തെ ത്വരിതപ്പെടുത്തും വിധം യന്ത്രങ്ങളിൽ പരിഷ്കാരം വരുത്തിയത്. അതാണ് പിന്നീട് ആവിയുടെ ഊർജ്ജത്തിൽ പ്രവർത്തിക്കുന്നതായി മാറിയത്. കരിയിൽ നിന്ന് കല്ക്കരിയിലേയ്ക്കു മാറിയതോടെ ഇരുമ്പിന്റെ ഉത്പാദനവും വർദ്ധിച്ചു. ആവിയന്ത്രത്തിന്റെ പ്രചാരം ഉത്പാദനമേഖലയിലുണ്ടാക്കിയ കുതിച്ചുചാട്ടം വിവരണാതീതമാണ്.

തോമസ് ന്യൂകോമെൻ എന്ന ഒരു കൊല്ലനാണ് 1711-ൽ ആവിയന്ത്രമുണ്ടാക്കിയത്. ഒരു വർക്ക്ഷാപ്പുടമയായിരുന്ന ജെയിംസ് വാട്ട് അത് കൂടുതൽ ശേഷിയും പ്രാപ്തിയും പ്രയോഗക്ഷമവുമായ ഒന്നാക്കി മാറ്റി. അപ്പോഴേയ്ക്കും പമ്പുകളും രംഗത്തുവന്നു. ഖനികളിൽ നിന്ന് പമ്പുപയോഗിച്ച് വെള്ളം നിർമ്മാർജ്ജനം ചെയ്യാമെന്നു വന്നതോടെ ഖനനത്തിന്റെ തോതും വർദ്ധിച്ചു. ഗതാഗതത്തിന്റെ വേഗത ആവിക്കപ്പലിന്റെ വരവോടെ അന്നത്തെ നിലയ്ക്ക് വിവരണാതീതമായി. 1800-ൽ തന്നെ ആവിയെഞ്ചിൻ ഘടിപ്പിച്ച റെയിൽ വണ്ടികൾ വന്നു.

ശാസ്ത്രത്തിന്റെ നൂതന സിദ്ധാന്തങ്ങൾ അംഗീകരിക്കപ്പെടുകയും സാങ്കേതികവിദ്യകൾ പരിപോഷിക്കുകയും ചെയ്യുന്ന നവീനവേളയിലും അന്ധവിശ്വാസങ്ങൾക്കു പഞ്ഞമില്ലായിരുന്നു. പഴയതിന്റെ സ്ഥാനത്ത്

പുതിയത് നിലവിൽ വന്നു. അന്ധവിശ്വാസത്തിന്റെ വാസന ജനിതകമായിത്തന്നെ മനുഷ്യമസ്തിഷ്കത്തിനുണ്ട്. താപം എന്നത് 'കലോറിക്' എന്ന പ്രകൃത്യാതീതശക്തിയുടെ വിളയാട്ടമാണ്, കാന്തശക്തി ബാധോപദ്രവമാണ്, വസ്തുക്കൾ കത്തുമ്പോഴുണ്ടാകുന്ന ജ്വാല ഫ്ളോജിസ്റ്റൺ എന്ന ദുർഭൂതം ഒഴിഞ്ഞുപോകുന്നതാണ് എന്നും മറ്റുമാണ് പുതിയ തത്ത്വങ്ങൾ. ജീവൻ എന്നതു പോലും ഒരുതരം ബാധയാണെന്നു വിശ്വസിച്ചു.- ജീവചൈതന്യബലം എന്നതിനെ വിശദീകരിച്ചു. അത് വസ്തുവിൽ നിന്നു വേർതിരിച്ചെടുക്കാനുള്ള ശ്രമം പോലും നടന്നു. ഒരു കാര്യം യാഥാർത്ഥ്യത്തിനു നിരക്കുന്നതാണോ എന്ന അന്വേഷണം തന്നെ അവസാനം ശാസ്ത്രത്തിൽ എത്തിച്ചേരും.

1844-ൽ ഏംഗൽസ് ആണ് 'വ്യാവസായിക വിപ്ലവം' എന്ന പദം ചരിത്രത്തിനു സംഭാവന ചെയ്യുന്നത്. ഇരുപതാം നൂറ്റാണ്ടിലെ വിഖ്യാത ചരിത്രകാരൻ ആർനോൾഡ് ടോയൻബിയാണ് അതിനു പ്രചാരം നൽകിയത്. ഉത്പാദനം ഫാക്ടറികളിൽ കേന്ദ്രീകരിക്കുകയും യന്ത്രങ്ങൾ ഉത്പാദനം വർദ്ധിപ്പിക്കുകയും മൂലധന രൂപീകരണവും ബാങ്കിംഗും സാമ്പത്തിക വ്യവസ്ഥയിൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്തുകൊണ്ടാണ് ഈ വിപ്ലവം കുതിച്ചു ചാടുന്നത്. തൊഴിൽ ശാലകളുടെ ഗോപുരങ്ങളിൽ നിന്നും സാന്ദ്രമായ ധൂമമേഘങ്ങൾ രൂപം കൊണ്ട് പതുക്കെ അന്തരീക്ഷത്തിൽ വ്യാപിച്ചു. തൊഴിൽ ശാലകൾക്കു ചുറ്റും ചേരികളും അതിനുമപ്പുറം ഹൗസിംഗ് കോളനികളുമുയർന്നു.

അറിവും അറിവിനെക്കുറിച്ചുള്ള അറിവും അറിവിന്റെ പ്രയോഗവും മറ്റും സ്ഫുടം ചെയ്യപ്പെട്ടതിനോടൊപ്പം അതിൽനിന്നുണ്ടായ ഒരു ഉല്പന്നമാണ് വ്യാവസായികവിപ്ലവം. ഊർജ്ജത്തെക്കുറിച്ചുള്ള പുതിയ അറിവുകളും അതിന്റെ വൈവിധ്യമാർന്ന പ്രയോഗസാധ്യതകളും പുതിയ ഊർജ്ജഉറവകളും ആ വിപ്ലവത്തിന് ചാലകശക്തിയായി. താനേ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ കരയിലും കടലിലും വ്യാപരിച്ചു. അത് മധ്യയുഗത്തിന്റെ അന്ത്യവും ആധുനികയുഗത്തിന്റെ ആദിയുമായിരുന്നു. ഒരു കൊടുംകാറ്റിന്റെ ആരംഭം. ശാസ്ത്രം എല്ലാത്തിന്റെയും കാര്യവും കാരണവും കണ്ടെത്താനുള്ള വ്യഗ്രതയുണർത്തി. സ്ഥാപിതമായ പുതിയ യന്ത്രങ്ങൾക്കും തൊഴിൽശാലകൾക്കുംചുറ്റും നഗരങ്ങൾ രൂപപ്പെട്ടു. വ്യവസായശാലകളുടെ ഗോപുരങ്ങളിൽ നിന്നും സാന്ദ്രമായ ധൂമപടലം വമിച്ചു.

അന്നു നിലനിന്നിരുന്ന ഗിൽഡ് എന്നറിയപ്പെട്ടിരുന്ന വീട്ടുതൊഴിൽ സമ്പ്രദായത്തിൽ കൈത്തൊഴിലാളികൾ അസംസ്കൃത വസ്തുക്കൾ വാങ്ങി ഉല്പന്നങ്ങളുണ്ടാക്കി, ആവശ്യക്കാർക്കു വിൽക്കുകയായിരുന്നു പതിവ്. ആവശ്യക്കാരിൽ മൊത്തക്കച്ചവടക്കാരുമുണ്ടായിരുന്നു. ഗിൽഡ് സമ്പ്രദായത്തിൽ നിന്ന് മുതലാളിത്ത സമ്പ്രദായത്തിന്റെ പ്രാഥമിക രൂപത്തിലേയ്ക്കുള്ള മാറ്റമായിരുന്നു ആദ്യം. ഇവിടെ മുതൽമുടക്കുകാരൻ (മുതലാളി) തന്നെ അസംസ്കൃത വസ്തു വാങ്ങി കൈത്തൊഴിലാളികൾക്കു നൽകുകയും കൂലി നൽകി ഉല്പന്നങ്ങൾ വാങ്ങി വിപണിയിൽ വിൽക്കുകയും ചെയ്യുന്ന സമ്പ്രദായം നിലവിൽവന്നു. തൊഴിലാളി ഒരു വിധത്തിൽ സ്വതന്ത്രനായി. അയാളുടെ അധ്വാനത്തിന് തീരുമാനിക്കപ്പെടുന്ന കൂലി ലഭിച്ചു. പണി ചെയ്യാതെയുമിരിക്കാം, അല്ലെങ്കിൽ മറ്റേതെങ്കിലും പണിക്കും പോകാം. എന്നാൽ അതിനെ തുടർന്ന് തൊഴിൽശാലകളുയർന്നതോടെ രംഗം വീണ്ടും മാറി. തൊഴിലാളി തൊഴിൽശാലയിൽ വന്നു പണിയെടുക്കണം എന്നായി. അതോടെ പണിക്കു മേൽനോട്ടം വഹിക്കുവാനും പണിയുടെ ഗുണമേന്മ പരിശോധിക്കുവാനും എത്രമാത്രം പണി ചെയ്തു എന്നു കണക്കാക്കുവാനും ഉല്പന്നങ്ങളുടെ ഗുണമേന്മ പരിശോധിക്കുവാനും വില നിശ്ചയിക്കുവാനുമെല്ലാം മുതലാളി പ്രാപ്തനായി. മുതലാളിയെ ആശ്രയിച്ചു ജീവിക്കുന്ന കൂലി അടിമയായി തൊഴിലാളിയും മാറി.

*(തുടരും)*

*****


# കർമ്മോത്തേജനം

ഡോ. കെ. ഹരിഹരൻ – 9847313322

(തുടർച്ച)

നമ്മുടെ കാഴ്ചപ്പാടും മാനസികാരോഗ്യവും തമ്മിൽ വളരെ സമാനതകളുണ്ട്. ജീവിത സങ്കല്പങ്ങൾക്ക് സങ്കീർണ്ണതകൾ വർദ്ധിക്കുമ്പോൾ മാനസികാരോഗ്യം കലുഷിതമാകുന്നു. അതുകൊണ്ട് ലളിത ജീവിത പാതയിലൂടെ സഞ്ചരിക്കുകയാണ് ജീവിത സുഖം ആഗ്രഹിക്കുന്നവർക്കഭികാമ്യം. ജീവിതം സത്യത്തിൽ ലളിതമാണ്, എന്നാൽ മനുഷ്യൻ അതിനെ സങ്കീർണ്ണമാക്കുന്നു എന്നാണ് ചൈനീസ് തത്ത്വചിന്തകനായ കൺഫ്യൂഷ്യസിന്റെ കാഴ്ചപ്പാട്. ജീവിതത്തെ ലഘൂകരിച്ച് നേടേണ്ട ഒന്നാണ് മാനസിക സുഖാരോഗ്യങ്ങൾ എന്ന് ആരും ചിന്തിക്കാറില്ല. നിത്യജീവിതത്തിൽ ആവശ്യമില്ലാത്ത വസ്തുക്കളെ അകറ്റി നിറുത്തുക പലർക്കും വിഷമകരമാണ്. ലോകപ്രശസ്ത മനശ്ശാസ്ത്രജ്ഞനായിരുന്ന എബ്രാഹം മസ്ലോവ് മുന്നോട്ടുവെച്ച ഒരു പ്രചോദക സിദ്ധാന്തമാണ് 'ആവശ്യങ്ങളുടെ ശ്രേണി'. (Maslow's Hierarchy of Needs). 1943–ൽ അദ്ദേഹം അവതരിപ്പിച്ച 'എ തിയറി ഓഫ് ഹ്യൂമൻ മോട്ടിവേഷൻ' എന്ന പ്രബന്ധത്തിലാണ് ഇതേക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളത്. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങളെ അദ്ദേഹം അഞ്ച് വിഭാഗങ്ങളിലായി വർഗ്ഗീകരിച്ചിരിക്കുന്നു. ഈ അഞ്ച് വിഭാഗങ്ങളുടേയും അവയുടെ അനിവാര്യതയുടേയും പ്രാധാന്യത്തിന്റേയും ക്രമമനുസരിച്ച് ശ്രേണികളായി ക്രമീകരിച്ച് വിവരിക്കുന്നു.

ശാരീരികമായ ആവശ്യങ്ങൾ (Physiological Needs), സുരക്ഷിതത്വ ആവശ്യങ്ങൾ (Safety and Security Needs), സ്നേഹ സംബന്ധമായ ആവശ്യങ്ങൾ (Love and Belongigness Needs), ആദരസംബന്ധമായ ആവശ്യങ്ങൾ (Esteem Needs), വ്യക്തിഗത ആവശ്യങ്ങൾ (Self Actualization Needs) എന്നിങ്ങനെ അഞ്ചുവിഭാഗങ്ങൾ. ഈ അഞ്ചുവിഭാഗങ്ങളിൽപെടുന്ന ഓരോ ആവശ്യങ്ങളും ഒന്നൊന്നായി നേടിയെടുക്കുക എന്നതാണ് പൊതുവെ 'ബാഹ്യ പ്രചോദക ശക്തികൾ' എന്നു വിശേഷിപ്പിക്കുന്നത്. പ്രചോദനം എന്നത് ഭക്ഷണത്തിനു സമാനമാണ്. നമ്മൾക്ക് ആത്മവിശ്വാസത്തോടെ കാര്യങ്ങൾ ചെയ്യുവാൻ ഇവ ആവശ്യമാണ്




പ്രചോദനം സ്വതസിദ്ധമല്ല. എല്ലാ ദിവസവും രാവിലെ ഉണർന്ന് ദിവസം മുഴുവൻ ഫലപ്രദമായി പ്രവർത്തിക്കാൻ പ്രചോദനത്തിന്റെ സ്വിച്ച് ഓണാക്കാനാകില്ല. നമ്മുടെ ലക്ഷ്യങ്ങളെ തടസ്സപ്പെടുത്തുന്ന ചിന്തകളേയും മാനസികാവസ്ഥകളേയും നിയന്ത്രിക്കുന്ന ശക്തികൾ നമ്മുടെ ഉള്ളിൽ തന്നെയുണ്ട്. അതിനാൽ എപ്പോഴും നമ്മെ പ്രചോദിപ്പിക്കാനായി ഒരു സംവിധാനം ആവശ്യമാണ്. അതിലേയ്ക്കായി ചില ലളിതമായ വഴികൾ ഒന്നു പരിശോധിക്കാം.

1. ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക :–

നിങ്ങൾക്കാവശ്യമുള്ള ഒരു ദൗത്യം ആരംഭിക്കാൻ തയ്യാറാകുമ്പോൾ അത് നിർവ്വഹിക്കുവാനുള്ള പ്രചോദനവും ശ്രദ്ധയും തീരെ ഉണ്ടാവുകയില്ല എന്ന പ്രശ്നം നമ്മെ പലപ്പോഴും അലട്ടാറുണ്ട്. ഈ സന്ദർഭത്തിൽ കൂടുതലൊന്നും ചിന്തിക്കാതെ നിങ്ങളുടെ ജോലിയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങുക. പ്രചോദനം താനെ വരികയും കാ

ര്യങ്ങൾ നല്ല രീതിയിൽ ചെയ്തു തീർക്കാൻ സാധിക്കുകയും ചെയ്യുന്നതാണ്.

2. കാലതാമസം ഒഴിവാക്കുവാൻ ചെറിയ രീതിയിൽ തുടങ്ങുക :-

ലക്ഷ്യം വലുതായാൽ കാലതാമസം സാധാരണമാണ്. ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലുള്ള വ്യാകുലത ലക്ഷ്യങ്ങളെ വഴിതിരിച്ചുവിടാനും പ്രധാനപ്പെട്ട ജോലികൾ മാറ്റിവെയ്ക്കാനും നിങ്ങളെ പ്രേരിതരാക്കാം, ഇത് പലപ്പോഴും നിങ്ങൾക്കനുഭവപ്പെടുന്നുണ്ടെങ്കിൽ നിങ്ങളുടെ ലക്ഷ്യം കൈവരിക്കാൻ ആകുന്ന രീതിയിൽ ചെറിയ ഖണ്ഡങ്ങളായി അവയെ വിഭജിച്ച്, ചെറിയ ജോലികൾ ആക്കി പൂർത്തികരിക്കാൻ ശ്രമിക്കുക. അപ്പോൾ നിങ്ങളിൽ ഉന്മേഷം ഉണ്ടാവുകയും ജോലി മുഴുമിപ്പിക്കാനുള്ള പ്രചോദനം വഴിയെ ഉടലെടുക്കുകയും ചെയ്യും.

3. ശ്രദ്ധ വ്യതിചലിപ്പിക്കുന്ന കാര്യങ്ങൾ ഒഴിവാക്കുക :-

നിങ്ങളുടെ ശ്രദ്ധതിരിക്കുന്ന എല്ലാ കാര്യങ്ങളും കുടുംബപ്രശ്നങ്ങൾ, താല്പര്യമുള്ള സോഷ്യൽ മീഡിയകൾ, സിനിമ, കളികൾ ഒത്തുചേരലുകൾ മുതലായവ ജോലിസമയത്ത് നിങ്ങളുടെ മനസ്സിൽ വരാതെ സ്വന്തം മനസ്സിനെ അടക്കി നിറുത്തണം. നല്ല ജോലികൾ ചെയ്യുമ്പോൾ ലഭിക്കാൻ പോകുന്ന നല്ല പ്രതിഫലത്തെക്കുറിച്ച് മാത്രം ചിന്തിച്ച് ജോലിയിൽ മുഴുകുക.

4. കാര്യങ്ങൾ എഴുതി വെയ്ക്കുക :-

നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന ജോലി വിവരങ്ങൾ ഒരു നോട്ട് പാഡിൽ എഴുതി വെയ്ക്കുന്നത് വളരെ പ്രയോജനം ചെയ്യും.

ഈ ലിസ്റ്റ് എപ്പോഴും ദൃശ്യമാകുന്ന രീതിയിൽ എഴുതി ക്യാബിനറ്റിൽ ഒട്ടിക്കുകയോ മേശപ്പുറത്ത് വെയ്ക്കുകയോ ചെയ്യുക. ഓരോ ജോലിയും പൂർത്തീകരിച്ചുകഴിഞ്ഞാൽ അവ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യാം. ഇങ്ങനെ ചെയ്യുന്നത് നിങ്ങൾക്ക് പ്രചോദനം നൽകുന്നു, ഒപ്പം നിങ്ങളെക്കുറിച്ച് സ്വയം നല്ല മതിപ്പ് അനുഭവപ്പെടുകയും ചെയ്യും.

5. നിങ്ങളുടെ കാര്യങ്ങൾ വിശകലനം ചെയ്യുവാൻ ഒരു വഴികാട്ടി ഉണ്ടാവട്ടെ.

ഒരു ഉപദേഷ്ടാവ്, ഒരു അഭ്യുദയകാംക്ഷി, ഒരു നല്ല സുഹൃത്ത്, നിങ്ങൾ ബഹുമാനിക്കുന്ന ഒരു ഉന്നതൻ അല്ലെങ്കിൽ നിങ്ങളുടെ പങ്കാളി എന്നിവർ ആരെങ്കിലും ഒക്കെ നിങ്ങളുടെ ജോലിയേയും രീതിയേയും ഇടയ്ക്കിടെ വിശകലനം ചെയ്യുന്നത്, അഭിപ്രായം പറയുന്നത് നിങ്ങൾക്ക് കൂടുതൽ പ്രചോദനം ഉണ്ടാക്കുന്ന പ്രവർത്തിയാണ്. മാത്രമല്ല, നിങ്ങൾക്ക് ജോലിയിൽ എന്തെങ്കിലും തടസ്സം നേരിടുമ്പോൾ, ലക്ഷ്യം കൈവരിക്കാനും പ്രചോദനം നഷ്ടപ്പെടാതിരിക്കാനും ഇവ നിങ്ങളെ സഹായിക്കും.

6. മറ്റുള്ളവരിൽ നിന്നും പ്രചോദനം ഉൾക്കൊള്ളുക. മറ്റുള്ളവരിൽ നിന്നും പഠിക്കുന്നത് നിങ്ങളെ മുന്നോട്ട് നയിക്കുന്നതിന് ഉതകുന്ന ശക്തമായ ഒരു പ്രേരണയാണ്. നിങ്ങളുടെ ഉപദേഷ്ടാവായിരിക്കാം, അല്ലെങ്കിൽ, നിങ്ങളേയും മറ്റ് ടീമംഗങ്ങളേയും കൂടുതൽ കഠിനാദ്ധ്വാനം ചെയ്യാൻ പ്രേരിപ്പിക്കുന്ന കഴിവുള്ള ഒരു തലവനാകാം. ഇതല്ലാതെ, നിങ്ങൾക്ക് വിലയേറിയ ഉപദേശങ്ങൾ നൽകാൻ കഴിയുന്ന ഗുരുക്കന്മാരുടെ ബ്ലോഗുകൾ, പുസ്തകങ്ങൾ എന്നിവയുടെ സഹായവും തേടാവുന്നതാണ്.

7. ശുഭാപ്തി വിശ്വാസത്തിൽ ശ്രദ്ധ ക്രേന്ദീകരിക്കുക

ശുഭാപ്തി വിശ്വാസം എന്നത്, പ്രതികൂല സാഹചര്യങ്ങൾക്കിടയിലും, ലക്ഷ്യത്തിലെത്താനായി ധൈര്യത്തോടെ ജോലിചെയ്യാനും നമ്മുടെ പ്രചോദനത്തെ വർദ്ധിപ്പിച്ച് പ്രവൃത്തികൾ വിജയകരമായി പൂർത്തികരിക്കുവാനും സഹായിക്കുന്ന അമൂല്യഘടകമാണ്.

8. കാര്യങ്ങൾ ശരിയായി നടക്കാത്തപ്പോൾ നമ്മോടു തന്നെ ദയ കാണിക്കുക.

നിങ്ങൾക്ക് ഇടർച്ചയോ വീഴ്ചയോ ഉണ്ടാകുമ്പോൾ സ്വയം കുറ്റപ്പെടുത്തുക എന്നത് സാധാരണമാണ്. നമ്മിൽ മിക്കവരും എളുപ്പം ഈ കെണിയിൽ വീണുപോകും. അങ്ങനെ വരുമ്പോൾ നാം തികച്ചും പ്രവൃത്തിയിൽ നിർവ്വീര്യരാകാനും അതിനു പരിഹാരമായി നിങ്ങൾ പരാജയപ്പെടുമ്പോൾ നിങ്ങളോട് തന്നെ സ്വയം ദയ കാണിക്കുകയും, പ്രതീക്ഷവിടാതെ ആത്മവിശ്വാസം വീണ്ടെടുത്ത്, ഒരു സമയത്ത് ഒരു ചുവട് മുൻ

പോട്ട് എന്ന കണക്കിൽ വീഴ്ചയിൽ നിന്നും തിരിച്ച് വിജയത്തിലേക്ക് മടങ്ങുക.

9. ആരോഗ്യകരമായ മത്സരം വികസിപ്പിക്കുക

നിങ്ങളുടെ സമപ്രായക്കാരുമായോ, സഹപ്രവർത്തകരുമായോ ആരോഗ്യകരമായ മത്സരത്തിൽ ഏർപ്പെടുന്നത് ജോലിസ്ഥലത്ത് ആവേശം സൃഷ്ടിക്കുന്നതിനോ ഉൽപാദ കക്ഷമത വർദ്ധിപ്പിക്കുന്നതിനോ കൂടുതൽ പുതുമകൾ കൊണ്ടുവരുന്നതിനോ സഹായകമാകും.

10. നിങ്ങളുടെ സ്വന്തം അളവുകോൽ ഉണ്ടാക്കുക മത്സരം പലപ്പോഴും നിങ്ങളെ ബാധിച്ചേക്കാം. നിങ്ങൾ മികച്ച രീതിയിൽ അല്ലെങ്കിൽ, അപര്യാപ്തതയുടേയും ശത്രുതയുടേയും വികാരങ്ങളിൽ നിങ്ങളിൽ സ്വയം സ്ഥാപിക്കപ്പെടാൻ ഇടയുണ്ട്. അതിനാൽ എല്ലായ്പ്പോഴും നിങ്ങളുടെ ജോലിയെ മുമ്പത്തെ ദിവസത്തെയോ, ആഴ്ചയിലെയോ ചെയ്ത ജോലിയുമായി താരതമ്യം ചെയ്ത് അതിന്റെ പുരോഗതി അളക്കുന്നത് നല്ല പ്രയോജനം ചെയ്യും.

11. നിങ്ങൾ ജോലിചെയ്യുന്നത് നിങ്ങളുടെ എന്ത് ലക്ഷ്യത്തിലേയ്ക്ക് എത്താനാണെന്ന് എപ്പോഴും ഓർമ്മിക്കുക.

പ്രചോദനം കുറവായിരിക്കുമ്പോൾ, നിങ്ങളുടെ ലക്ഷ്യത്തിലേയ്ക്കുള്ള കാഴ്ച നഷ്ടപ്പെടാൻ എളുപ്പമാണ്. അതിനാൽ ചെയ്യുന്ന കാര്യങ്ങൾ എന്ത് നേടാനാണ് എന്ന കാര്യം മറക്കാതെ ഉള്ളിൽ സൂക്ഷിക്കുക. ഒരു പക്ഷെ നിങ്ങൾ എന്തെങ്കിലും സമ്പാദിക്കുവാനോ അല്ലെങ്കിൽ നിങ്ങളുടെ വിദ്യാഭ്യാസത്തിന്റെ ആവശ്യത്തിനായോ അഥവ വളരെക്കാലമായി ആഗ്രഹിക്കുന്ന ഒരു സ്വപ്ന സാക്ഷാത്കാരത്തിനോ ആയിരിക്കും പ്രവൃത്തിയെടുക്കുന്നത്. എപ്പോഴും ആ അന്തിമ ലക്ഷ്യം മനസ്സിൽ വെയ്ക്കുക.

12. പതിവായി വ്യായാമം ചെയ്യുക

സമ്മർദ്ദം ഒഴിവാക്കാനും, മനസ്സ് പുനഃസജ്ജമാക്കുവാനുമുള്ള ഒരു വിജയകരമായ മാർഗ്ഗമാണ് എല്ലാദിവസവും വ്യായാമം ചെയ്യുക എന്നത്. കാര്യങ്ങൾ ഏകതാനമാകുമ്പോൾ, വ്യായാമം ചെയ്യുന്നത് മനസ്സിലെ ദുഷിപ്പുകൾ അകറ്റാൻ നമ്മളെ സഹായിക്കും.

മോട്ടിവേഷൻ അഥവ പ്രചോദനം എന്ന് പറയുന്നത് ഒരു റീച്ചാർജബിൾ ബാറ്ററി പോലെയാണ്. നമ്മൾ ഒരു മോബൈൽ ഫോൺ വാങ്ങുമ്പോൾ അതിനോടൊപ്പം ഒരു റീച്ചാർജബിൾ ബാറ്ററിയും കൂടാതെ ഒരു ചാർജ്ജറും ഉണ്ടാകും. ബാറ്ററി ചാർജ്ജ് പോയാൽ വീണ്ടും ചാർജ്ജ് ചെയ്യാൻ വേണ്ടിയാണ് ഈ ചാർജ്ജർ നമ്മൾ ഉപയോഗിക്കുക. ഇതുപോലെ തന്നെയാണ് നമ്മുടെ കാര്യവും. ഏതു മനുഷ്യനായാലും ഇടയ്ക്ക് അയാളുടെ പ്രചോദനം നഷ്ടമാകും. അങ്ങനെ വന്നാൽ അയാളെ വീണ്ടും മോട്ടിവേറ്റു ചെയ്ത് ഉന്മേഷവാനാക്കാനുള്ള വഴികളാണ് മുകളിൽ പ്രസ്താവിച്ച മാർഗ്ഗങ്ങൾ. പൂർണ്ണ സുഖവും സ്വാതന്ത്രവും വേണമെന്നാണ് ഏത് മനുഷ്യന്റെയും ആഗ്രഹം. നാം ഇന്നനുഭവിക്കുന്ന പലതും കഴിഞ്ഞ ജന്മങ്ങളിലെ കർമ്മങ്ങളുടെ ഫലങ്ങളായിരിക്കണം. പൂർണ്ണസുഖവും സ്വാതന്ത്ര്യവും കൈവരുത്തുന്ന കർമ്മങ്ങൾ മാത്രം ചെയ്യുക എന്നത് അസാദ്ധ്യമാണെന്ന് അല്പം ആലോചിച്ചാൽ അറിയാം. നമ്മുടെ കർമ്മങ്ങൾ മിക്കവാറും ഗുണദോഷസമ്മിശ്രങ്ങളാണ്. അതിന്റെ ഫലമായിട്ടാണ് നമ്മുടെ ജീവിതം സുഖദുഃഖസമ്മിശ്രമായിരിക്കുന്നത്. അങ്ങനെയുള്ള അനുഭവങ്ങൾ പുതിയ ആശകളേയും ആലോചനകളേയും ആചാരങ്ങളേയും സൃഷ്ടിക്കുന്നു. അവ വീണ്ടും സുഖദുഃഖങ്ങളെ ഉണ്ടാക്കുന്നു. അങ്ങനെ കർമ്മച്ചങ്ങല ജന്മജന്മാന്തരം മനുഷ്യനെ കെട്ടിപ്പിണയ്ക്കുന്നു. അതുകൊണ്ട് കർമ്മബന്ധമുള്ള കാലത്തോളം നമുക്ക് പൂർണ്ണ സുഖം ഉണ്ടാകുന്നതല്ല. സുഖവും സ്വാതന്ത്ര്യവും കൈവരുവാൻ കർമ്മബന്ധമോചനമല്ലാതെ മറ്റു മാർഗ്ഗമില്ല. അത് സാദ്ധ്യമല്ലതാനും. മനസ്സുകൊണ്ടോ ദേഹം കൊണ്ടോ എന്തെങ്കിലും പ്രവൃത്തി ചെയ്യാതിരിക്കുന്നത് അസാദ്ധ്യമാണ്.കർമ്മം പ്രവൃത്തി പ്രകൃതിയുടെ ഒരു അനിഷേദ്ധ്യനിയമമാണ്. കർമ്മബന്ധവിമോചനം മാത്രമെ സാദ്ധ്യമാവൂ. ഈശ്വരൻ തന്നെ സദാ കർമ്മനിരതനാണ്; ഈശ്വരാംശഭൂതമായ പ്രകൃതിയും സകലചരാചരങ്ങളും അതുകൊണ്ട്, സദാ അഹേതുകമായി കർമ്മം ചെയ്തുകൊണ്ടിരിക്കുന്നു. പൂർണ്ണമായ കർമ്മമുക്തി അതിനാൽ അചിന്ത്യമാണ്.

****

# ചർമ്മം

ഡോ. പാർവ്വതി. കെ. എസ്. – 9497791093

**ജീ**വികളിലെ പ്രധാന അംഗവ്യൂഹങ്ങളിൽ ഒന്നാണ് ചർമ്മം അഥവാ തൊലി. ഇത് ഇൻഗ്യുമെന്ററിസിസ്റ്റത്തിലെ ഏറ്റവും വലിയ അവയവമാണ്. പേശികൾ, അസ്തികൾ, അസ്ഥിബന്ധങ്ങൾ, ആന്തരിക അവയവങ്ങൾ എന്നിവയെ സംരക്ഷിക്കുന്ന എക്ടോടെർമൽ ടിഷ്യുവിന്റെ ഏഴ് പാളികൾ വരെ ചർമ്മത്തിലുണ്ട്.

പരിസ്ഥിതിയുമായി ഇടപെഴകുന്നതിനാൽ രോഗാണുക്കളിൽ നിന്നും അമിതമായ ജലനഷ്ടത്തിൽ നിന്നും ശരീരത്തെ സംരക്ഷിക്കുന്നതിൽ ചർമ്മം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇൻസുലേഷൻ, താപനില നിയന്ത്രണം, സംവേദനം, വൈറ്റമിൻ ഡിയുടെ സമന്വയം, വിറ്റാമിൻ ബി ഫോളേറ്റുകളുടെ സംരക്ഷണം എന്നിവയാണ് ഇതിന്റെ മറ്റ് പ്രവർത്തനങ്ങൾ

**പാളികൾ** – ചർമ്മത്തിൽ എക്ടോഡെർമൽ ടിഷ്യുവിന്റെ ഏഴ് പാളികൾ വരെ ഉണ്ട്, കൂടാതെ പേശികൾ അസ്തികൾ, അസ്തിബന്ധങ്ങൾ ആന്തരിക അവയവങ്ങൾ എന്നിവ സംരക്ഷിക്കുന്നു. പുറം തൊലി പല പാളികളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അവിടെ ഏറ്റവും അകത്തെ പാളികളിൽ മൈറ്റോസിസ് വഴി കോശങ്ങൾ രൂപം കൊള്ളുന്നു. അവ വ്യത്യസ്തമാകുകയും കെരാറ്റിൻ നിറയ്ക്കുകയും ചെയ്യുമ്പോൾ ആകൃതിയും ഘടനയും മാറിക്കൊണ്ടിരിക്കുന്ന സ്ട്രാറ്റയിലേക്ക് നീങ്ങുന്നു. മുകളിലെ പാളി സ്ട്രാറ്റം കോർണിയത്തിൽ എത്തിയശേഷം അവ ഡീസ്ക്യാമേറ്റ് ചെയ്യപ്പെടുന്നു. ഈ പ്രക്രിയയെ കെരാറ്റിനൈസേഷൻ എന്ന് വിളിക്കുന്നു. അത് ആഴ്ചകൾക്കുള്ളിൽ നടക്കുന്നു.

**Sublayer** പുറംതൊലിയെ ഇനിപറയുന്ന 5 ഉപപാളികളായി അല്ലെങ്കിൽ സ്ട്രാറ്റകളായി തിരിച്ചിരിക്കുന്നു.

- സ്ട്രാറ്റം കോർണിയം
- സ്ട്രാറ്റം ലൂസിഡം
- സ്ട്രാറ്റം ഗ്രാനുലോസം
- സ്ട്രാറ്റം സ്പിനോസം
- സ്ട്രാറ്റം ബേസലെ

പുറംതൊലിക്ക് താഴെയുള്ള ചർമ്മത്തിന്റെ പാളിയാണ് ഡെർമിഡ്, ഇത് ബന്ധിത ടിഷ്യു അടങ്ങിയതും സമ്മർദ്ദത്തിൽ നിന്നും ശരീരത്തെ സംരക്ഷിക്കുന്നതുമാണ്. ഒരു ബേസ്മെന്റ് മെംബ്രേൻ ഉപയോഗിച്ച് ചർമ്മം പുറംതൊലിയുമായി ദൃഢമായി ബന്ധിച്ചിരിക്കുന്നു. സ്പർശനവും താപവും നൽകുന്ന നിരവധി നാഡി അഗ്രങ്ങളും ഇത് ഉൾക്കൊള്ളുന്നു. രോമകൂപങ്ങൾ, വിയർപ്പുഗ്രന്ഥികൾ സെബാഡിഷിയസ് ഗ്രന്ഥികൾ, അപോക്രൈൻ ഗ്രന്ഥികൾ, ലിംഫാറ്റിക് വെസ്സല്സ്, രക്തക്കുഴലുകൾ, എന്നിവ ഇതിൽ അടങ്ങിയിരിക്കുന്നു. ചർമ്മത്തിലെ രക്തക്കുഴലുകൾ സ്വന്തം കോശങ്ങളിൽ നിന്നും എപിഡേർമിസിന്റെ സ്ട്രാറ്റംബേസലിൽ നിന്നും പോഷണവും മാലിന്യനീക്കലും ചെയ്യുന്നു.

ചർമ്മത്തെ ഘടനാപരമായി രണ്ട് മേഖലകളായി തിരിച്ചിരിക്കുന്നു. പുറം തൊലിയോട് ചേർന്നുള്ള ഒരു ഉപരിപ്ലവമായ പ്രദേശം “പാപില്ലറി മേഖല” എന്ന് വിളിക്കുന്നു. കൂടാതെ ആഴത്തിലുള്ള കട്ടിയുള്ള പ്രദേശം “റെററികുലാർ മേഖല” എന്നറിയപ്പെടുന്നു.

**പാപില്ലറി മേഖല**

ഈ അയഞ്ഞ അരിയോളാർ കണക്ടീവ്

ടിഷ്യുകൊണ്ട് നിർമ്മിതമാണ്. പുറം തൊലിയിലേക്ക് നീളുന്ന പാപില്ലെ എന്ന് വിളിക്കപ്പെടുന്ന വിരൽപോലെയുള്ള പ്രൊജക്ഷനുകൾ ഉള്ളതുകൊണ്ടാണ് ഇങ്ങനെ വിളിക്കുന്നത്.

ഇവ ഉള്ളം കൈയിലും വിരലുകളിലും, കാലുകളിലും, കാൽവിരലുകളിലും കാണപ്പെടുന്നു. ഈ എപിഡെർമൽ വരമ്പുകൾ ജനിതകമായു എപിജെനറ്റിക്കലായും നിർണ്ണയിക്കപ്പെട്ട പാറ്റേണുകളിൽ കാണപ്പെടുന്നതിനാൽ വ്യക്തിയെ വിരലടയാളങ്ങളോ കാൽപ്പാടുകളോ ഉപയോഗിച്ച് തിരിച്ചറിയാൻ സാധിക്കുന്നു.

**റെറ്റികുലാർ മേഖല**

റെറ്റികുലാർ മേഖല പാപില്ലറി മേഖലയിൽ ആഴത്തിൽ കിടക്കുന്നു. ഇത് സാധാരണയായി കട്ടിയായി കാണപ്പെടുന്നു. ഇത് ഇടതൂർന്ന ക്രമരഹിതമായ ബന്ധിത ടിഷ്യുകൊണ്ട് നിർമ്മിതമാണ്. കൂടാതെ കൊളാജനസ് ഇലാസ്റ്റിക്, റെറ്റിക്യൂലാർ നാരുകൾ എന്നിവ കൊണ്ട് നിർമ്മിച്ചിരിക്കുന്നു. ഈ പ്രോട്ടീൻ നാരുകൾ ചർമ്മത്തിന് ശക്തി വിപുലീകരണം, ഇലാസ്തികത എന്നീ ഗുണങ്ങൾ നൽകുന്നു.

രോമങ്ങൾ, സെബേസിയസ് ഗ്രന്ഥികൾ, വിയർപ്പ് ഗ്രന്ഥികൾ, റിസപ്റ്ററുകൾ, നഖങ്ങൾ, രക്തക്കുഴലുകൾ എന്നിവയുടെ വേരുകളും റെറ്റികുലാർ മേഖലയിൽ സ്ഥിതി ചെയ്യുന്നു.

**ചർമ്മത്തിന്റെ പ്രവർത്തനങ്ങൾ**

**1. സംരക്ഷണം** – ചർമ്മത്തിലെ ലാംഗർഹാൻ കോശങ്ങൾ അഡാപ്റ്റിവാ രോഗപ്രതിരോധ സംവിധാനത്തിന്റെ ഭാഗമാണ്. വിയർപ്പിൽ ലൈസോറൈസം അടങ്ങിയിട്ടുണ്ട്. ഇത് ബാക്ടീരിയയുടെ കോശഭിത്തികൾക്കുള്ളിലെ ബന്ധനങ്ങളെ തകർക്കുന്നു.

**2. സെൻസേഷൻ** – ചൂടു, തണുപ്പ്, സ്പർശനം, മർദ്ദം, വൈബ്രേഷൻ, ടിഷ്യു ക്ഷതം എന്നിവയോട് പ്രതികരിക്കുന്ന നെർവ് എന്റിങ്ങ്സ് കാണപ്പെടുന്നു.

**3. താപനിയന്ത്രണം** – ചർമ്മത്തിന്റെ ബ്ലഡ് സപ്ലൈ റേഡിയേഷൻ സംവഹനം ചാലകം എന്നിവയിലൂടെ ഊർജ്ജനഷ്ടം കൃത്യമായി നിയന്ത്രിക്കാൻ അനുവദിക്കുന്നു. വിടർന്ന രക്തക്കുഴലുകൾ പെർഫ്യൂഷനും താപനഷ്ടവും വർദ്ധിപ്പിക്കുന്നു. അതേ സമയം ചുരുങ്ങിയ രക്തക്കുഴലുകൾ ചർമ്മത്തിലെ രക്തപ്രവാഹം ഗണ്യമായി കുറയ്ക്കുകയും ചൂട് സംരക്ഷിക്കുകയും ചെയ്യുന്നു.

**4. വിസർജ്ജനം** – വിയർപിൽ യൂറിയ അടങ്ങിയിരിക്കുന്നു. എന്നിരുന്നാലും അതിന്റെ സാന്ദ്രത മൂത്രത്തിന്റെ 1/30 ആണ്, അതിനാൽ വിയർപ്പിലൂടെയുള്ള വിസർജ്ജനം താപനില നിയന്ത്രണത്തിന്റെ ദ്വിതീയ പ്രവർത്തനമാണ്.

**5. ജല പ്രതിരോധം** – ചർമ്മം ജലനഷ്ടത്തെ പ്രതിരോധിക്കുന്നതിനാൽ ആവശ്യ പോഷകങ്ങൾ ശരീരത്തിൽ നിന്ന് നഷ്ടപ്പെടാതിരിക്കുന്നതിന് സഹായിക്കും.

*****

"ഉല്പന്നമായതു നശിക്കും, അണുക്കൾ നിൽക്കും
ഉല്പന്നാമുടൽ വെടിഞ്ഞൊരു ദേഹി വീണ്ടും
ഉല്പത്തി കർമ്മഗതിപോലെ വരും ജഗത്തിൽ"
കല്പിച്ചിടുന്നിവിടെയിങ്ങനെ യാഗമങ്ങൾ

–വീണപൂവ്

# കൈകേയി

അംബുജാക്ഷി. പി. – 9447577652

*(തുടർച്ച)*

ഭരതന് കോപം അടക്കാൻ സാധിക്കുന്നില്ല. കുമാരൻ വീണ്ടും വീണ്ടും പറഞ്ഞു തുടങ്ങി. "എന്റെ പിതാവിനും സഹോദരനും സത്കീർത്തിയുണ്ടാവുന്ന വിധത്തിൽ മാത്രമേ ഞാൻ പ്രവർത്തിക്കുകയുള്ളൂ. കൗസല്യാദേവിയുടെ ധർമ്മാത്മാവായ പുത്രനെ ഞാൻ കാട്ടിൽനിന്ന് കൂട്ടികൊണ്ടുവരും എന്നിട്ട് എന്നെ പ്രസവിച്ച സ്ത്രീ എനിക്ക് സമ്പാദിച്ചുതന്ന ഈ ശാപം തീർക്കാൻ ഞാൻ മഹർഷിമാരോടൊപ്പം വന ത്തിൽത്തന്നെ തപസ്സു ചെയ്യും. എനിക്കെന്റെ പ്രജകളേയും ബന്ധുക്കളേയും അമ്മമാരേ യും നേരിടാൻ വയ്യ".

ഭരതൻ വന്നതറിഞ്ഞ് അമാത്യന്മാരും ബന്ധുജനങ്ങളും പൗരപ്രമുഖരും അവിടെയെത്തി. അവരെ തൊഴുതുകൊണ്ട് അദ്ദേഹം തന്റെ നിഷ്കളങ്കത അറിയിച്ചു.

"ഒരിക്കലും ഞാൻ രാജ്യം ആഗ്രഹിച്ചിട്ടേ ഇല്ല. അഭിഷേകം കുറിച്ചതും മുടക്കിയതും ജ്യേഷ്ഠന്റെ വനഗമനവും അച്ഛന്റെ ദേഹവിയോഗവും ഒന്നും ഞാൻ അറിഞ്ഞിട്ടുമില്ല. ഇനി ഞാൻ എന്റെ മറ്റമ്മമാരോട് എന്റെ നിഷ്ക്കളങ്കത ബോധ്യപ്പെടുത്തട്ടെ".

ഭരതനും ശത്രുഘ്നനനും കൗസല്യദേവിയുടെ കൊട്ടാരക്കെട്ടിലേക്ക് പോയി. അവിടെയുണ്ടായ സംഭവങ്ങൾ എന്റെ വിശ്വസ്തരായ ദാസിമാർ എന്നെ അറിയിച്ചു.

അമ്മമാരെ കണ്ടപ്പോൾ ഭരതൻ അവരുടെ കാൽക്കൽ വീണു കരഞ്ഞു. സങ്കടം സഹിക്കാനാവാതെ കൗസല്യ തളർന്നുവീണു. ഭരതന്റെ ശുശ്രൂഷകൊണ്ട് ഉണർന്ന ദേവി ഒന്നും മിണ്ടാനാവാതെ "എന്തിനിതുചെയ്തു എന്ന അർത്ഥത്തിൽ ആംഗ്യം കാണിച്ചു. പി ന്നെപ്പിന്നെ .... പതുക്കെ പതുക്കെ.....പറയാൻ തുടങ്ങി.

"കുമാരാ, ഈ കടുംകൈ ചെയ്തിട്ട് നീയും നിന്റെ അമ്മയും കൂടി നാടു നേടി. അയോദ്ധ്യായരാജ്യം മുഴുൻ ഇനി നിങ്ങൾക്കധീനം. ഞങ്ങളുടെ മക്കളെ മരത്തോലുടുപ്പിച്ച് കാട്ടിലേക്കയച്ചതുകൊണ്ട് എന്തുകിട്ടി.? നിർബ്ബാധം രാജ്യം ഭരിച്ചോളൂ. പക്ഷെ, ഒരപേക്ഷയുണ്ട്. അൽപം ദയ കാണിച്ച് ഞങ്ങളേയും കൂട്ടി മക്കളുടെ അടുത്തേക്ക് കൊണ്ടുചെന്നാക്കൂ. ഞങ്ങൾക്ക് കൊട്ടാരം വേണ്ട, കാടുമതി".

ഓരോ വാക്കു കേൾക്കുമ്പോഴും ഭരതൻ വേദന കൊണ്ടു പുളഞ്ഞു. അമ്മ കൗസല്യാദേവിയെ തൊഴുതുകൊണ്ട് ഭരതൻ പറഞ്ഞു.

'അമ്മേ, എന്നെ നിന്ദിക്കരുതേ, ഞാനിതൊന്നും അറിഞ്ഞിട്ടേയില്ല. ഞാൻ ഒരിക്കലും രാജ്യം ആഗ്രഹിച്ചിട്ടില്ല. എന്റെ ജ്യേഷ്ഠന്റെ ദാസന്റെ ദാസനാണ് ഞാൻ. ഈ കടുംകൈ ചെയ്ത ആൾക്ക് ഒരിക്കലും ബുദ്ധി തെളിയില്ല. എല്ലാ മഹാപാപങ്ങളും അയാളുടെ തലയിൽ വീഴട്ടെ. വലിയമ്മയ്ക്ക് ഭർത്തൃമരണം, പുത്രവിരഹം എന്നീ മഹാദുഃഖങ്ങൾ അനുഭവിക്കാൻ ഇടവരുത്തിയ വ്യക്തിയുമായി എനിക്ക് ഇനി യാതൊരു ബന്ധവുമില്ല. ഇനി ഈ അമ്മമാരാണ് എന്റെ അമ്മമാർ.'

ഭരതന്റെ വാക്കുകൾ കേട്ട കൗസല്യയും ഒരു കുഞ്ഞിനെയെന്നപോലെ ഭരതനെ ആലിംഗനം ചെയ്തു, ആശ്വസിപ്പിച്ചു.

ഇതെല്ലാം കണ്ടും കേട്ടും അറിഞ്ഞും ഞാൻ വെന്തുരുകി. എന്തിനിതു ചെയ്തു? ആർക്കുവേണ്ടി ചെയ്തു? എനിക്കെല്ലാം വിപരീതഫലമാണല്ലോ തന്നത്! ഭർത്തൃവിരഹവും പുത്രകോപവും ജനനിന്ദയും അനുഭവിച്ച് ശിഷ്ടകാലം ആരുടേയും കണ്ണിൽപ്പെടാതെ, എല്ലാവരാലും വെറുക്കപ്പെട്ട് ഞാനെന്റെ കെട്ടിലേക്ക് ഒതുക്കട്ടെ, എന്റെ സർപ്പ സൗന്ദര്യത്തെ ശപിച്ചുകൊണ്ട്.....

മകന്റെ വാക്കുകൾ വല്ലാതെ വേദനിപ്പിക്കുന്നു.

'ഭർത്താവിനെക്കൊന്ന - പുത്രനെ നാടുകടത്തിയ- ഭവതിയുടെ ആഗ്രഹം ഞാൻ ഒരിക്കലുമൊരിക്കലും സാധിപ്പിക്കില്ല. ആ വയറ്റിലാണല്ലോ ഞാൻ പത്തുമാസം കിടന്നത്'. ആ പാപം ഞാനെങ്ങനെ പരിഹരിക്കും?. കുലധർമ്മപാലകരായ രണ്ടു വംശക്കാരുടെ പാരമ്പര്യത്തെ കീഴ്മേൽ മറിച്ചല്ലോ! ദുഷ്ടേ, ഈ രാജ്യത്ത് ഇനി കാണരുത്. മകൻ മരിച്ചു എന്ന് കരുതിയാൽ മതി'.

വീണ്ടും വീണ്ടും ഒടുങ്ങാത്ത ക്രൂരമ്പുകൾ! 'നിന്നോട് സംസാരിക്കാൻ പോലും ഞാൻ ആഗ്രഹിക്കുന്നില്ല. കേകയത്തിൽപ്പിറന്ന രാക്ഷസി! തീയിൽച്ചാടുകയോ, രാക്ഷസക്കൂട്ടങ്ങളെ ദണ്ഡക വനത്തിലേക്ക് പോകുകയോ, തൂങ്ങിച്ചാവുകയോ ആവാം. ദുഷ്ടയായ നിന്നെ എനിക്ക് കാണുകയേ വേണ്ട'.

പെറ്റമ്മക്ക് ഇതിൽക്കുടുതൽ എന്തുവേണം? മകന്റെ നന്മയാഗ്രഹിച്ച ഒരു അമ്മക്ക് കിട്ടിയ പ്രതിഫലം! മനസ്സിനേറ്റ പ്രഹരം! ആ അടിയുടെ ആഘാതം എന്റെ ഇന്ദ്രിയങ്ങളിൽ ഒരു മരവിപ്പ് പടർത്തി.

ഞാനിന്ന് ഒരനാഥയാണ്.

തരം കിട്ടുമ്പോഴൊക്കെ എന്നെ നിന്ദിക്കാൻ മടിക്കാത്ത പുത്രൻ.

പ്രസവിച്ചു വളർത്തി ചക്രവർത്തിയാക്കാൻ മോഹിച്ചു. ഏതൊരമ്മയുടേയും സ്വാർത്ഥത.

'നിന്റെ പിതാവ് ദിവംഗതനായി. സഹോദരന്മാർ കാട്ടിലേക്ക് പോയി. ഇനി യാതൊരു ബാധ്യതയുമില്ലാതെ നാടുഭരിക്കൂ' എന്ന് പറയാനാണ് ഞാൻ ആവേശം കൊണ്ടത്. എന്നാൽ അതിന് എനിക്കു കിട്ടിയ ശിക്ഷ! അതെന്നെ നിശ്ശബ്ദയാക്കി, നിസ്സഹായയാക്കി.

മകൻ രാജാവാകുമ്പോൾ മറ്റുള്ളവരും എന്നെ രാജമാതാവ് എന്ന് അംഗീകരിക്കുമല്ലോ എന്ന് ഞാൻ ആശ്വസിച്ചു. പക്ഷെ എന്നെ തോല്പിച്ചത് എന്റെ പുത്രൻ തന്നെയായിരുന്നു. ഞാൻ തീർത്തും തോറ്റുപോയി. നിസ്സഹായതയുടെ നിഴലായി എന്നിലേക്ക് ചുരുങ്ങിച്ചുരുങ്ങിയൊളിച്ചു. ഒരുകാലത്ത് ഈ കൊട്ടാരം മുഴുവനും എന്റെ ശക്തിവലയത്തിലായിരുന്നു. പക്ഷെ, ഇന്നു ഞാൻ ജീവസ്സറ്റ നിഴലാണ്. ആർക്കും മുഖം കൊടുക്കാതെ, ശബ്ദം കേൾപ്പിക്കാതെ ചലിക്കുന്ന ഒരു നിഴൽ മാത്രം.

എന്റെ മകൻ കൗസല്യയേയും സുമിത്രയേയും മന്ത്രിമാരേയും ആചാര്യന്മാരേയും പൗരപ്രമുഖന്മാരേയുയോക്കെ സമീപിച്ച് തന്റെ നിരപരാധിത്വം വിവരിക്കുന്നു.

'വലിയമ്മേ, ഞാൻ ഒന്നും അറിഞ്ഞില്ല. ഒന്നും ആഗ്രഹിച്ചിട്ടുമില്ല. എന്നും എന്റെ ജ്യേഷ്ഠന്റെ ദാസന്റെ ദാസനാകാനാണ് ഞാൻ കൊതിച്ചത്. അഭിഷേകവിഘ്നവും വനവാസവും അച്ഛന്റെ വിയോഗം പോലും ഞാനറിഞ്ഞത് ഇവിടെ എത്തിയപ്പോഴാണ്. എല്ലാം ക്രൂരദർശിനിയായ, കൊടുംപാപിയായ എന്റെ അമ്മയുടെ കുടില ബുദ്ധി! അമ്മമാരേ, ആചാര്യന്മാരേ, അമാത്യരേ, പൗരപ്രമുഖരേ എന്നോടു ക്ഷമിക്കണേ. എന്റെ ജ്യേഷ്ഠനെ കാട്ടിലയച്ചവൾ ഭ്രാന്തിയായി കാട്ടിൻ അലയട്ടെ!'

ദേഷ്യവും സങ്കടവും സഹിക്കാനാവാതെ ഭരതൻ തളർന്നു വീണു. ആ രണ്ടമ്മമാർ ഉണ്ണിയെ താങ്ങിപിടിച്ച് ആശ്വസിപ്പിച്ചു.

ഓർമ്മകൾ മങ്ങുന്നു. എങ്കിലും മനസ്സ് ഒരിടത്തും അടങ്ങിനിൽക്കുന്നില്ല.

പിറ്റേന്ന്........

രാജാവിന്റെ ശേഷക്രിയക്കുള്ള ഒരുക്കങ്ങൾ.... തൈലത്തോണിയിൻ നിന്നെടുത്ത നൃപശരീരം നിലത്തുകിടത്തി. മഞ്ഞപ്പ് വ്യാപിച്ചിരിക്കുന്നു. ചേതനയറ്റ പിതൃശരീരം ഉപചാരങ്ങളോടെ ഒരു പല്ലക്കിൽ കിടത്തി. സുഗന്ധദ്രവ്യങ്ങളും പൂക്കളും അർപ്പിച്ചു. ചന്ദനം, ദേവതാരു, അകിൽ എന്നിവകൊണ്ട് ചിതയൊരുക്കി. ഋത്വിക്കുകൾ ഹോമവും മന്ത്രജപവും ആരംഭിച്ചു. അന്തഃപുര സ്ത്രീ ജനങ്ങളും പരിജനങ്ങളും പ്രദക്ഷിണം ചെയ്തു.

മനസ്സും ശരീരവും തളർന്ന എന്നെ കൗസല്യാദേവി അനുകമ്പയോടെ പുറത്തേക്ക് കൊണ്ടുവന്നു. മൂർച്ചയേറിയ നോക്കും വാക്കും നേരിടാനാവാതെ ഞാൻ ആ രണ്ടു രാജ്ഞിമാരുടെ പിന്നിൽ മുഖം മറച്ചുകൊണ്ടു നടന്നു.

അഗ്നികർമ്മങ്ങളും സരയൂനദിയിലെ ഉദകകർമ്മങ്ങളും കഴിഞ്ഞു. കനത്ത മനസ്സോടെ, നിറഞ്ഞ കണ്ണുകളോടെ എല്ലാവരും നഗരത്തിൽ പ്രവേശിച്ചു.

പത്തു ദിവസത്തെ പുലയാചരണം. അയോധ്യ കേഴുകയായിരുന്നു.

അതിശക്തയായിരുന്ന അതിസുന്ദരിയും ബുദ്ധിമതിയുമെന്ന് അഹങ്കരിച്ചിരുന്ന ഞാൻ ഒരു കരിയിലപ്പോലെ നിസ്സഹായയായി. ആർക്കും വോത്തവൾ!

ദുശ്ശകുനം!

മകനാൽ പോലും ശപിക്കപ്പെട്ടവൾ!

ഇപ്പോൾ ഞാൻ അറിയുന്നു, എന്റെ ശക്തിയും ബുദ്ധിയും സൗന്ദര്യവുമൊക്കെ എന്റെ മഹാരാജാവായിരുന്നുവെന്ന്.

എല്ലാം നഷ്ടപ്പെട്ടു.

ഇന്ന് ഞാൻ വജ്രഹസ്തയല്ല.

സുന്ദരിയല്ല.

അപരാജിതയല്ല!.

തീർത്തും പരാജയപ്പെട്ടവൾ. പ്രിയപ്പെട്ടവരുടെ മുമ്പിൽ തോറ്റുപോകുമ്പോൾ ജീവീതം തന്നെ നിഷ്ഫലം എന്നു തോന്നും.

എന്റെ പിടിവാശിക്കുമുമ്പിൽ എന്റെ പ്രിയതമൻ പൊഴിച്ച ഓരോ കണ്ണുനീർത്തുള്ളിയും ഇന്നൊരു തീക്കടലായിമാറി എന്നെ വിഴുങ്ങുന്നു. എന്നിട്ടും ഞാൻ ജീവിച്ചിരിക്കുന്നു.

മാതൃഗന്ധിനി!

കുലനാശിനി!

കാലത്തിന് വീശിത്തെറിപ്പിക്കാൻ പറ്റിയ ഒരു കരിയില. ഒരു പുൽത്തുമ്പിലെങ്കിലും തടഞ്ഞുനിൽക്കാൻ കൊതിക്കുന്ന ഒരുപാഴ് ജന്മം.....................

പുല വീടി. ശ്രാദ്ധകർമ്മങ്ങളും പുണ്യാഹവും അവസാനിപ്പിച്ചു. ബ്രാഹ്മണർക്കും പരികർമ്മികൾക്കും ഒക്കെ വിശിഷ്ടവസ്തുക്കളും ധനവും രത്നങ്ങളും ദാനം ചെയ്തു. അയോധ്യ പതുക്കെപ്പതുക്കെ

തിരിച്ചുവരുകയാണ്. അപ്പോഴും ദുഃഖിതനായിത്തന്നെ ഭരതൻ! അസ്ഥി സഞ്ചയനവേളയിൽ എന്റെ മകൻ നിയന്ത്രിക്കാനാവാതെ പൊട്ടിപ്പൊട്ടിക്കരഞ്ഞുവത്രെ.

'അച്ഛനും സഹോദരങ്ങളുമില്ലാത്ത അയാധ്യയിലേക്ക് ഞാനില്ല.' ഉണ്ണി ആവർത്തിച്ചുപറയുന്നു.

സുമന്ത്രരുടെ ആശ്വാസവാക്കുകളാണ് ഭരതനേയും ശത്രുഘ്നനേയും പിടിച്ചുനിർത്തുന്നത്. എന്നോടൊരിക്കലും പൊറുക്കാത്ത ആ മന്ത്രി എന്റെ മക്കളെ കൈവിടില്ല. അയോധ്യയേയും. കാരണം അദ്ദേഹം അയോധ്യരാജാവിന്റെ സുഹൃത്തും ഉപദേശകനും മന്ത്രിയും സാരഥിയും ആയിരുന്നു!.

മരണാനന്തരക്രിയകൾക്കുശേഷം കുമാരന്മാർ വനയാത്രയെക്കുറിച്ചാണ് ആലോചിച്ചിരുന്നത്.

'നമുക്കും ജ്യേഷ്ഠനെ അനുഗമിക്കാം. അയോധ്യയിലേക്ക് തിരിച്ചുകൊവരാം. ജ്യേഷ്ഠനുപേക്ഷിച്ച രാജ്യം എനിക്കുവേ.' ഇതായിരുന്നു ഭരതന്റെ തീരുമാനം.

'ഒരു സ്ത്രീനിചിത്തമാണ് എന്റെ ജ്യേഷ്ഠൻ കാട്ടിൽ പോയത്. ആ സ്ത്രീയെ അടക്കിനിർത്താൻ എന്റെ അച്ഛൻ ശ്രമിച്ചില്ലല്ലോ.' ശത്രുഘ്ന്റെ പ്രതികരണം

ആ വാക്കുകൾ കേട്ടുകൊാണ് മന്ഥര ആ വഴിക്കുവന്നത്. ശത്രുഘ്നൻ ആക്രമിയെപ്പിടിച്ച് വലിച്ചിഴച്ചു. കുമാരൻ എന്നെയും ശകാരിക്കുന്നുായിരുന്നു. മന്ഥരയുടെ നിലവിളി കേട്ട് കൗസല്യയും സുമിത്രയും അവിടെ എത്തി. അവരുടെ പിന്നിൽ പതുങ്ങി തൂങ്ങികൊു ഞാനും.

ശത്രുഘ്ന്റെ തീപാറുന്ന നോട്ടത്തിന് സുദർശനചക്രത്തിന്റെ തീക്ഷണതയുന്ന് തോന്നും.

"അരുത് കുമാരാ! ആ വൃദ്ധദാസിയെ വെറുതെ വിടൂ." കൗസല്യാദേവിയുടെ സൗമ്യ ശബ്ദം. അവരുടെ പിന്നിൽ മറഞ്ഞു നി ൽക്കുന്ന എന്നെ കപ്പോൾ കുമാരന്മാരുടെ ക്രോധം ഇരട്ടിച്ചു. എന്നെ ചൂണ്ടിക്കൊണ്ട് ഭരതൻ പറഞ്ഞു.

"ശത്രുഘ്ന, എല്ലാ പ്രാണിക്കളിലും വച്ച് അവധ്യരാണ് സ്ത്രീകൾ. ക്ഷമിക്കൂ. അല്ലെങ്കിൽ പാപിനിയും ദുഷ്ടചാരിണിയുമായ ഈ കൈകേയിയെ ഞാൻ വധിച്ചേനെ. ധർമ്മിഷ്ഠനായ എന്റെ ജ്യേഷ്ഠൻ എന്നെ കുറ്റപ്പെടുത്തും. "നീ മാതൃഘാതകൻ" എന്ന്.

എന്റെ മകന്റെ ശബ്ദം ഒരു ശംഖൊലി പോലെ മുഴങ്ങി. എന്റെ ഉള്ളൊന്നുകാളി.

ശത്രുഘ്നൻ കുബ്ജയെ മോചിപ്പിച്ചു.

ശേഷം പേജ് 30

# ജീവിത ചിന്തകൾ

ഇന്ദിര ഗോപിമോഹൻ - 9847022564

## ശത്രുവും മിത്രവും

എന്തു ചെയ്യുമ്പോഴും അതിന്റെ എതിർവശം ചിന്തിച്ചാൽ ഒരു പാട് തെറ്റുകളിൽനിന്ന് നമ്മുക്ക് രക്ഷപെടാം. നമ്മുടെ ഏറ്റവും വലിയ ശത്രുവും മിത്രവുമൊക്കെ നമ്മൾ തന്നെയാണ്. നമ്മൾ കാരണക്കാരാവാതെ ഒരു കാര്യവും നമ്മളെ ബാധിക്കില്ല. ഇനി പുകവലിയെക്കാൾ പ്രശ്നങ്ങൾ വഷളാക്കുന്ന കാര്യമാണ് മദ്യപാനം. മദ്യപിച്ചാൽ ബോധംതന്നെ നഷ്ടപ്പെടുന്നു. വീട്ടിലുള്ളവരെക്കൂടി ഇത് വിഷമിപ്പിക്കുന്നു. മദ്യപാനം അധികമായാൽ സ്വയം നശിക്കുകയും, ജീവിതപങ്കാളിയെക്കൂടി നശിപ്പിക്കുകയും ചെയ്യുന്നു. കൊലപാതകംവരെ മദ്യപാനം കൊണ്ട് സംഭവിക്കുന്നു. കാരണം, ചെയ്യുന്നതെന്താണെന്ന് മദ്യപിച്ച ആൾക്ക് ബോധമുണ്ടാവില്ലല്ലോ. ഇതിൽനിന്ന് എത്രസമയം സുഖിക്കാം.? അല്ലെങ്കിൽ എല്ലാ പ്രശ്നങ്ങളിൽനിന്നും മദ്യം കഴിച്ചാൽ രക്ഷപ്പെടാനാകുമോ? ഇത്തരം മണ്ടത്തരങ്ങൾ എന്തിന് കാണിക്കുന്നു. ഞാൻ മനസ്സിലാക്കിയത് ദുർബലരാണ് കുടിക്കുന്നത് എന്നാണ്. ജീവിതം ജീവിച്ചു തീർക്കാൻ നമുക്ക് നല്ല മനഃശക്തി വേണം. അതിന് ഒരുപാട് മദ്യപിക്കുകയല്ല വേണ്ടത്. ഈശ്വരചിന്ത ഉണ്ടാവുകയാണ് വേണ്ടത്.

വിവാഹ മോചനംവരെ മദ്യപാനം കൊണ്ട് നടക്കുന്നു. സ്വന്തം സുഖം നോക്കി അച്ഛനമ്മാർ പിരിയുമ്പോൾ മക്കൾ അനുഭവിക്കുന്ന മാനസിക വിഷമത്തെപ്പറ്റി ആരെങ്കിലും ചിന്തിക്കുന്നുണ്ടോ?. നമ്മുടെ അച്ഛനമ്മാർ ഇങ്ങനെ ചെയ്തിരുന്നെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു. മക്കൾ നന്നായാലേ നമ്മുടെ സുഖത്തിന് ആയുസ്സുള്ളൂ. മക്കളെ ശ്രദ്ധിക്കാതെ ഇന്ന് ചെയ്യുന്ന ദുഷ്പ്രവൃത്തികൾക്ക് ശിക്ഷയായി മക്കളുടെ മുന്നിൽ ഈശ്വരൻ നമ്മളെ തലകുനിപ്പിക്കും. ദുഷ്പ്രവൃത്തികളിൽ നിന്ന് എന്താണ് കിട്ടുന്നത്. ധനനഷ്ടം, മാനനഷ്ടം, സമയനഷ്ടം കൂടാതെ അസുഖങ്ങളും. എന്തെല്ലാം നല്ല പ്രവൃത്തികൾ ചെയ്യാനുണ്ടിവിടെ. നല്ല ജീവിതം നല്ല പ്രവർത്തികൾ ചെയ്ത് നമ്മൾ തന്നെയല്ലേ ഉണ്ടാക്കേണ്ടത്. എന്തിനാണ് ഓരോ വ്യക്തിയും സ്വയം നശിക്കുന്നത്. നാശം വിലകൊടുത്ത് വാങ്ങുകയാണ് നമ്മൾ.

ഇനി വേറോരു അപകടം പിടിച്ച വഴിയാണ് വ്യഭിചാരം. ഒരു സെക്കന്റു നേരത്തെ എടുത്തുചാട്ടം മതി നമുക്ക് തെറ്റുകൾ ചെയ്യാൻ. ഇതുകൊണ്ട് തകരുന്നത് നമ്മുടെ ജീവിതവും. ചില വാക്കുകളും പ്രവൃത്തികളും പിഴച്ചുപോയാൽ തിരുത്താൻ പറ്റില്ല. ഇത്തരം പ്രവൃത്തികൾ തിരുത്താൻ പറ്റാത്തതാണ്. ഒരിക്കലും ഒരു ഭാര്യയും ഭർത്താവും പരപുരുഷനോ പരസ്ത്രീയോ ആയി ശാരീരികമായി അടുക്കരുത്. അത് അസുഖങ്ങൾ വരുത്തുമെന്നു മാത്രമല്ല കുടുംബഭദ്രതയ്ക്കു തന്നെ നാശം വരുത്തും. ഏതൊരു ഭാര്യാഭർത്താക്കന്മാരിലും ചെറിയൊരു സ്വാർത്ഥത കാണും. അത് ഈ രണ്ട് വ്യക്തിബന്ധങ്ങളുടെ അടിസ്ഥാനത്തിലാണ്. നശിക്കാൻ കൂട്ടുനിൽക്കുന്ന ആരും നശിച്ചുകഴിഞ്ഞാൽ കൂട്ടിനു കാണില്ല. അവസാനം ഭാര്യയും ഭർത്താവും മാത്രമെ ഉണ്ടാവൂ. വയസ്സുകാലത്ത് കൂട്ടിനു വേണ്ട ജീവിതപങ്കാളിയെ വില കൽപ്പിക്കാതെ നടക്കുന്നത് ശരിയല്ല. നമ്മൾ പലതും അനുസരിക്കാത്തതു കൊണ്ട് ഒന്നിന്റെയും ശരിയായ ഫലം നമുക്ക് മനസ്സിലാക്കാൻ പറ്റുന്നില്ല എന്നതാണ് സത്യം. പലതും നമ്മൾ മനസ്സിലാക്കാൻ ശ്രമിക്കണം. സത്യത്തിനു

അർത്ഥമുണ്ടോ എന്ന് സത്യത്തോടെ ജീവിച്ചാൽ മാത്രമെ മനസ്സിലാകൂ. കുടുംബജീവിതത്തിൽ സന്തോഷം കിട്ടണമെങ്കിൽ ആദ്യം ഭാര്യയും ഭർത്താവും തൊണ്ണൂറ്റി ഒൻപതു ശതമാനം കാര്യത്തിലും ഒന്നായി ചിന്തിക്കുകയും പ്രവൃത്തിക്കുകയും വേണം. ആ സന്തോഷം നമ്മുടെ മക്കൾക്കും അച്ഛനമ്മമാർക്കും കൂടപ്പിറപ്പുകൾക്കും എല്ലാം കൊടുക്കാൻ കഴിയും. നമ്മൾ ഈശ്വരനെ ഓർത്തുകൊണ്ട് നീങ്ങണം. ജീവിത പങ്കാളിയെ ആത്മാർത്ഥമായി സ്നേഹിക്കുക. പാപങ്ങൾ ചെയ്തു കൂട്ടിയാൽ ഏതെങ്കിലും തരത്തിൽ ഈശ്വരൻ ഉത്തരം പറയിപ്പിക്കും എന്ന് മറക്കാതിരിക്കുക. നല്ല പ്രവൃത്തികൾക്കെ ഈശ്വരന്റെ മുന്നിൽ സ്ഥാനമുള്ളു.

ഒരു കുടുംബമായാൽ പല വിട്ടുവീഴ്ചകളും വേണം. കുടുംബ ഭദ്രതയ്ക്കുവേണ്ടി ദുർമാർഗ്ഗങ്ങൾ നമ്മൾ ഉപേക്ഷിക്കണം. ഏത് അന്യായവും നാളെ തെളിയും. അതുകൊണ്ട് ഏതൊക്കെയോ തെറ്റായ മാർഗ്ഗത്തിൽകൂടി സ്വീകരുക്കുന്ന ഏതു ആനന്ദവും താൽക്കാലികമാണെന്ന് മനസ്സിലാക്കണം. ചീത്ത വഴികൾ ദുഃഖമാണ് തരുന്നത്. ആനന്ദം അനുഭവിക്കേണ്ടത് നല്ല പ്രവൃത്തിയിൽ കൂടിയായിരിക്കണം. ഓരോ വ്യക്തിയും ആരാണ് എന്ന ഓർമ്മ വിടാതെ മനുഷ്യരോട് സ്നേഹത്തോടേ പെരുമാറുക, നമ്മളാൽ കഴിയുന്ന ഉപകാരങ്ങൾ പരസ്പരം ചെയ്യുക, അന്യോന്യം മനസ്സിലാക്കുക, ഇതെല്ലാം ആനന്ദമാണ്. ഏറ്റവും വലിയ ആനന്ദം ഈശ്വരചിന്തയാണ്. അത് മനസ്സിലാക്കാൻ കുറച്ചു വിഷമമാണ്. നമ്മുടെ ഉള്ളിൽ എപ്പോഴും ശാന്തത ഉണ്ടാവുന്നത് നല്ലതാണ്. ശാന്തത കിട്ടാൻ ഒരു കാര്യം മനസ്സിലാക്കണം. എല്ലാം ഈശ്വരനിശ്ചയംപോലെ മാത്രമെ നടക്കൂ എന്ന സത്യത്തിൽ ഉറച്ചു വിശ്വസിക്കുക നമുക്ക് തെറ്റുപറ്റിയിട്ടില്ലെങ്കിൽ വിഷമിക്കേണ്ടി വരില്ല. ഇനി തെറ്റുപറ്റിയാലും ഈശ്വരനെ പ്രാർത്ഥിച്ച് തെറ്റുകൾ ആവർത്തിക്കാതിരിക്കുക. നമ്മൾ ചെയ്യുന്നത് ശരിയാണെന്ന് തോന്നിയാൽ പോരാ ശരിയായിരിക്കണം.

നമ്മുടെ മനസ്സ് നിഷ്കളങ്കമായിരിക്കണം. അതിന് നിഷ്പക്ഷമായി ചിന്തിക്കാൻ കഴിഞ്ഞാൽ നിഷ്കളങ്കത വരും. ഇവിടെ ഒന്നും തെറ്റുല്ല. എങ്കിലും പ്രവൃത്തി ചെയ്യുന്ന ആളിന്റെ സാഹചര്യം അനുസരിച്ച് കാര്യങ്ങൾ തെറ്റും ശരിയുമായി വരുന്നു. ജീവിത പങ്കാളികളിൽ ഒരാൾ തെറ്റ് ചെയ്യുമ്പോൾ ഇതേ തെറ്റ് മറ്റേ ആളും ചെയ്താലുണ്ടാകുന്ന അവസ്ഥ ആലോചിക്കുമ്പോൾ രണ്ടുപേർക്കും നേർവഴിയിൽ ജീവിക്കാൻ പറ്റും. കളങ്ക മനോഭാവം വന്നാൽ ഈശ്വരകൃപ ഉണ്ടാവില്ല. മനഃശക്തി കൂടുതൽ സ്ത്രി കൾക്കാണ്. മസ്സിൽ ശക്തി പുരുഷനും. അതുകൊണ്ട് കുടുംബസമാധാനത്തിനുവേണ്ടി സ്ത്രികൾ മുന്നോട്ട് വരണം. സ്ത്രീകളാണ് ആദ്യം നേർവഴിയിൽ വരേണ്ടത്. ഈശ്വരന്റെ ഒരു ഉപകരണം മാത്രമാണ് മനുഷ്യനും മറ്റെല്ലാ ജീവജാലങ്ങളും എന്ന് മനസ്സിലാക്കുക.

***

****

(പേജ് 28ന്റെ തുടർച്ച)

അവൾ വേച്ചുവേച്ച്, കൂനിക്കൂനി വന്ന് എന്റെ കാൽക്കൽ വീണു.

എന്റെ വളർത്തമ്മ!

എന്റെ നന്മയാഗ്രഹിച്ചവൾ!

ഞാനവളെ പതുക്കെ എഴുന്നേൽപ്പിച്ചു. ഒരു ശബ്ദം പോലും കേൾപ്പിക്കാതെ എന്റെ കെട്ടിലേക്ക് കൊണ്ടുപോയി. പിന്നെ, ആരുടേയും കണ്ണിൽപ്പെടാതെ കുറെക്കാലം അവൾ അവിടെ ഉണ്ടായിരുന്നു. എന്നെപ്പോലും ശ്രദ്ധിക്കാനാവാത്ത ഞാൻ, പിന്നീട് അവൾക്കെത്തുപറ്റി എന്നൊന്നും അറിഞ്ഞില്ല.

ഒരിക്കലും അമ്മയുടെ ആഗ്രഹം സാധിപ്പിക്കുകയില്ല എന്ന വാശിയായിരുന്നു എന്റെ മകന്. ആ ഉണ്ണി അഭിഷേകത്തിനു വഴങ്ങിയില്ല.

(തുടരും)

# ആത്മാനം ചേൽ വിജാനീയാത്

## സി. നാരായണൻ

*( ഒന്നാം ഭാഗം തുടർച്ച )*

**വേ**ദം മറ്റു ജ്ഞാനസാധനങ്ങളെ പോലെ, വെറേയൊന്നുകൊണ്ടും വെളിവാകാത്ത അറിവിനു മാത്രമാണ് പ്രമാണം. ഉദാഹരണത്തിനു വേദത്തിൽ ഒരിടത്തു 'ഘൃതേന ജുഹുയാത്' എന്നു പറയുന്നുണ്ട്. അതിനർത്ഥം നറുനെയ് ഹോമിക്കുക എന്നാണ്. പക്ഷേ, വേദം നറുനെയ്യിനെ വെളിപ്പെടുത്തുന്ന പ്രമാണമല്ല. എന്നാൽ ആ പ്രത്യേക യാഗത്തിൽ നറുനെയ്യാണ് ഇന്ന ദേവതയ്ക്ക് ഇത്ര തവണ ഹോമിക്കേണ്ടത് എന്ന കാര്യത്തിനു വേദം മാത്രമാണ് പ്രമാണം. അതുപോലെ വേദം ഇഷ്ടികയ്ക്ക് പ്രമാണമല്ല, എന്നാൽ ഒരു പ്രത്യേകയജ്ഞത്തിന്റെ ഹോമകുണ്ഡത്തിനു എത്ര ഇഷ്ടിക എങ്ങിനെ വിന്യസിക്കണമെന്നതിനു പ്രമാണമായുള്ളത് വേദം മാത്രമാണ്.

ചിലർ പറയാറുണ്ട്, വേദം ശാസ്ത്രമാണെന്ന്. അതുകൊണ്ടു കെമിസ്ട്രി ഫിസിക്സ് എന്നിവ പോലെയുള്ള ഒരു ശാസ്ത്രമാണ് വേദം എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതബദ്ധമാണ്. അങ്ങിനെ പറയുന്ന പക്ഷം ആധുനികശാസ്ത്രം വേദത്തിനേക്കാൾ മികച്ചതാണെന്നു പറയേണ്ടി വരും. വേദത്തിന്റെ കാലത്തിൽ ജീവിച്ചിരുന്നവർക്ക് ഇന്നത്തെ സങ്കീർണങ്ങളായ ഉപകരണങ്ങളുടെ സഹായമില്ലാതെ തന്നെ പലതും അറിഞ്ഞിരുന്നു എന്ന വസ്തുത അത്ഭുതകരം തന്നെയാണെന്നിരിക്കാം. പക്ഷേ, ആധുനികശാസ്ത്രജ്ഞനു തീർച്ചയായും അവരേക്കാൾ കൂടുതൽ രസതന്ത്രവും ബോട്ടണിയും അറിയാം. വേദം ശാസ്ത്രമല്ല, പ്രമാണമാണ്. അത് വേറെയൊരു ജ്ഞാനസാധനത്താലും പ്രാപ്യമല്ലാത്ത അറിവിനുള്ള സാമഗ്രിയാണ്. എല്ലാ പ്രമാണത്തേയും പോലെ വേദത്തിനും അതിന്റേതായ മേഖലയുണ്ട്. അതു മറ്റൊരു പ്രമാണത്താൽ നിരാകരിക്കത്തക്കതുമല്ല. എല്ലാത്തിനുമുപരിയായി, വേദത്തിലൂടെ മാത്രമേ നമുക്ക് ബ്രഹ്മത്തെക്കുറിച്ചറിയാനൊക്കൂ. ബ്രഹ്മം ഇന്ദ്രിയാതീതമാണ്. വേദത്തിന്റെ തത്ത്വങ്ങൾ പ്രതിപാദിക്കപ്പെടുന്ന അതിന്റെ ഉത്തമഭാഗം എന്നർത്ഥം വരുന്ന വേദാന്തത്തിലാണ് ബ്രഹ്മത്തെക്കുറിച്ചുള്ള പ്രതിപാദ്യം. വേദാന്തത്തെ ഉപനിഷത്തുകൾ എന്നും പറയും.

'സദ്' എന്ന ധാതുവിനോട് 'ഉപ' എന്നും 'നി' എന്നുമുള്ള ഉപസർഗങ്ങൾ ചേരുമ്പോളാണ് 'ഉപനിഷദ്' എന്ന വാക്കുണ്ടാവുന്നത്. സദ്ന് വിസരണം, ഗമനം, അവസാദനം എന്നീ അർത്ഥങ്ങളുണ്ട്. വിസരണമെന്നാൽ ശോഷിപ്പിക്കുക എന്നും, ഗമനം എന്നാൽ എത്തിച്ചേരുക എന്നും അവസാദനം എന്നാൽ നശിപ്പിക്കുക എന്നും അർത്ഥം പറയാം.

'ഉപ' എന്ന വാക്കിനു സമീപം എന്നാണർത്ഥം. നമുക്ക് ഏറ്റവും അടുത്തു കിടക്കുന്നത് ഞാൻ എന്ന സത്തയാണല്ലോ. ബ്രഹ്മം എന്നു പറയുന്ന പരമോത്ക്കൃഷ്ട സത്യം, 'എല്ലാവരുടേയും ഞാനാ'ണെന്നാണ് ഉപനിഷദ് ഉത്ഘോഷിക്കുന്നത്. ഉപനി ഷദ് ഒരു പ്രമാണമായതിനാൽ നിരാകരിക്കത്തക്കതല്ല. ഒരു വസ്തുവിന്റെ നിറം നീലയാണെന്നു കണ്ണുകൾ നിർണ്ണയിക്കുമ്പോൾ നാമതിനെ ശരിയെന്നംഗീകരിക്കുന്നു.

'നി' എന്ന ഉപസർഗം നിശ്ചയാത്മകതയെ സൂചിപ്പിക്കുന്നു. അതായത് ഉപനിഷദിലൂടെ കിട്ടുന്ന ജ്ഞാനം നിശ്ചയതരമായിരിക്കണം. കാണുന്ന മാത്രയിൽ തന്നെ നാം നീല എന്ന നിറത്തിന്റെ സ്വരൂപം അറിയുന്നു. എന്നാൽ, ബ്രഹ്മം അങ്ങിനെയായ ഒന്നല്ല. ഉപനിഷദ്, ഞാൻ ബ്രഹ്മമാണന്നു വെളിപ്പെടുത്തുമ്പോൾ ഞാൻ എന്റെ ഉള്ളിലേക്കു നോക്കി 'ഞാൻ' എന്ന സത്ത ഗോചരമാകുന്ന മാത്രയിൽ 'ഇതാണു ബ്രഹ്മം' എന്നറിയുന്നില്ല. ആ വസ്തുത പ്രകാശിതമാവാൻ എനിക്ക് ഉപനിഷദ് ഉപദേശിക്കുന്ന മാർഗ്ഗത്തിൽ വേദവാക്യങ്ങളെ അർത്ഥവിചാരം ചെയ്യേണ്ടതുണ്ട് അങ്ങിനെ ചിന്തനത്തിലൂടെ കിട്ടുന്ന വെളിപാട് നിശ്ചയരൂപത്തിലുള്ളതും സംശയാതീതവുമായിരിക്കും. അത് എനിക്ക് സ്വന്തമാക്കാൻ കഴിയും.

പാരമാർത്ഥികം, വ്യാവഹാരികം, പ്രാതിഭാസികം എന്നിങ്ങനെ സത്യം മൂന്നുതരത്തിൽ വേദ്യമാണ്. ഇവയിൽ ഉപനിഷദിന്റെ പ്രതിപാദ്യവിഷയം പാരമാർത്ഥിക സത്യമാണ്. പ്രാതിഭാസികം എന്ന വാക്കിൽ നിന്നു തന്നെ , അതു വെറും തോന്നലുകളാണെന്നു വ്യക്തമാണല്ലോ. വ്യാവഹാരികവും അങ്ങിനെ തന്നെ.

അതിനും, യഥാർത്ഥത്തിലുള്ള സത്തയില്ല. ലോകത്തിൽ വ്യവഹരിക്കാൻ, സൃഷ്ടമായ ലോകത്തിന്റെ ഭാഗമായ വസ്തുക്കൾ ഉണ്ടായേ പറ്റൂ. അതുകൊണ്ട് ജഗത്തിനേയും ജഗത്തിനെ നില നിർത്തുന്ന തത്ത്വങ്ങളേയുമാണ് വ്യാവഹാരിക സത്യമെന്നു പറയുന്നത്. അവയറിയാൻ വേറെ പ്രമാണമുള്ളതിനാൽ വേദം അവക്കു പ്രമാണമല്ല.

ഉപനിഷദ് പാരമാർത്ഥിക സത്യത്തെ വെളിപ്പെടുത്തുന്ന പ്രമാണമാണെന്നു പറഞ്ഞുവല്ലോ. അത് യഥാർത്ഥത്തിൽ ഞാനാരാണെന്നു എന്നെ ബോധിപ്പിക്കുന്നു എന്നതാണ് അതിന്റെ പരമപ്രാധാന്യം.

സാങ്കേതിക പദമുപയോഗിച്ചാൽ അത് എന്റെ പരമാർത്ഥസത്യം എനിക്കു വെളിപ്പെടുത്തി തരുന്നു. അതിനേക്കാൾ മഹത്തരമായി വേറെയെന്തുണ്ടാവാനാണ്. ഞാൻ ഇത്ര നാൾ കരുതിയിരുന്ന നിസ്സാരത്വമല്ല എന്റെ സത്യാവസ്ഥ. ഞാൻ ആനന്ദസ്വരൂപനാണ് എന്നെനിക്ക് ബോധ്യമാവുമ്പോൾ അതുവരെ എനിക്കുണ്ടായിരുന്ന എല്ലാ പരിമിതികളും ദുഃഖങ്ങളും നിശ്ശേഷം വേരോടെ നശിക്കപ്പെടുന്നു. ആ നശിക്കപ്പെടലാണ് 'സദ്' ധാതുവിന്റെ അർത്ഥം

ഉപ + നി + സദ്. എന്നതിൽ സന്ധി നിയമമനുസരിച്ച് സദ്, ഷദ് ആയിത്തീരുന്നു

പ്രമാണം പ്രവർത്തിക്കുമ്പോൾ വെളിപ്പെടുന്ന പ്രമ, പ്രമാതാവിന്റേതാണ്. പ്രമാതാവാണ് ജ്ഞാനസാധനങ്ങളായ പ്രമാണങ്ങളെ ആയുധമാക്കി, 'പ്രമ' സമ്പാദിക്കുന്നത്. പ്രത്യക്ഷ പ്രമാണത്താൽ പ്രമേയത്തിന്റെ വ്യാവഹാരികമായ സത്യാവസ്ഥ അറിയാം. എന്നാൽ പ്രമാതാവിന്റെ സത്യാവസ്ഥയോ? പ്രമാതാവിനു പാരമാർത്ഥികമായ സത്യത്വമില്ല. അത് പ്രമാതാവിന്റെ ഇടയ്ക്കുള്ള ആവിർഭാവത്തിൽ നിന്നും തിരോധാനത്തിൽ നിന്നും നമുക്കു മനസ്സിലാക്കാം. പാരമാർത്ഥികമായ സത്യത്തിനു ഒരിക്കലും 'ഇല്ല' എന്ന അവസ്ഥയില്ല.

'നാഭാവോ വിദ്യതേ സതഃ.' എന്നാൽ പ്രമാതാ, സുഷുപ്തിയിൽ ലഭ്യമല്ല. അതിന്റെ സ്വപ്നത്തിലെ ലഭ്യതയും വേറെ രൂപത്തിലാണ്.

ഉപനിഷദിലൂടെ കണ്ടെത്തേണ്ടത് പ്രമാതാവ് ബ്രഹ്മം തന്നെയാണെന്നാണ്. അതായത് മറ്റുള്ള പ്രമാണങ്ങളുടേതു പോലെയല്ല വേദാന്ത പ്രമാണത്തിന്റെ പ്രവർത്തനം. പ്രമാതാവ് ഒരു കുടത്തെ 'ഇത് ഒരു കുടമാണ്' എന്നറിയുന്ന പോലെ ബ്രഹ്മത്തെ 'ഇത് ബ്രഹ്മമാണ്' എന്നറിയില്ല. പ്രമാതാവിനു തന്റെ പ്രമാതൃത്വം നിലനിർത്തികൊണ്ടു ബ്രഹ്മത്തെ അറിയാൻ കഴിയില്ല. കാരണം, പ്രമാതാ ബ്രഹ്മം തന്നെയാണ്. ആ സത്യമാണ് ഉപനിഷദിലൂടെ അറിയേണ്ടതും. അപ്പോൾ പ്രമാതാവ്, ആലങ്കാരികമായി പറഞ്ഞാൽ ബ്രഹ്മത്തിൽ ലയിക്കുന്നു. അത് സ്വർണ്ണവളയിലെ വള, സ്വർണ്ണത്തിൽ ലയിക്കുന്നതു പോലെയാണ്. പ്രമാതാവ് തനിക്ക് ബ്രഹ്മത്തിൽ നിന്നു വേറിട്ടു തനതായ ഒരസ്തിത്വമില്ലെന്നു തിരിച്ചറിയുന്നു.

ഇനി ആദ്യം പറഞ്ഞ ഉപനിഷദ് മന്ത്രമെന്തെന്നു നോക്കാം

'ആത്മാനം ചേദ് വിജാനീയാത്
അയമസ്മി ഇതി പൂരുഷഃ
കിമിച്ഛൻ കസ്യ കാമായ
ശരീരമനസജ്വരേത്'

ഒരു ശ്ലോകത്തിനെ ഗദ്യരൂപത്തിലാക്കിയാൽ അതിന്റെ അർത്ഥമറിയാൻ എളുപ്പമായിരിക്കും. ഈ ശ്ലോകത്തിന്റെ അന്വയം

ഇങ്ങനെയാണ് :

പൂരഷഃ ആത്മാനം അയം അസ്മി ഇതി വിജാനീയാത് ചേൽ കിംഇച്ഛൻ കസ്യ കാമായ ശരീരം അനുസജ്വരേത്

'പുരുഷൻ ആത്മാവിനെ ഇവൻ ഞാനാകുന്നുവെന്ന് അറിഞ്ഞാൽ, എന്തിനെ ഇച്ഛിച്ചുകൊണ്ട് ആരുടെ ആഗ്രഹപൂർത്തീകരണത്തിനായി പിന്നെ അവൻ ശരീരതാപം അനുഭവിക്കും'

ശ്രുതിയിലെ വാക്കുകൾ സംസാരഭാഷയിൽ ഉപയോഗിക്കപ്പെടുന്നതു പോലെയല്ല. അവയ്ക്ക് സന്ദർഭമനുസരിച്ച് എന്തർത്ഥമാണ് ലക്ഷ്യമാക്കിയിട്ടുള്ളതെന്ന് അറിയണം. അതിനു പണ്ഡിതന്മാർ എന്താണ് പറഞ്ഞിട്ടുള്ളത് എന്നന്വേഷിക്കയേ കരണീയമായുള്ളൂ. നമുക്ക് ഈ മന്ത്രത്തിലെ ഓരോ പദങ്ങളേയും ഒന്നു പരിശോധിക്കാം

പുരുഷൻ, ക്ഷേത്രജ്ഞൻ, ജീവൻ എന്നീ ശബ്ദങ്ങളെല്ലാം ഒരേ തത്ത്വത്തിന്റെ പര്യായങ്ങളാണ്. സച്ചിദാനന്ദബ്രഹ്മത്തിന്റെ പ്രതിബിംബത്തോടും സത്വരജസ്തമോഗുണാത്മികവുമായ പ്രകൃതി, ഗുണങ്ങളുടെ ഉള്ളടക്കമനുസരിച്ച് രണ്ടു തരത്തിലുണ്ട്. സത്വഗുണം ശരീരമായതിനെ മായയെന്നും, രജതമോഗുണങ്ങൾ പ്രമുഖമായിരിക്കുന്നതിനെ അവിദ്യ എന്നും പറയുന്നു. ഇതിൽ മായയിലുള്ള ചൈതന്യപ്രതിബിംബം ഈശ്വരനും അവിദ്യയിലുള്ള പ്രതിബിംബം ജീവനുമാണ്. ഈശ്വരന്റെ ഉപാധി ശുദ്ധസത്വസ്വരൂ

പിണിയായ മായയായതിനാൽ ഈശ്വരനു താൻ ബ്രഹ്മമാണെന്ന അറിവിനു ന്യൂന തയില്ല. ഈശ്വരനു മായ വശംവദയുമാണ്. എന്നാൽ ജീവൻ എന്ന പുരുഷന്റെ അവസ്ഥ അതല്ല. അവിദ്യയിലെ തമോഗുണം അവന്റെ സ്വരൂപമായ ബ്രഹ്മതത്ത്വത്തെ അവനിൽ നിന്നു മറയ്ക്കുന്നു. രജോഗുണമാകട്ടെ, താൻ നിസ്സാഹയനും അല്പശക്തിമാനും ജനനമരണങ്ങൾക്ക് പാത്രീഭൂതനാണെന്നുമൊക്കയുള്ള വിക്ഷേപം ജനിപ്പിക്കയും ചെയ്യുന്നു. വേറെ തരത്തിൽ പറഞ്ഞാൽ ഈശ്വരനും ജീവനും അടിസ്ഥാനപരമായി ബ്രഹ്മചൈതന്യം തന്നെയാണ്. അവർക്കു തമ്മിൽ ഉപാധികൾക്കേ വ്യത്യാസമുള്ളൂ.

വേറെ വാക്കുകളിൽ പറയുകയാണെങ്കിൽ, അസംഗനും ചൈതന്യമാത്രസ്വരൂപനുമായ ആത്മാവ്, അവിദ്യയുടെ കാര്യമായ ബുദ്ധിയിൽ പ്രതിബിംബിക്കുമ്പോളുണ്ടാവുന്ന തത്ത്വത്തെയാണ് ചിദാഭാസൻ എന്നും ജീവൻ എന്നും പറയുന്നത്. ഈ ചിദാഭാസൻ അന്തഃകരണധർമ്മങ്ങളെ ആത്മാവിലും ആത്മധർമ്മങ്ങളെ ജഡമായ അന്തഃകരണത്തിലും തെറ്റായി ആരോപിക്കുന്നു. അങ്ങിനെയാണ് ജീവൻ എന്ന മിത്ഥ്യാസത്തയുണ്ടായത്. അത് സ്ഥൂലശരീരത്തിലും അന്തഃകരണത്തിലും ഞാനെന്ന ആത്മബുദ്ധി വെച്ച് അവയുടെ ജാഡ്യം, വികാരം, നാശം എന്നിവ തന്റേതായി കാണുന്നു. അതു കൊണ്ടു അവൻ ദുഃഖിതനും ഭീതിതനുമാണ്. അവന്റെ ആ അവസ്ഥയെയാണ് സംസാരമെന്നു പറയുന്നത്.

പുരത്തിൽ ആവിഷ്ഠനായ സത്ത എന്ന അർത്ഥത്തിലാണല്ലോ പുരഷൻ എന്നു പറയുത്. 'സ വാ അയം പുരുഷഃ സർവാസു പൂർഷു പുരിശയഃ'

ഇതേ അർത്ഥത്തിലാണ് ഭഗവാൻ ഗീതയിൽ

'ഇദം ശരീരം കൗന്തേയ
ക്ഷേത്രമത്യഭിതീയതേ
ഏതത് യോ വേത്തി തം
പ്രാഹുഃ ക്ഷേത്രജ്ഞ ഇതി തദ്വിദഃ

ഉപദ്രവങ്ങളിൽ നിന്നു രക്ഷിക്കുന്നതിനാലും, നാശമുള്ളതിനാലും, അപക്ഷയമുള്ളതിനാലും, വിളഭൂമി പോലെ കർമ്മഫലങ്ങൾ ഉണ്ടാവുന്നതിനാലുമാണ് ക്ഷേത്രമെന്ന നാമത്തിനു പാത്രമായത്. ക്ഷേത്രത്തെ ഭഗവാൻ വിശദീകരിക്കുന്നു

'മഹാഭൂതാന്യഹംകാരോ
ബുദ്ധിരവ്യക്തമേവ ച
ഇന്ദ്രിയാണി ദശൈകം ച
പഞ്ച ചേന്ദ്രിയഗോചരാഃ
ഇച്ഛാ ദ്വേഷഃ സുഖം ദുഃഖം
സംഘാതശ്ചേതനാ ധൃതിഃ
ഏതൽ ക്ഷേത്രംസമാസേന
സവികാരനുദാഹൃതം

ആകാശാദി പഞ്ചമഹാഭൂതങ്ങൾ, അഹംകാരതത്ത്വം, മഹത്തത്ത്വം, മൂലപ്രകൃതി, ജ്ഞാനകർമേന്ദ്രിയങ്ങൾ പത്ത്, മനസ്സോ ഇന്ദ്രിയങ്ങൾക്ക് വിഷയങ്ങളായ ശബ്ദസ്പർശരൂപരസഗന്ധങ്ങൾ അഞ്ച്, ഇച്ഛാ, ദ്വേഷം, സുഖം, ദുഃഖം, ശരീരം, ജ്ഞാനാത്മകമായ മനോവൃത്തി ധൈര്യം എന്നിങ്ങനെ സംക്ഷേപമായി പറയപ്പെട്ടു.

മഹാഭൂതങ്ങൾ എന്ന പ്രയോഗം കൊണ്ട് അവയുടെ പഞ്ചീകരണത്തിനു മുമ്പുള്ള തന്മാത്രകൾ എന്നാണ് അർത്ഥമെടുക്കേണ്ടത്. അതേപോലെ ചേതന എന്നതു കൊണ്ട്, ആത്മചൈതന്യം ഉൾക്കൊള്ളുന്ന ബുദ്ധിവൃത്തിയെയാണുദ്ദേശിക്കുന്നത്. ഈ പദാർത്ഥങ്ങളെല്ലാം അവിദ്യയിൽ നിന്നാണ് ഉത്ഭവിച്ചിട്ടുള്ളത്.

വിദ്യാരണ്യമുനി ഇങ്ങനെ പറയുന്നു
'തമപ്രധാനപ്രകൃതേ തൽഭോഗായേ
ശ്വരാജ്ഞയാ
വിയൽപവനതേജോംബുഭവോ
ഭൂതാനി ജജ്ഞിരേ '

ജീവന്മാരുടെ കർമ്മഫലഭുക്തിക്കുവേണ്ടി ഈശ്വരൻ അവിദ്യയെത്തന്നെ ഈ ക്ഷണത്താൽ പഞ്ചഭൂതങ്ങളാക്കി തീർത്തു. ഈ പഞ്ചീകൃതവും അപഞ്ചീകൃതവുമായ പഞ്ചഭൂതങ്ങളാണ് സൂക്ഷ്മ സ്ഥൂലങ്ങളായ ശരീരങ്ങളുടെ ഉപാദാനം ഇവയിൽ ക്ഷേത്രം ജഡവും ക്ഷേത്രജ്ഞൻ ചൈതന്യ വുമാണ് എന്നു പറഞ്ഞുവല്ലോ. ജ്ഞേയവും ജ്ഞാതാവും ഒരിക്കലും ഒന്നായിരിക്കില്ല. അവിദ്യയാൽ ക്ഷേത്രധർമ്മങ്ങൾ ക്ഷേത്രജ്ഞനിൽ ആരോപിക്കപ്പെടുന്നു. നിർമ്മലനും ശുദ്ധ ചൈതന്യവുമായ ആത്മാവാണ് സത്യത്തിൽ ക്ഷേത്രജ്ഞൻ. എന്നാൽ അവിദ്യ ഹേതുവായി ക്ഷേത്രധർമ്മങ്ങൾ അവനിൽ ആരോപിക്കപ്പെട്ടു. അവ തന്റേതാണെന്നു ജീവനെന്ന ക്ഷേത്രജ്ഞൻ ഭ്രമിക്കുന്നു. ഇങ്ങനെ അത്മാവിൽ അടിച്ചേൽപ്പിക്കപ്പെട്ട മിത്ഥ്യയായ ജീവത്വം സമ്യക് ജ്ഞാനം കൊണ്ടു നീങ്ങും. അതു കൊണ്ട് അവന്റെ പ്രയത്നം അതിനു വേണ്ടിയാവണം

( തുടരും )

******

# ശുഭദിനം

ജി. മാധവൻ നായർ

**നാ**ടാകെ മഹാമാരിയുടെ സംഹാര താണ്ഡവത്തിലാണ്. ഭരണാധികാരികൾ നിയന്ത്രണങ്ങൾ കടുപ്പിച്ചതോടെ, വീടിനു പുറത്തിറങ്ങാൻ പറ്റാത്ത സ്ഥിതിയായിരിക്കുന്നു. ചിട്ടപ്പടി നടത്തേണ്ട പതിവു കാര്യങ്ങളെല്ലാം അവതാളത്തിലായി. മുഖംമൂടി അണിഞ്ഞില്ലെങ്കിലും, മൂക്കും, വായും കെട്ടിയിട്ടാണ് നടപ്പ്. വീടിനുള്ളിൽ, ഏകാന്തതയിൽ അങ്ങിനെ കഴിയുമ്പോഴാണ്,അതിരാവിലെ ഒരു ഫോൺ വിളി ഉണ്ടായത്. എടുത്തു നോക്കുമ്പോൾ, സമീപത്ത് തന്നെയുള്ള ഒരിടത്തുനിന്നാണ്. പണ്ട് ജോലിയിലിരിയ്ക്കുമ്പോൾ കൂടെ ജോലിചെയ്തിരുന്ന ഒരു കീഴ്ജീവനക്കാരനാണ്. മകളുടെ വിവാഹമാണ്. മഹാരോഗ നിയന്ത്രണങ്ങൾ, നിലവിലുള്ളതിനാൽ ചുരുങ്ങിയ ആളുകളെ മാത്രമേ വിളിക്കുന്നുള്ളൂ എന്നാദ്യമേ പറഞ്ഞു. അതിൽ ഒഴിവാക്കുവാൻ പറ്റാത്ത ഒരാളായതിനാലാണ് ക്ഷണനം. അത് കൊണ്ട് നിർത്തിയില്ല. ഒരേ വകുപ്പിലായിരുന്ന അയാളുടെ ഭാര്യയും, സംസാരിച്ചു. മഹനീയ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു എന്നൊരു വാക്ക്.

ഗൃഹത്തിൽ നിന്നും, വെളിയിലേക്കിറങ്ങാൻ പ്രതിബന്ധങ്ങൾ ഏറെയുണ്ട്. എന്നിരുന്നാലും ഗതകാലസ്മരണകൾ ഉണർത്തുന്ന പലതും സംഭവിച്ച കാലയളവിൽ, സത്യസന്ധമായി, കൂടെ നിന്ന സഹപ്രവർത്തരായതിനാൽ ഒഴിവാക്കാൻ കഴിയുമായിരുന്നില്ല. അവരോട് എത്തിച്ചേരാൻ പരമാവധി പരിശ്രമിക്കാമെന്ന് പറഞ്ഞ്. സംസാരം അവസാനിപ്പിച്ചു.

ഇനിയിപ്പോൾ, ദിനചര്യയിലേക്ക് കടക്കാൻ ഉണർവ്വായി. തൊടിയിൽ വച്ചിട്ടുള്ള ചട്ടികളിൽ വളർത്തുന്ന ചെടികൾക്ക് വെള്ളമൊഴിക്കണം. അതിൽ പൂച്ചെടികൾ കൂടാതെ പ്ലാസ്റ്റിക്ക് സഞ്ചികളിൽ വളരുന്ന പച്ചക്കറികളുടെ ഒരു കൂട്ടം കൂടിയുണ്ടായിരുന്നു. ചീരയും, അച്ചിങ്ങപ്പയറും, മുളകും, വെണ്ടയും, പാവലും, തക്കാളിയുമൊക്കെ വളർന്ന്, കായ്ക്കാൻ തുടങ്ങിയിരിക്കുന്നു. രാസവളപ്രയോഗം നിർത്തിയിട്ട് ജൈവവളം പ്രയോഗിച്ചിട്ടും കാര്യമായ വളർച്ച കാണുന്നില്ല.

പുരയിടത്തിന്റെ ഒരു മൂലയിൽ നില്ക്കുന്ന പുളിമരത്തിൽ നിന്നും ധാരാളം കായ്കൾ വീണു കിടക്കുന്നു. ഇനി അത് പെറുക്കി എടുക്കണം. പണ്ടൊക്കെ കുട്ടികൾ അത് സന്തോഷത്തോടെ നിർവ്വഹിച്ചിരുന്ന ഒരു കാര്യമാണ്. ഇപ്പോൾ അതിനാളില്ല. വൃദ്ധരായ രണ്ടുപേർ മാത്രമുള്ള ഈ വീട്ടിൽ മറ്റൊരു വഴിയില്ല.

മുത്തച്ഛൻമാവിൻെറ മുകളിൽ പൂക്കൾ വീണു തുടങ്ങിയിരിക്കുന്നു. കണ്ണിമാങ്ങകൾ, കുറച്ച് താഴെ കിടക്കുന്നത്, പെറുക്കി എടുത്ത് കൈകളിൽ സൂക്ഷിച്ചിരുന്ന സഞ്ചിയ്ക്കുള്ളിലാക്കി. ഏറെ കുനിയാൻ സാധിക്കാത്തതിനാൽ ചിലതുപേക്ഷിക്കേണ്ടി വന്നു. ആ കുഞ്ഞൻ മാങ്ങ ഉപ്പിലിട്ടുണ്ടാക്കുന്ന രുചി ഇപ്പോഴും നാവിൻതുമ്പത്ത് തങ്ങിനില്ക്കുന്നു.

പറമ്പിൽ കുറച്ച് വാഴകളുണ്ട്. അത് കുലച്ചോ എന്ന് നോക്കിയിട്ട് തെങ്ങിൻ ചുവട്ടിലേക്ക് പോകണം. മൂന്ന് വൃക്ഷങ്ങൾ മാത്രമേയുള്ളൂ എങ്കിലും വീട്ടാവശ്യം നിറവേറ്റാം. താഴെ കിടന്നിരുന്ന രണ്ടു, മൂന്നു തേങ്ങകൾ ഇനി വന്നെടുക്കണം.

ആളോഹരി വീതം വച്ച്, ശുഷ്ക്കിച്ചു പോയ പുരയിടത്തിന്റെ തൊട്ടടുത്തു തന്നെ

അടുത്ത ബന്ധുക്കൾ താമസിക്കുന്നുണ്ട്. മഹാമാരിയുടെ അതിപ്രസരത്തിൽ, ആരും പരസ്പരം ഗൃഹസന്ദർശനം നടത്താറില്ല. അപൂർവ്വമായി ചിലരെ വഴിയിലൂടെ പോകുന്നത് കാണാറുണ്ട്. ഇപ്പോൾ ഫോണിൽ കൂടി മാത്രം, അത്യാവശ്യസന്ദർഭങ്ങളിൽ വിവരങ്ങളറിയുന്നു.

അന്നത്തെ ചുറ്റുപാടു പരിശോധനയെല്ലാം കഴിഞ്ഞ് പൂമുഖത്തെത്തി. ചെരിപ്പുകൾ ഊരിയിട്ട്, അവിടെ പടികൾക്ക് സമീപത്തു തന്നെയുള്ള ടാപ്പ് തുറന്ന്, കാലുകൾ വൃത്തിയായി കഴുകി. കൈയ്യിൽ വെള്ളമെടുത്ത് മുഖം നന്നായി നനച്ച് തോളത്തിട്ടിരുന്ന തോർത്തു കൊണ്ടു തുടച്ചു. ആയാസ്സത്തോടെ അകത്തേക്കു കടന്നു.

അന്നത്തെ ദിനപത്രം താഴെ കിടന്നിരുന്നതെടുത്ത് നിവർത്തി തലക്കെട്ടുകൾ ഓടിച്ചു നോക്കി. ഇനി ചായ കുടി കഴിഞ്ഞ് പൂർണ്ണമായി വായിക്കാം. അതിനിടെ, അകത്തുനിന്നും വിളിവന്നു. ചായ തയ്യാറാക്കിയിട്ടുണ്ട്. എന്നുള്ളതിന്റെ ധർമ്മദാരങ്ങളുടെ അറിയിപ്പാണ് അങ്ങോട്ട് ചെന്ന് നോക്കി. തീൻമേശപ്പുറത്ത് ആവി പറക്കുന്ന പാനീയം. നല്ല ചൂടുണ്ടെങ്കിലും മെല്ലെ കയ്യിലെടുത്ത് ചുണ്ടോടടുപ്പിച്ചു.

ഇനി ശുചിമുറിയിലേക്കാണ് പ്രവേശനം അവിടെ പ്രഭാതകർമ്മങ്ങളെല്ലാം നിർവ്വഹിച്ച് പൂമുഖത്ത് വന്ന്, ചാരുകസേരയിലിരുന്ന് പത്രം തീവ്രതയോടെ തന്നെ വായന ആരംഭിച്ചു. പകർച്ചവ്യാധി പടർന്നതോടെ പത്രത്താളുകൾ ചുരുങ്ങി. വാർത്താവിവരണം കാര്യമാത്രം പ്രസക്തമായി. പരസ്യങ്ങളും കുറഞ്ഞു.

പ്രഭാതഭക്ഷണത്തിനു സഹധർമ്മിണി വന്നു വിളിക്കുമ്പോൾ എട്ടുമണി കഴിഞ്ഞു. രണ്ടുപേരും ഒന്നിച്ചിരുന്ന് അത് കഴിച്ചശേഷം തളത്തിൽ വന്നിരുന്ന് ഫോണെടുത്തു അന്നത്തെ വാട്ട്സ്ആപ്പ് സന്ദേശങ്ങൾ പരിശോധിച്ചു. തലേന്നത്തെ, പലതും മാച്ചുകളഞ്ഞശേഷം, പുതിയ ദിവസത്തേ അറിയിപ്പുകളിലേക്ക് ശ്രദ്ധ തിരിച്ചു. കൂടുതലും വിവരങ്ങൾ കൈമാറുന്ന, ഒരുത്തമസുഹൃത്തായി മൊബൈൽ ഫോൺ മാറിയിരിക്കുന്നു.

പിറ്റേ ദിവസം പോകേണ്ടുന്ന വിവാഹാഘോഷത്തിലേക്ക് ചിന്തിച്ചുകൊണ്ട് ചാരുകസ്സേരയിൽ കിടന്ന് ഒന്നു മയങ്ങിപ്പോയി. പറന്നു പോയകാലങ്ങളുടെ സ്മരണകൾ ഉണർത്തുന്ന കിനാവുകൾ മനസ്സിലേക്ക് ഒഴുകി വരുന്നു. കൃത്യമായ ഒരു ചിത്രം വരുന്നതിനു മുൻപ് ജീവിതപങ്കാളിയുടെ വിളികേട്ട് ഞെട്ടിയുണർന്നു. അമ്പലമടയ്ക്കുന്നതിനു മുൻപ് ദർശനം നടത്തുന്നതിലേക്കുള്ള മുന്നറിയിപ്പാണത്.

ദ്രുതഗതിയിൽ, ശുഭ്രവസ്ത്രധാരണം നടത്തി. തൊട്ടടുത്തുള്ള ക്ഷേത്രത്തിലേക്ക് പോകുവാൻ തയ്യാറായപ്പോൾ വീണ്ടും മണിമുഴക്കം, പഴയ സുഹൃത്താണ്. അടുത്ത ദിവസം നടക്കുന്ന കല്യാണത്തിനു പോകുന്നുണ്ടോ എന്നറിയുവാനാണ്. ഉണ്ടെന്നും അവിടെ കാണാമെന്നുള്ള മറുപടിയോടെ ഫോൺ താഴെ വച്ച് മെല്ലെ അമ്പലത്തിലേക്കു നടന്നു.

സമുദായസംഘടനയിലെ ചില നേതാക്കളും അപൂർവ്വം അയൽവാസികളും മാത്രമേ ഇപ്പോൾ ആരാധനാലയത്തിൽ എത്താറുള്ളൂ. മാരകമായ രോഗം പടർന്നു പിടിച്ചതോടെ, ഭക്തന്മാരുടെ അസാന്നിദ്ധ്യവും, അതിനാൽ വരവും നന്നേ കുറഞ്ഞു. ക്ഷേത്രചിലവുകൾക്ക് വഹ കണ്ടെത്താൻ ഭാരവാഹികൾ ഏറെ ക്ലേശിച്ചു.

തൊഴലും പ്രാർത്ഥനയുമെല്ലാം കഴിഞ്ഞ് അല്പസമയം ചിലരോട് സംസാരിച്ച് വീട്ടിൽ തിരിച്ചെത്തി. ഇനി കുറച്ചു നേരം ടി.വി. എന്ന വിഡ്ഢിപ്പെട്ടി കുടി നോക്കാം. അടുത്ത് ഇറങ്ങിയ ഒരു മലയാള പടം പ്രൈമിൽ വന്നതറിഞ്ഞ് അത് കാണാനായി ചാനൽ തയ്യാറാക്കി വച്ചു. അടുക്കളയിലെ പണി ഒതുക്കി ഭാര്യയോടു പടം കാണാൻ ക്ഷണിച്ചു. സന്തോഷഭരിതയായി അവരുടനെതന്നെ

എത്തി. രണ്ടുപേരും അടുത്തടുത്തിരുന്ന് ചിത്രം കണ്ടു കഴിഞ്ഞപ്പോഴേയ്ക്കും ഉച്ചയായി. ഇനി ഊണ് കഴിച്ചിട്ടൊരല്പനേരം മയങ്ങണം. അത് പൂർണ്ണമായി യോജിച്ചുകൊണ്ട് ഭാര്യ അതിവേഗത്തിൽ തീൻമേശയിൽ സാധനങ്ങളൊരുക്കി.

ഉച്ചയൂണ് കഴിഞ്ഞാൽ പെട്ടെന്ന് തന്നെ കട്ടിലിൽ കയറുന്നത് പണ്ടേ ഒരു ശീലമാണ്. അത് ഇന്നും തുടരുന്നു. പക്ഷേ അധികം നേരം ഉറങ്ങാറില്ല. മൂന്നു മണിക്ക് മുൻപുണരും. അപ്പോഴേക്കും ചായയുമായി വാമഭാഗമെത്തും അതങ്ങിനെ നുണഞ്ഞിരിക്കുമ്പോൾ ഫോണിൽ ഒരു വിളി പണ്ടത്തെ മറ്റൊരു സ്നേഹിതനാണ്. അടുത്ത ദിവസം നടത്താനിരിക്കുന്ന മംഗല്യത്തിനു വരുന്നുണ്ടോ എന്നന്വേഷിക്കുവാനാണ്. തീർച്ചയായും എത്തുമെന്ന് പറഞ്ഞു. കൂടുതൽ ലൗകികതയിലേക്ക് കടക്കാതെ സംസാരം അവസാനിപ്പിച്ചു.

വൈകുന്നേരം വെയിലാറിയ ശേഷം വീട്ടീന്ന് വെളിയിലിറങ്ങിയുള്ള നടപ്പ് നിർത്തിയിട്ട് ദിവസങ്ങളായി. മാരകമായ അസുഖം വ്യാപകമായി പടരുന്നതോടെ സാമൂഹ്യ നിയന്ത്രണങ്ങൾ കർശനമായി പാലിക്കാൻ നിർബ്ബന്ധിതനായി. സുഹൃത്തുക്കൾ വല്ലപ്പോഴും ഫോണിൽ ബന്ധപ്പെടുന്നതൊഴിച്ചാൽ ബാഹ്യലോകവുമായിട്ടുള്ള സമ്പർക്കത്തിന് താത്ക്കാലിമായിട്ടെങ്കിലും പൂട്ടു വീണു.

സന്ധ്യാവന്ദനം നടത്തി, കുറച്ചു നേരം ടിവി പ്രവർത്തിപ്പിച്ച് വാർത്തകളും മറ്റും കേട്ടതോടെ അത്താഴത്തിനുള്ള സമയമായി. അത് കഴിച്ചു കഴിഞ്ഞാൽ പിന്നേ ഏറെ നേരം പിടിച്ചു നില്ക്കുവാൻ കഴിയില്ല. കിടക്കയിൽ വീണുകഴിഞ്ഞാൽ ഉറക്കം ഓടിയെത്തും. ഇന്നിപ്പോൾ പിറ്റേന്നത്തെ വിവാഹത്തെപറ്റിയായിരുന്നു ചിന്ത. കൂട്ടത്തിൽ പലതുമാലോചിച്ച് സുഷ്പ്തിയിലേക്ക് പോയതെപ്പോഴാണെന്ന് അറിയില്ല.

*****

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## ജനുവരി – ഫെബ്രുവരി

| | | | | |
|---|---|---|---|---|
| 1. | 15-01-2023 | ഞായർ | സാംസ്കാരിക വേദി – അയ്യപ്പഭക്തിഗാനങ്ങൾ | 4.00 pm |
| 2. | 24-01-2023 | ചൊവ്വ | ബീം – ഭരതനാട്യം | 6.30 pm |
| 3. | 28-01-2023 | ശനി | പൈതൃകം – വി.എൻ വേണുഗോപാൽ സംസാരിക്കുന്നു | 5.00 pm |
| 3. | 14-01-2023<br>21-01-2023<br>28-01-2023<br>04-02-2023 | ശനി | വേദാന്ത പഠന ക്ലാസ്സ് – ശ്രീമദ് ഭഗവത്ഗീത – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 4. | 11-01-2023<br>18-01-2023<br>25-01-2023<br>01-02-2023<br>08-02-2023 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m. - 4.00 p.m. |
| 5. | 12-01-2023<br>19-01-2023<br>26-01-2023<br>02-02-2023<br>09-02-2023 | വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |

# ഈശ്വരൻ നമ്മളിൽ

വി.കെ. വേണുഗോപാൽ - 9287349876

**ഈ** പ്രപഞ്ച മുഴുവൻ നിറഞ്ഞു നിൽക്കുന്ന പരമാത്മാവും നമ്മുടെ ശരീരം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ആത്മാവും എനർജിയാണ്. ഈശ്വരൻ പോസിറ്റീവ് എനർജിയാണ്. പോസിറ്റീവ് നിറഞ്ഞു നിൽക്കുകയും അവ നമ്മളിലേക്ക് ചൊരിയുകയും ചെയ്യുന്ന ദേവന്മാരെയും ദേവതമാരെയും നാം ഈശ്വരനായി ആരാധിക്കുന്നു. പോസിറ്റീവ് എനർജി പ്രപഞ്ചത്തിലെ എല്ലാത്തിനെയും സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. അതെ സമയം നെഗറ്റീവ് എനർജി വിനാശം ഉണ്ടാക്കുന്നു. പൂജകൾ നടന്നുകൊണ്ടിരിക്കുകയും മന്ത്രങ്ങൾ ചൊല്ലികൊണ്ടിരിക്കുകയും ചെയ്യുന്നതിനാൽ ക്ഷേത്രങ്ങളിൽ ഈശ്വര ചൈതന്യം നിറഞ്ഞു നിൽക്കുന്നു. ഒരാൾ ക്ഷേത്രത്തിൽ പ്രാർത്ഥിക്കുമ്പോൾ പരമാത്മാവും അയാളിലെ ആത്മാവും ഒന്നാവുകയാണ് ചെയ്യുന്നത്. ആ സമയത്ത് എന്തു ചോദിച്ചാലും കിട്ടുകയും ചെയ്യും. നമ്മൾ ആഗ്രഹിക്കുന്നതും നമ്മൾ ചോദിക്കുന്നതുമാണ് നമുക്ക് കിട്ടുന്നത്. പോസിറ്റീവ് എനർജി പ്രകാശമുള്ളതാണ്. വാഹനത്തിന് ബ്രേക്ക് എന്നതു പോലെ നമുക്കും അല്പം നെഗറ്റീവ് എനർജി ആവശ്യമാണ്.

ചില ദേവന്മാരുടെയും ചില ദേവിമാരുടെയും ചുറ്റും ഒരു പ്രകാശവലയം ചിത്രീകരിച്ചിരിക്കുന്നത് നാം കാണാറുണ്ട്. അതുപോലെയുള്ള ചെറിയ ഒരു അദൃശമായ പ്രകാശവലയം എല്ലാ മനുഷ്യരുടെയും ചുറ്റും ഉണ്ടെന്നും ദിവ്യന്മാരായ മനുഷ്യരുടേയും ചുറ്റുമുള്ള ഈ പ്രകാശവലയം വളരെ വലുതും ശക്തവുമാണെന്നും ശാസ്ത്രീയമായി കണ്ടെത്തിയിട്ടുണ്ട്. റെയ്ക്കിയിൽ ഈ പ്രകാശവലയത്തെ ഓറ (aura) എന്നു പറയുന്നു. ഒരാളിൽ സ്നേഹം എന്ന വികാരം വർദ്ധിക്കുന്നതിനനുസരിച്ച് അയാൾ മനസ്സു കൊണ്ടും, വാക്കു കൊണ്ടും പ്രവർത്തി കൊണ്ടും മറ്റു മനുഷ്യർക്കും ജീവികൾക്കും, സസ്യങ്ങൾക്കും പ്രകൃതിയിലെ മറ്റു ജീവനില്ലാത്ത വസ്തുകൾക്കും സ്നേഹം കൊടുത്തു കൊണ്ടിരിക്കും. ജീവനില്ലാത്തവയെ സ്നേഹിക്കാൻ കാരണം ജീവനില്ലാത്ത ഭക്ഷണം, വീട്, വാഹനം മുതലായ എണ്ണമറ്റവസ്തുക്കൾ ആ ആളെ ജീവിക്കാൻ ഒരുപാട് സഹായിക്കുന്നു എന്ന അറിവാണ്. അതിന്റെ എല്ലാം ഫലമായി ആ ആളിന് ചുറ്റും രൂപപ്പെടുന്ന ഈ പ്രകാശവലയം Electromagnetic Field ആണെന്നും ഈ പ്രകാശവലയത്തിന് തങ്ങൾ ആഗ്രഹിക്കുന്നവയെ തങ്ങളിലേക്ക് ആകർഷിക്കുന്നതിനുള്ള മാഗ്നെറ്റിക്ക് പവർ ഉണ്ട് എന്നും കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള ആൾ ആ ആളിന്റെ ലക്ഷ്യങ്ങളെ വ്യക്തമായി സങ്കൽപ്പിക്കുകയും അതിനെ സ്നേഹിക്കുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ആ ലക്ഷ്യത്തിലേയ്ക്ക് വളരെ വേഗത്തിൽ അടുക്കുന്നു. ഒരാളിലെ ഈ രീതിയിലുള്ള സ്നേഹം കൂടുന്നതിനനുസരിച്ച് ആ ആളിലെ ഓറ ശക്തിപ്പെട്ടുകൊണ്ടിരിക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള ആൾ പോകുന്നിടത്തെല്ലാം ഈ അദൃശ്യ പ്രകാശവലയവും ആ ആളിനു ചുറ്റും ഉണ്ടായിരിക്കുകയും ചെയ്യും. പല സാധാരണക്കാരും അറിഞ്ഞോ അറിയാതെയോ ഈ രീതിയിൽ ഐശ്വര്യവും, സമ്പത്തും ഉന്നത സ്ഥാനങ്ങളും നേടുന്നുണ്ട്. ഈ പ്രപഞ്ചത്തിലെ

ശക്തമായതും വിലപ്പെട്ടതുമായ ഊർജ്ജം ഏററവും സ്നേഹമാണെന്നും അതുപയോഗിച്ച് വേണ്ടതെല്ലാം നമുക്ക് നേടാമെന്നു നാം അറിയണം. നമ്മൾ അറിഞ്ഞോ അറിയാതെയോ പ്രയോഗിക്കുന്ന നെഗറ്റീവ് എനർജി നമ്മളിലേക്ക് വരേണ്ട നന്മകളെ ബ്ലോക്ക് ചെയ്യാറുണ്ട്. ഈ പ്രപഞ്ചത്തിലെ എല്ലാ എനർജിയും പ്രവഹിക്കുന്നവയാണ്. സ്നേഹത്തിന്റെ പ്രവാഹം ശക്തമാകുമ്പോൾ നെഗറ്റീവ് എനർജി ഉണ്ടാക്കാനിടയുള്ള ബ്ലോക്ക്സ് ഇല്ലാതാവുകയും ചെയ്യുന്നു. വിമർശനം, കുറ്റപ്പെടുത്തൽ, മുതലായവയും നമ്മളിലേയ്ക്കു വരേണ്ട നന്മകളെ തടയുന്നവ തന്നെയാണ്. നമ്മുടെ സങ്കൽപ്പങ്ങളെ യഥാർത്ഥ്യമാക്കുന്ന ഈ ലോകത്ത് നമുക്ക് വേണ്ടതെല്ലാം ഉണ്ട്. നമ്മുടെ പ്രവർത്തിയുടെ എല്ലാം ലക്ഷ്യം സന്തോഷം ആയിരിക്കണം.

സന്തോഷത്തിലേക്കുള്ള ഗെയിറ്റിന്റെ താക്കോൽ സ്നേഹം ആണ്. നമ്മളിലെ സ്നേഹം വർദ്ധിക്കുന്നതിനനുസരിച്ച് നമ്മുടെ സന്തോഷവും വർദ്ധിക്കും. നമുക്കു ചുറ്റുമുള്ള വസ്തുക്കളെയും, മനുഷ്യരെയും നാം അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന ശീലം നമുക്കു വേണം. മറ്റുള്ളവർക്കുവേണ്ടി ചെയ്യുന്ന ത്യാഗം സ്നേഹത്തിന്റെ മറ്റൊരു പ്രകടനമാണ്. അതേ സമയം നമ്മുടെ മനസ്സിനെ നമ്മുടെ ലക്ഷ്യത്തിലേയ്ക്കു നയിക്കാതിരുന്നാൽ നമ്മുടെ മനസ്സ് തന്നെ നമ്മേ ദോഷകരമായ ദിശയിലേയ്ക്ക് കൊണ്ടുപോകും. ഓരോ ദിവസവും നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ഓരോന്നിനും നന്ദി പറയും തോറും അവ ധാരാളമായി കിട്ടി കൊണ്ടിരിക്കും. നന്ദി പ്രകടനം സ്നേഹപ്രകടനത്തിന്റ മറ്റൊരു രീതിയാണ്. രോഗത്തെ പറ്റി പറയാതെ ആരോഗ്യത്തെ പറ്റി പറയും തോറും ആരോഗ്യം വർദ്ധിച്ചു കൊണ്ടിരിക്കും.

നമ്മുടെ ജീവിതത്തിൽ നാം കൊടുക്കുന്നതിനേക്കാൾ കൂടുതലാണ് നമ്മുക്ക് കിട്ടികൊണ്ടിരിക്കുന്നത്. ഉദാഹരണത്തിനു ഒരു മാവിൻ തൈ നമ്മൾ നട്ടു വെള്ളമൊഴിച്ചു കൊണ്ടിരുന്നാൽ കുറച്ചു നാൾ കൊണ്ട് അത് വളർന്ന് വലുതായി മരമായി തണലും ഓരോ വർഷവും എണ്ണമറ്റ മാമ്പഴങ്ങളും തന്നു കൊണ്ടേയിരിക്കും. ചിലപ്പോൾ പല തലമുറകളോളം തന്നെ മാമ്പഴം കിട്ടികൊണ്ടിരിക്കും. പക്ഷികൾക്കോ മനുഷ്യർക്കോ എത്ര വേണമെങ്കിലും ഭക്ഷിക്കാം. കൃഷിയുടെ മഹത്വവും അതാണ്. നാം ചെയ്യുന്ന എല്ലാ പ്രവർത്തിയുടെയും ഫലം ഇതു പോലെയാണ്. മറ്റുള്ളവരോട് ദയ കാണിക്കുന്നതും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതും, മറ്റുള്ളവരെ സഹായിക്കുന്നതും സ്നേഹപ്രകടനം തന്നയാണ്. ഈ രീതിയിൽ നമ്മുടെ വ്യക്തിത്വത്തെ വികസിപ്പിച്ചെടുത്താൽ നമുക്ക് ഒരു മാഗ്നെറ്റിക്ക് പെഴ്സൻ ആകാൻ സാധിക്കും. നമുക്കു പറയാനുള്ളത് പറയുന്ന ശീലവും നമുക്കു വേണം. നമ്മൾ നമ്മളിൽ ജീവിക്കണം. പല കുടുംബത്തിനും കഷ്ടതകളും ദുരിതങ്ങളും ഉണ്ടാകുന്നത് സ്വാർത്ഥത, സങ്കുചിത മനോഭാവം എന്നു തുടങ്ങുന്ന അനവധി നെഗറ്റീവ് എനർജി സ്വഭാവത്തിലും പ്രവർത്തിയിലും വർദ്ധിക്കുന്നത് കൊണ്ടാണ്. ഇങ്ങനെയുള്ള ചിലർ ധാരാളം പണം മുടക്കി പൂജകളും വഴിപാടുകളും നടത്തി അവരുടെ കഷ്ടതകൾ മാറ്റാൻ ശ്രമിക്കാറുണ്ട്. അത് കൊണ്ട് ഒന്നും അവരിലെ ദോഷം മാറാനിടയില്ല. മറ്റു ചിലർ സ്വന്തം ജീവിതത്തിൽ സന്തോഷിക്കാൻ ഒന്നുമില്ലെങ്കിലും വളരെയധികം സന്തോഷവും സ്നേഹവും പ്രകടിപ്പിച്ച് നടക്കാറുണ്ട്. നെഗറ്റീവിനെയും പോസിറ്റീവ് ആയി എടുക്കുന്നത് കൊണ്ടാണ് അവർക്ക് അത് സാധിക്കുന്നത്. നേട്ടങ്ങൾ ഉണ്ടാക്കുന്നതും ഇങ്ങനെ ഉള്ളവരാണ്. കാരണം നെഗറ്റീവിന്റെ ബ്ലോക്കുകൾ അവർക്കുണ്ടാകാറില്ല.

നമ്മൾ ഈ പ്രപഞ്ചത്തിലെ പല വസ്തുക്കളുടെയും കൈവശക്കാർ മാത്രമാണ്.ന

മുക്ക് സങ്കൽപ്പിക്കാൻ പോലും പറ്റാത്ത വിധത്തിലുള്ള മാറ്റങ്ങളാണ് നമ്മുടെ നാട്ടിൽ നടന്നു കൊണ്ടിരിക്കുന്നത്. ആമ പ്രതികൂല സാഹചര്യത്തിൽ തലയും കൈകളും കാലുകളും ഉള്ളിലേയ്ക്ക് വലിച്ച് സുരക്ഷിതമാകുന്നത് പോലെ നമ്മളും സ്വയം സുരക്ഷിതരാകേണ്ട സമയമായിരിക്കയാണ്. പരമാത്മാവായ ഈശ്വരൻ പ്രപഞ്ചത്തിൽ വെറും പൂജ്യമായി നിലക്കൊള്ളുന്നതു പോലെ ശരീരധാരികളായ ആത്മാക്കളായ നമ്മളും പൂജ്യമായി തീരേണ്ട സമയമായിരിക്കയാണ്. സന്യാസിമാർ ഈ രീതിയിൽ ആത്മാവിനേയും പരമാത്മാവിനെയും ഒന്നാക്കുകയാണ് ചെയ്യുന്നത്. അപ്പോൾ ഈശ്വരന്റെ സംരക്ഷണം ശക്തമാകുന്നു. മനുഷ്യന് ഈശ്വരനോട് വേണ്ട സ്നേഹമാണ് ഏറ്റവും വലിയ സ്നേഹം. നമ്മുടെ നല്ല ജീവിതത്തിനാവശ്യമായ അറിവുകൾ നമ്മളിലേയ്ക്കു വരാതിരിക്കുകയും നമ്മുടെ സ്വന്തം ജീവിതത്തിലും ജോലി സ്ഥലത്തും ആവശ്യമില്ലാത്തതും മനസ്സിനെ വഴി തെറ്റിക്കുന്നതും മാനസിക സംഘർഷം ഉണ്ടാക്കുന്നതുമായ അറിവുകൾ നമ്മളിലേയ്ക്ക് ധാരാളമായി വന്നു കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ നമുക്കാവശ്യമുള്ള അറിവിനെ മാത്രം നാം സ്വീകരിക്കുന്ന ഒരു ശീലം നമുക്കുണ്ടായിരിക്കേണ്ടതുണ്ട്.

*****


## എറണാകുളം കരയോഗാംഗത്വമെടുക്കൂ
## സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 0484 2361160**


## 2022 ഡിസംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ഇന്ദ്രൻ നായർ**
L/2282 SRA 33
ക്രഷ് റോഡ്, വാഴക്കാല,
തൃക്കാക്കര



**കെ. രാമചന്ദ്രൻ നായർ**
L/2339, രമ്യ 39/2882
ദിവാൻസ് റോഡ്
കൊച്ചി - 16.



**ഗോവിന്ദമേനോൻ**
L/1761, വീണ
സെന്റ്മാർട്ടിൻ റോഡ്
പാലാരിവട്ടം



**മോഹൻ കെ.**
L/1829, ബൈജു നിവാസ്
LIG 109
ജഡ്ജസ് അവന്യൂ
കലൂർ, കൊച്ചി - 682017



**ശങ്കരനാരായണൻ നായർ**
L/2814, ഗായത്രി
H. No x160
CSEZ P.O.,
കൊച്ചി - 682037

# ഉത്സവ കേളി

എസ്. ശരത്കുമാർ -നെടുങ്ങാടി

തിരുവാതിരക്കാറാടും ദേവന്
ഉത്ത്യട്ടാതിയിൽ കൊടിയേറ്റ്
ആദ്യം ദേവൻ താളക്കാരൻ
നന്ദിയിരിക്കും ധ്വജപ്രതിഷ്ഠാദിനം
പിന്നെ വരും ദ്വിദ്ദിനങ്ങളിലായി
ബ്രഹ്മ, പരി കലശാദികളാടി
കളത്രപുത്രാഭൂതഗണങ്ങളുമായി
അതിപ്രസന്നൻ ദേവാദിദേവൻ
പ്രശസ്തരവർ വിദ്വൽ സംഘം
കേൾവി കാഴ്ച വിരുന്നായി
നാട്യ നൃത്ത നൃത്ത്യ പരമ്പര-
ഗാനാലാപന മധുരങ്ങളും,
വാദ്യഘോഷങ്ങളോടെ നിത്യം
അലംകൃതരാം ഗജവീരന്മാരും
നിരുപമാലങ്കാര പ്രഭയിൽ മുങ്ങും
ക്ഷേത്രം ശോഭിതമാവുമ്പോൾ
ദേവൻതൻ തിരുമുമ്പിലണിചേരും
പരിസഹസ്രം ഭക്താവലിയും
ഏകമനസ്സായ് ചെയ്യും സേവനമല്ലോ
ദേവൻ തൻ പരമാനന്ദം
ഓരോ ഭക്തനോടൊപ്പമിരുന്ന്
പ്രസാദഅന്നം ഭുജിച്ച് ദേവൻ
നിർവൃതികൊള്ളും നിമിഷങ്ങൾ
അനന്തനാലും അവർണ്ണനീയം
പതിനൊന്നുനാളായ് ഘോഷിക്കും
ആനന്ദോത്സവ ദിനങ്ങൾ നിത്യം
പാത്രീഭൂതരാവൂ സർവ്വരും
ദിവ്യാനുഗ്രഹം നേടീടാൻ
താമസമെന്തിനി എത്തീടാൻ
വിളംബമരുതേ അണിചേരാൻ
അപരാധങ്ങൾ പൊറുക്കാൻ
മുക്തിലഭിക്കാൻ പ്രാർത്ഥിച്ചിടാം
ക്ഷിപ്രപ്രസാദി കിരാതമൂർത്തേ
ഭഗവാനേ! എറണാകുളത്തപ്പാ!
അറിവില്ലാ പൈതങ്ങൾ ഞങ്ങൾ
കനിവിനായ് കൈകൂപ്പി കാത്തുനിൽപ്പൂ.

***

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2022 ഡിസംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | പി.വി. അമ്മിണികുട്ടിയുടെ സ്മരണയ്ക്ക് സഹോദരിയുടെ പുത്രിമാർ സുമ. ആർ, ഉമ. ആർ എന്നിവർ കരയോഗത്തിലെ മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിന് വേണ്ടി പാലിയേറ്റീവ്കേയറിൽ ഒരു റൂം തയ്യാറാക്കുന്നതിനു നൽകിയ സംഭാവന | 12,42,888/- |
| 2. | ശാരദാ ജഗദീഷ്, ശരണ്യ, ചിറ്റൂർ റോഡ്, കൊച്ചി 18 | 1,00,000/- |
| 3. | ഡോ. ശേഖർ വാര്യർ, നെറ്റീപ്പാടം, വാര്യംറോഡ്, കൊച്ചി - 16 | 25,000/- |
| 4. | ടി.എൻ.ടി. നായർ, 15, കൈരളി അപ്പാർട്ട്മെന്റ്സ്, പനമ്പള്ളിനഗർ, കൊച്ചി - 36 | 25,000/- |
| 5. | നന്ദകുമാർ. ജി., ഹരിശ്രീ, സ്വർഗ്ഗംറോഡ്, ദേശം പി.ഒ., ആലുവ-683102 | 22,760/- |
| 6. | സുമ. ആർ, ആന്റ് ഉമ. ആർ. | 10,000/- |
| 7. | ലക്ഷ്മി, തെക്കേടത്ത്, ദിവാൻസ് റോഡ്, കൊച്ചി - 16 | 10,000/- |
| 8. | കെ.ടി. മോഹനൻ, പ്രിയദർശിനി, 59/550, ചിറ്റൂർ റോഡ്, കൊച്ചി - 682035 | 10,000/- |
| 9. | നന്ദകുമാർ സി. കൊത്തേരി വീട്, വടുതല, കൊച്ചി - 23 | 5,000/- |
| 10. | രാമചന്ദ്രൻ. പി., B/8, Galaxy Wingate, Aryapadam, Perandoor Road, Kaloor - 17 | 5,000/- |
| 11. | രാധ ഇ.കെ. XL/6717, Narakathara Road | 5,000/- |

**16/01/23 മുതൽ 17/02/23 വരെ**

# മാസഫലം

മകരമാസഫലം

# ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 8848036518, 9645683491

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യപാദം) വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും സമ്മിശ്ര ഫലാനുഭവമായിരിക്കും. സുഹൃത്തുക്കൾ മുഖാന്തരം വിജയം വരിക്കും. വിവാഹ കാര്യത്തിൽ തീരുമാനമാകാതെ നീണ്ടുപോകും. അടിവയർ ഭാഗത്ത് വേദനയും അസ്വസ്ഥതയും അനുഭവപ്പെടാം. തലനാരിഴക്ക് ഭാഗ്യം നഷ്ടപ്പെടും. ദോഷങ്ങൾക്ക് പരിഹാരമായി ദേവീക്ഷേത്ര ദർശനവും മന്ത്രജപവും നടത്തണം. ജനുവരി 18,19 ദിവസങ്ങൾ അത്ര അനുകൂലമായിരിക്കില്ല.



ഇടവക്കൂർ (കാർത്തിക അവസാന മൂന്നു ഭാഗം, രോഹിണി, മകീര്യം ആദ്യപകുതി) വിവാഹിതരാവാൻ ശ്രമിക്കുന്നവർക്ക് അനുകൂലമായ സാഹചര്യമാണ്. ധനപരമായ നേട്ടങ്ങൾ പ്രതീക്ഷിക്കാം. സന്താനങ്ങളുടെ വിജയത്തിൽ സന്തോഷം ലഭിക്കും. കർമ്മരംഗത്ത് ചില അസ്വസ്ഥതകൾ നേരിടേണ്ടിവരും. ഉദര രോഗവും പാദങ്ങളിൽ ഞരമ്പ് സംബന്ധമായ രോഗവും അലട്ടും ദോഷ പരിഹാരമായി ശ്രീകൃഷ്ണ പ്രീതികരമായ വഴിപാടുകളും മന്ത്രജപവും നടത്തണം. ജനുവരി 20,21 ദിവസങ്ങൾ പുതുസംരഭങ്ങൾക്ക് അനുകൂലമായിരിക്കില്ല.



മിഥുനക്കൂർ (മകീര്യം രണ്ടാം പകുതി തിരുവാതിര, പുണർതം അവസാന മൂന്ന് പാദം) വിവാഹിതരാവാൻ ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. കർമ്മരംഗത്ത് പരസ്പര മത്സരങ്ങൾ ഉണ്ടാവുമെങ്കിലും നേട്ടം ഉണ്ടാകും. വീട് പുതുക്കി പണിയാനോ മോടിപിടിപ്പിക്കാനോ സാധിക്കും. രോഗകാര്യത്തിനു വേണ്ടിയും ധനവ്യയം ഉണ്ടാകും. ശിവക്ഷേത്ര ദർശ്ശനവും ദേവപ്രീതിയും വരുത്തണം. ജനുവരി 22,23 ദിവസങ്ങൾ പൊതുവെ ഗുണകരമായിരിക്കില്ല.



കർക്കിടകക്കൂർ (പുണർതം അവസാന പാദം, പൂയ്യം, ആയില്യം) ഭൂസ്വത്തിൽ നിന്നും, കെട്ടിട വാടകയിനത്തിൽ നിന്നും ധനപരമായ നേട്ടങ്ങൾ പ്രതീക്ഷിക്കാം. കർമ്മരംഗത്തെ മന്ദത തുടരും. ചില ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം. ധനപരമായ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ സമാധാനം ലഭിക്കും. കുടുംബത്ത് കലഹങ്ങൾ ഉണ്ടാകാം. ദോഷപരിഹാരത്തിനായി സർപ്പപ്രീതി, ദേവീക്ഷേത്ര ദർശനം, നാമജപം എന്നിവ നടത്തുക. ജനുവരി 24,25 തീയതികൾ നല്ല കാര്യങ്ങളുടെ ആരംഭത്തിനായി സ്വീകരിക്കരുത്.



ചിങ്ങക്കൂർ (മകം, പൂരം, ഉത്രം ആദ്യപാദം ) ബുദ്ധിപരമായ കാര്യങ്ങളിൽ സംഘർഷം അനുഭവപ്പെടുമെങ്കിലും വിജയം കൈവരിക്കാൻ സാധിക്കും. എല്ലാകാര്യങ്ങൾക്കും കഠിന പരിശ്രമം ആവശ്യമായിരിക്കും. ഇടതു കണ്ണിനും ഉദരത്തിനും രോഗങ്ങൾ ഉണ്ടാവാം. തൊഴിൽ രംഗത്ത് കലഹങ്ങൾ പ്രതീക്ഷിക്കാം. ദോഷപരിഹാരമായി നാഗപ്രീതി, വിഷ്ണുക്ഷേത്ര ദർശനം, ദേവീ പ്രീതികരമായ മന്ത്രജപം എന്നിവ നടത്തുക. ജനുവരി 26,27 ദിവസങ്ങൾ പുതുസംരംഭങ്ങൾക്ക് അനുകൂലമായിരിക്കില്ല.



കന്നിക്കൂർ (ഉത്രം അവസാന മൂന്ന് പാദം, അത്തം, ചിത്തിര ആദ്യപകുതി) വിവാഹിതരാകാൻ ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. മാനസിക സംഘർഷം അലട്ടലുണ്ടാകും. അശ്രദ്ധമായ ചില പ്രവർത്തികൾ ചില നഷ്ടങ്ങൾക്ക് ഇടവരുത്തും. വീട് പുതുക്കി പണിയാൻ ശ്രമിക്കും. ഏതു കാര്യത്തിനിറങ്ങിയാലും ആദ്യം തടസ്സം അനുഭവപ്പെടും. ദോഷങ്ങൾ മാറാൻ ഒരു ഗണപതി ഹോമം ക്ഷേത്രത്തിൽ നടത്തുകയും ദേവപ്രീതി വരുത്തുകയും ചെയ്യുക.



തുലാക്കൂറ് (ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം അവസാന മൂന്ന് പാദം) അപ്രതീക്ഷിതമായി ചില ഭാഗ്യാനുഭവങ്ങൾ ബന്ധുജനങ്ങൾ മുഖേന ലഭിക്കും. മാസം ഗുണദോഷസമ്മിശ്രമായിരിക്കും. സുഹൃത്തുക്കൾ മൂലം സാമ്പത്തിക നഷ്ടം വരാതെ നോക്കണം. ശത്രുക്കൾ നിഷ്പ്രഭരാകും. കുടുംബത്തിൽ സാമ്പത്തിക കാര്യങ്ങളെ ചൊല്ലി കലഹം ഉണ്ടാകാം. ദേവീ പ്രീതികരങ്ങളായ വഴിപാ ടും നാമജപവും ക്ഷേത്രദർശനവും നടത്തി ദോഷശാന്തി വരുത്തണം. ജനുവരി 30,31 തീയതികൾ അനുകൂനമായിരിക്കില്ല.



വൃശ്ചികക്കൂർ (വിശാഖം അവസാന പാദം അനിഴം, തൃക്കേട്ട) വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല തീരുമാനങ്ങൾ ഉണ്ടാകും. മേലധികാരികളിൽ നിന്നും സഹായികളിൽ നിന്നും സഹായം പ്രതീക്ഷിക്കാം. സന്താനങ്ങൾക്ക് ഭാഗ്യാനുകൂല്യം ഉണ്ടാകും. സന്താന സൗഭാഗ്യത്തിനായി ശ്രമിക്കുന്നവർക്കും സന്തോഷം ലഭിക്കും. ഉദരരോഗം, പാദത്തിന് വേദന തുടങ്ങിയ പ്രശ്നങ്ങൾ അലട്ടും. ബന്ധുക്കൾ മുഖേന സാമ്പത്തിക നഷ്ടത്തിന് സാധ്യതയുണ്ട്. ഫെബ്രുവരി 2,3 തീയതികൾ ശുഭകരമല്ല



ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം ഒന്നാം പാദം ) ജീവിത പങ്കാളിയിൽ നിന്നും സഹായവും ബുദ്ധിപരമായ പിന്തുണയും ലഭിക്കും. വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല ഫലം ലഭിക്കും. വിദ്യാർത്ഥികൾക്ക് മികവ് പുലർത്താൻ സാധിക്കും. വീട് പുതുക്കിപണിയാനും വാഹനം വാങ്ങാനും ആഗ്രഹിക്കുന്നവർക്ക് അനുകൂല സാഹചര്യം ലഭിക്കും. ഉദരരോഗം പാദരോഗം എന്നിവ മൂലം പ്രയാസപ്പെടും. വൈഷ്ണ പ്രീതികരങ്ങളായ വഴിപാടുകളും നാമജപവും നടത്തുക. ഫെബ്രുവരി 4,5 തീയതികൾ ശുഭ കാര്യാരംഭത്തിന് സ്വീകരിക്കരുത്.



മകരക്കൂർ ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യപകുതി) സഹായകർ മൂലം ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. ഗൃഹനിർമ്മാണ പ്രവർത്തികൾക്ക് അപ്രതീക്ഷിതമായ തടസ്സങ്ങൾ ഉണ്ടാകും. പല പ്രധാന കാര്യങ്ങളിലും തീരുമാനമെടുക്കാൻ പറ്റാതെ വരും. ശത്രുകളും കള്ളന്മാരും മൂലം ധനനഷ്ടം വരാതെ ശ്രദ്ധിക്കണം. തൊഴിൽ രംഗത്തെ അഭിപ്രായ വ്യത്യാസങ്ങൾ രമ്യമായി പരിഹരിക്കണം. ശിവക്ഷേത്ര ദർശ്ശനവും നാമജപവും നടത്തണം. ഫെബ്രുവരി 7,8 ദിവസങ്ങൾ ശ്രദ്ധിക്കണം.



കുംഭക്കൂർ (അവിട്ടം അവസാന പകുതി, ചതയം, പൂരൂരുട്ടാതി ആദ്യ മൂന്ന് പാദം) വിദ്യാർത്ഥികൾക്ക് ഗുണാനുഭവങ്ങൾ ഉണ്ടാകും. കുടുംബ സ്വത്തിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം. തൊഴിൽ തർക്കങ്ങൾക്ക് രൂക്ഷമാകാനും കലഹങ്ങൾക്ക് ഇടവരാനും സാധ്യയുള്ളതിനാൽ തൊഴിൽ രംഗത്ത് ഉള്ളവരും തൊഴിൽ സ്ഥാപനം നടത്തുന്നവരും പ്രശ്നങ്ങൾ തുടക്കത്തിലേ തന്നെ രമ്യമായി പരിഹരിക്കാൻ ശ്രമിക്കണം. വൈഷ്ണവ പ്രീതികരങ്ങളായ മന്ത്രജപവും ക്ഷേത്രദർശനവും നടത്തണം.



മീനക്കൂർ (പൂരൂരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) സഹോദരസ്ഥാനീയരിൽ നിന്നും ഭാഗ്യാനുഭവങ്ങൾ ഉണ്ടാകാം. പ്രവൃത്തിഗുണം കൊണ്ട് ധനലാഭം ഉണ്ടാവും. തൊഴിലിൽ ബുദ്ധിപരമായ മികവ് പ്രകടിപ്പിക്കും. അപവാദം കേൾക്കാൻ സാധ്യത ഉള്ളതിനാൽ എല്ലാവരുമായി ഇടപ്പെടുമ്പോൾ സുതാര്യതയും കരുതലും വേണം. ഈഗോ പ്രശ്നം മൂലം മാനസിക സംഘർഷത്തിന് ഇടവരും. ഭദ്രകാളി പ്രീതിയും നാമജപവും നടത്തി ദോഷങ്ങൾ അകറ്റണം. ഫെബ്രുവരി 11,12 തീയതികൾ പൊതുവേ അനുകൂലമായിരിക്കുല്ല.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl, 26/5'3", Uthram, BCom, Diploma in Secretarial Course, P.A to Judge, High Court of Kerala Pref:- Empolyed , Mob:- 9446610278, 9446612814


Email: sudhareji10@gmail.com
Date of Birth: 02-04-1996 (5.25 pm)
Sishta Dasa:




Contact Address:
KN-43, KEERTHI NAGAR,
3rd CROSS ROAD,
ELAMAKKARA,
KOCHI- 682026

Nair Girl, 26/166 cm, Chithira, Fair, MSc. Chemistry, Working in a MNC, Pref: Any Professional dgree or Post graduate, Mob: 9447443626, 9995131163


Email:jayaneriyat@gmail.com
Date of Birth:29-05-1996 (4.32 pm)
Sishta Dasa: Kuja




Contact Address:
MR JAYAKUMAR
ERIAT FAMILY
MANJERI
MALAPPURAM - 676121

Nair Girl, 26/162cm, Uthradam, Fair, B.Tech Biomedical Engineering, Reserch & Development, Design Engineer in Banglore, Pref: Engineer, Other Professionals Mob: 9447043895, 8138831629

Email: bsreekumarlic@gmail.com
Date of Birth: 30-07-1996 (1.45 am)
Sishta Dasa: Ravi: 2-05-11





Contact Address:
MR. B.SREEKUMAR
H.NO.3/492 C PARVATHY
JOURNALIST NAGAR
THRIKKAKARA P O,
COCHIN - 682021

# വധുവിനെ ആവശ്യമുണ്ട്

Nair Boy, 31/172cm, Uthram, Wheatish, MBA, Business Managerin Pharma, Pref:-Diploma or above Mob:- 9167923891


Email: prabaljinu@gmail.com
Date of Birth: 23.05.1991(4.05am)
Sishta Dasa: Ravi, 2-9-16




Contact Address:
ANOOP BALAGOPAL
KOTTUVADATHU (H)
KEDAMANGALAM
N.PARAVOOR
ERNAKULAM - 683513

Nair Boy,29/173 cm,Chothi,Fair, B.Tech, Canada,Pref: BE/B.Tech/MBA/ ICWA,BSc Nurse, Mob: +919495012192, 919633687871

Email:sbsivadas1954@gmail.com
Date of Birth:01-06-1993(6.42pm)
Sishta Dasa:




Contact Address:
MR.S.B.SIVADAS
SIVAPARVATHY HOUSE
ULIYANNOOR P O
ALUVA
ERNAKULAM - 683108


## THOTTEKKATT DIWAN'S MEMMORIAL HALL

### ERNAKULAM KARAYOGAM

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com



# എറണാകുളം കരയോഗം 36-ാമത്

# ശ്രീമദ് ഭാഗവത സപ്താഹയജ്ഞം

**2023 ഫെബ്രുവരി 19 ഞായറാഴ്ച മുതൽ 26 ഞായറാഴ്ച വരെ**



എറണാകുളം കരയോഗം 36-ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം 2023 ഫെബ്രുവരി 19 ഞായറാഴ്ച മുതൽ 26 ഞായറാഴ്ച വരെ ടി.ഡി. എം ഹാളിൽ നടത്തപ്പെടുന്നു.

**യജ്ഞാചാര്യൻ**

**ഭാഗവതോത്തമൻ രാമചന്ദ്രൻ ആലപ്പാട്ട്**

**ഏവർക്കും സ്വാഗതം**



*ഉപനിഷദ് വിചാരയജ്ഞം കേരളഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. സോമരാജൻ ഉദ്ഘാടനം ചെയ്യുന്നു.*



*1198ലെ നാരായണീയ ദിനത്തിൽ (ഡിസംബർ 14) ടി.ഡി.എം. ഹാളിൽ നടന്ന നാരായണീയപാരായണത്തിൽ നിന്ന്*

DATE OF PUBLICATION: 10-01-2023

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 15 | Januvary 2023 | Issue No. 1

എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം
ജനുവരി മാസ പരിപാടി

## അയ്യപ്പഭക്തിഗാനങ്ങൾ

15-01-2023 ഞായറാഴ്ച വൈകുന്നേരം 4.00 ന്
ടി.ഡി.എം. ഹാളിൽ

ബീം
ജനുവരി മാസ പരിപാടി

## ഭരതനാട്യം

ഷഫീക്കുദീൻ ആന്റ് ഷബാന

24-01-2023 ചൊവ്വാഴ്ച വൈകുന്നേരം 6.15 ന്
ടി.ഡി.എം. ഹാളിൽ



എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിലെ **പൈതൃക മന്ദിരങ്ങൾ, പിന്നാമ്പുറങ്ങൾ** എന്ന വിഷയത്തെ അധികരിച്ച് ശ്രീ. വി.എൻ. വേണുഗോപാൽ സംസാരിക്കുന്നു.

പ്രാദേശിക ചരിത്രകാരൻ കേരള ഫൈൻ ആർട്ട്സ് സൊസൈറ്റി മുൻപ്രസിഡന്റ്, ചിന്മയാവിദ്യാലയ മാനേജിംങ്ങ് ട്രസ്റ്റി എന്നീ നിലകളിൽ സേവനമനുഷ്ടിച്ചിട്ടുള്ള അദ്ദേഹം കൊച്ചിയുടെ പൈതൃകം അദ്ദേഹത്തിന്റെ ഓർമ്മകളിലൂടെ പങ്കുവയ്ക്കുന്നു.

ജനുവരി 28-ാം തീയതി വൈകുന്നേരം 5 മണിക്ക് ടി.ഡി.എം. ഹാളിൽ വച്ച്.

ഏവർക്കും സ്വാഗതം

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.